VIVEKANANDA VIJAYAM, Pt. 4 RAMAN MENON

Δ 24-7M63
32F7.4

3 32F7.4
VEKANDA
MUL
089818

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number ~~A2-77~~ M63 32F74

Accession Number 89818

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| 31 DEC 1964 | | | |

O61

ബുക്ക് നമ്പ്ര 4.

ശ്രീ

# വിവേകാനന്ദവിജയം.

## സംഭാഷണങ്ങൾ.

പ്രസാധകൻ,

കെ. രാമൻ മേനോൻ.

പ്രസിദ്ധകർ,

എസ്. ററി. റെഡ്യാർ അൻഡ് സൺസ്,

വി. വി. പ്രസ്സ്—കൊല്ലം.

൧-ാം പതിപ്പു കാപ്പി—൫൦൦.

കാപ്പിറൈററു് പ്രസിദ്ധകരിൽ.

1102.

12 MAY 19
89818
DA47.M63
.32 F7.4



വിവേകാനന്ദസ്വാമികൾ.

12 MAY 19

2 MAY 19

# മുഖവുര.

"ശ്രീവിവേകാനന്ദവിജയം" ഗ്രന്ഥാവലിയുടെ നാലാമത്തെ പുസ്തകമാണിതു്. ഇതിൽ സ്വാമികളുടെ ഏതാനും സംഭാഷണങ്ങൾ അടങ്ങിയിരിക്കുന്നു.

പ്രസംഗങ്ങൾ പ്രസംഗകർത്താവിന്റെ ആശയങ്ങളെ തുറന്നു് കാണിക്കുന്നു. ലേഖനങ്ങളും ചെയ്യുന്നതു് അതു തന്നെയാണു്. കേൾക്കുന്നവർക്കോ വായിക്കുന്നവർക്കോ അവയിൽ വല്ല സംശയവും ജനിച്ചാൽ ആ സംശയത്തെ നിവർത്തിക്കുന്നതിന്നു് അവിടെ മാർഗ്ഗമില്ല. മററുള്ളവർക്കു് കർത്താവിന്റെ പിന്നാലെ പോകുകയേ തരമുള്ളൂ. കർത്താവു്, അദ്ദേഹം പ്രതിപാദിക്കുന്ന വിഷയത്തിൽ വിദഗ്ദ്ധനാകാതിരിക്കയില്ല. മററുള്ളവരുടെ സ്ഥിതിയെ ദൂരാവലോകനംചെയ്തു് തന്റെ പ്രസ്ഥാനത്തെ എത്രയൊക്കെ സാവധാനമാക്കിയാലും, ഏററവും സുഗമമായ മാർഗ്ഗത്തെ തിരഞ്ഞെടുത്താലും, പിന്നാലെ വരുന്നവർക്കെല്ലാം മുൻനടക്കുന്ന നായകനെ യഥാവിധി പിന്തുടരുവാൻ സാധിച്ചു എന്നു് വരികയില്ല. നടക്കുവാൻ കേവലം ശേഷിയില്ലാത്ത ശിശുക്കൾക്കും ആതുരന്മാർക്കും വേണ്ടി രാജപാതയിൽക്കൂടെ മാത്രം മന്ദമായി സഞ്ചാരംചെയ്തുകൊണ്ടിരുന്നാൽ ശേഷിയുള്ളവരും യുവാക്കന്മാരും ആയ മററു ചിലർക്കു് അതത്ര രസമായി എന്നു് വരുന്നതല്ല. അവർക്കു് വഴി കുറെ ദുർഗ്ഘടമായാലും വേഗം നടന്നു്, താമസമെന്നിയേ, പ്രാപ്യസ്ഥാനത്തു ചെന്നുചേരണമെന്നായിരിക്കും വിചാരം. ചിലർക്കു് വഴി ദുർഗ്ഘടമായാലും തരക്കേടില്ല ഗതി മന്ദമായാൽമതിയെന്നു തോന്നും. വേറെ ചിലർക്കു് മാർഗ്ഗം രാജപാതതന്നെയായിക്കൊള്ളട്ടെ, പക്ഷെ ഗതി കുറെ ദ്രുതതരമായാൽ മതിയെന്ന പക്ഷം കാണാം. ഇങ്ങിനെ പലതരത്തിലുള്ള അനേകാഭി

കളെ എല്ലാം ഒരുപോലെ തൃപ്തിപ്പെടുത്തി ഒരു നേതാവിന്നു് അവരെ നയിക്കുവാൻ സാധിച്ചു എന്നു് വരികയില്ല. അതിനാൽ നേതാവിൻെറ പിന്നാലെ പോകുകയെന്നേ വരൂ. പ്രസംഗത്തിൻേറയും ലേഖനത്തിൻേറയും സ്വഭാവം ഇങ്ങിനെയാണു്. ഒരു പ്രാസംഗികനെക്കൊണ്ടും ഗ്രന്ഥകാരനെക്കൊണ്ടും എല്ലാത്തരം ശ്രോതാക്കളേയും വായനക്കാരേയും ഒരുപോലെ തൃപ്തിപ്പെടുത്തുവാൻ സാധിച്ചു എന്നു് വരുന്നതല്ല. എന്നാൽ സംഭാഷണത്തിൽ ഈ ദോഷം ഒട്ടുംതന്നെ നേരിടുവാനില്ല. അവിടെ മനസ്സിലാകാത്ത സംഗതികളെ എടുത്തു ചോദിക്കാം. വേഗം അധികരിക്കുമ്പോൾ കൈപിടിച്ചുനിർത്താം. മാർഗ്ഗവും ഇഷ്ടമുള്ളതിനെ സ്വീകരിക്കാം. പ്രസംഗവും സംഭാഷണവും തമ്മിലുള്ള വ്യത്യാസം ഇത്രയുമുണ്ടു്.

സ്വാമികൾ പാശ്ചാത്യരാജ്യങ്ങളിൽവെച്ചും ഇന്ത്യയിൽ വെച്ചും അനേകം സംഭാഷണങ്ങൾ നടത്തുക ഉണ്ടായിട്ടുണ്ടു്. അവയിൽ ചുരുങ്ങിയ ഒരുഭാഗം മാത്രമേ ഇവിടെ തല്ക്കാലം തർജ്ജമചെയ്തു് ചേർത്തിട്ടുള്ളു. സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ ഈ സംഭാഷണങ്ങളെ മൂന്നുതരമായി നമുക്കു് വകതിരിക്കുവാൻ സാധിക്കുന്നുണ്ടു്.

(i) ആദ്ധ്യാത്മിക സംഗതികളെ സംബന്ധിച്ചുള്ള സംഭാഷണങ്ങൾ:—പരമഹംസപരിവ്രാജകാചാര്യനായ ഭഗവാൻ ശ്രീ വിവേകാനന്ദസ്വാമികളുടെ ആദ്ധ്യാത്മികമനോഭാവത്തെപ്പററി, മൂഗീയാവസ്ഥയെ തരണംചെയ്തു എന്നുകൂടെ പറയാറായിട്ടില്ലാത്തവരും അജ്ഞാനികളുമായ അസ്മാദൃശന്മാർ എന്തു് പറയട്ടെ!

(ii) സാമുദായികസംഗതികളെ സംബന്ധിച്ചുള്ള സംഭാഷണങ്ങൾ:—"എനിക്കു് മോക്ഷത്തേക്കാൾ മനുഷ്യസമുദായോദ്ധരണമാണു് ഏററവും പ്രിയമായിട്ടുള്ളതു്" എന്നു് സ്വാമികൾതന്നെ പലതവണ പറയുകയുണ്ടായിട്ടുണ്ടു്. സ്വാമികളുടെ ചുരുങ്ങിയ ജീവിതകാലത്തിൽ അദ്ദേഹം

ചെയ്തിട്ടുള്ള മഹത്കൃത്യങ്ങളിൽ ഏററിയകൂറും സമുദായോദ്ധരണത്തെ ലാക്കാക്കീട്ടുള്ളവയും ആകുന്നു. സ്വാമികളുടെ ഈ ഭാവത്തിൻെറ ഒരു ഏകദേശ ചിത്രമെങ്കിലും ഗ്രഹിക്കുവാൻ ഈ സംഭാഷണങ്ങൾ മുഖേന സാധിക്കുന്നുണ്ടു്.

(iii) തക്കങ്ങൾ:—ഈ തരത്തിൽ ഉൾപ്പെട്ട സംഭാഷണങ്ങൾ മിക്കവാറും അമേരിക്കയിലെ വിദ്വൽസദസ്സുകളിൽ വെച്ചു് നടത്തപ്പെട്ടിട്ടുള്ളവയാണു്. ആഗതനായ പക്ഷിശ്രേഷ്ഠനെ ബാഹ്യമായ നിറവ്യത്യാസംകൊണ്ടും വേഷവ്യത്യാസംകൊണ്ടും കാകനാണെന്നു് തെററിദ്ധരിച്ചു്, തങ്ങൾ ഹംസങ്ങളാണെന്നു് സ്വയമേവ അഭിമാനിക്കുന്ന ഒരു കൂട്ടംപക്ഷികൾ ചുററുപാടും വളഞ്ഞുകൂടി കൊത്തിവലിച്ചും, ചിറകടിച്ചും, മാന്തിക്കീറിയും, ഓട്ടിക്കുവാൻ പുറപ്പെട്ടപ്പോൾ ആ ഖഗരാജൻ സ്വവിദ്യം ഒന്നുമാത്രംകൊണ്ടു്, ഏകാകിയായിനിന്നു് നാലുപാട്ടിൽ നിന്നും എതിക്കുന്ന പ്രതിദ്വന്ദികളായ അവരെ ചിലപ്പോൾ കൊത്തിയും, ചിലപ്പോൾ അടിച്ചും, ചിലപ്പോൾമാന്തിയും എന്നാൽ അധികസമയങ്ങളിലും തലോടിയും താലോലിച്ചും ജയിച്ചു് കീഴടക്കി, തങ്ങളാണു് യഥാർത്ഥത്തിൽ കാകന്മാരെന്നും കാകനെന്നു് സംശയിക്കപ്പെട്ട പക്ഷിശ്രേഷ്ഠൻ ഹംസംതന്നെയാണെന്നും ബോദ്ധ്യംവരുത്തിയകഥ സ്വാമികളുടെ ഈ സംഭാഷണങ്ങളിൽനിന്നു് വായനക്കാർക്കു് ഒട്ടൊക്കെ മനസ്സിലാക്കാവുന്നതാണു്.

ഈ മൂന്നുതരത്തിലും ഉള്ള സംഭാഷണങ്ങൾ ഇനിയും വളരെ അധികമുണ്ടു്. ഈ പ്രസ്ഥാനം സഹൃദയന്മാരായ വായനക്കാർക്കു് എത്രമാത്രം രുചികരമായിരിക്കുമെന്നു് കണ്ടതിന്നുശേഷം അവയെപ്പററി യഥോചിതം ചിന്തിച്ചുകൊള്ളാം എന്നു മാത്രമേ തൽക്കാലം പറയുവാൻ തരമുള്ളൂ.

കൊല്ലം.
1102 കുംഭം 17-ാംനു } കെ. രാമൻമേനോൻ.

# വിഷയാനുക്രമണിക.


ഒന്നാം സംഭാഷണം —

വേദാന്താഭ്യസനം, സദ്ഗുരു, മോക്ഷോപായം, സല്ക്കർമ്മം, ധ്യാനം, ജപം, ജീവസേവനം, പ്രാർത്ഥന, ഈശ്വരാവതാരം. 1

രണ്ടാം സംഭാഷണം —

ഗുരു, ഭക്തി, ആത്മവിശ്വാസം, അദ്വൈതഭാവം, സ്വഭാവരൂപീകരണം, വേദാദിപ്രമാണങ്ങൾ, വാഗർത്ഥം, ഇന്ത്യക്കാവശ്യമായ പ്രവൃത്തി, ശ്രീരാമകൃഷ്ണമിഷന്റെ ഉദ്ദേശം, മരണാനന്തരം, കുണ്ഡലിനി, വിഗ്രഹാരാധന, മായ, മുക്തി, ആത്മാ, ജ്ഞാനിയും ഭക്തനും, ഈശ്വരപൂജ, സിദ്ധപുരുഷൻ. 8

മൂന്നാം സംഭാഷണം —

അമേരിക്കയിലെ സുപ്രസിദ്ധമായ ഹാർവാർഡ് സർവ്വകലാശാലയോടു ചേർന്ന അവിടത്തെ ഉന്നതബിരുദധാരികളായ തത്വജ്ഞാനികളുടെ വിദ്വത്സമാജത്തിൽവെച്ചു് നടത്തിയ വാദപ്രതിവാദം. 16

നാലാം സംഭാഷണം —

അമേരിക്കയിലെ ബോസ്റ്റൺപട്ടണത്തിലുള്ള ഒരുപണ്ഡിതസദസ്സിൽ വെച്ചു് നടത്തിയ പ്രശ്നോത്തരം. 42

അഞ്ചാം സംഭാഷണം —

അമേരിക്കയിലെ ബ്രൂക്ലിൻപട്ടണത്തിലുള്ള ഒരുപണ്ഡിതസദസ്സിൽവെച്ചുനടത്തിയ പ്രശ്നോത്തരം. 45

ആറാം സംഭാഷണം —

പുനർജ്ജന്മം, ഇൻഡ്യയിലെ സ്ത്രീജനങ്ങൾ, നരകഭയം. 48

ഏഴാം സംഭാഷണം —

പ്രസംഗമല്ല പ്രവൃത്തി, ഇൻഡ്യയിലെ ദാരിദ്ര്യം, യുവസന്യാസികളുടെ ഭാവിചര്യ, സ്വാമികളുടെ അഭ്യർത്ഥന. 50

എട്ടാം സംഭാഷണം —

അഹിംസാസിദ്ധാന്തവും മാംസഭക്ഷണവും, മനുഷ്യരുടെ സത്വരജസ്തമോ ഗുണങ്ങൾ, ആഹാരവും ആദ്ധ്യാത്മികഭാവവും, ആഹാരം,

ആചാരത്തിന്റെ മൂന്നു ദോഷങ്ങൾ, തൊട്ടുകൂടായ്മയും ജാത്യാചാരങ്ങളും, ചാതുർവ്വർണ്ണ്യം. 60

---

ഒമ്പതാം സംഭാഷണം—

ചാതുർവ്വർണ്ണ്യം, പാശ്ചാത്യരാജ്യങ്ങളിലെ ബ്രാഹ്മണർ, ബംഗാളത്തിലെ കുലഗുരുസമ്പ്രദായം. 69

പത്താംസംഭാഷണം—

ഇന്ത്യയിലെ ക്ഷാമം, പരോപകാരതല്പരന്മാരായ പ്രവർത്തകന്മാരുടെ ആവശ്യം, പൌരസ്ത്യവും പാശ്ചാത്യവും, സത്യമൊതമല്ലോ, നമ്മുടെ സമുദായം, കൊടുക്കലും വാങ്ങലും, കുററം നേരിട്ടു പറയണം, സ്തുതി അന്യരോട് ചെയ്യണം, എല്ലാവർക്കും വിവേകാനന്ദസ്മാരകം, അഭംഗുരമായ ബ്രഹ്മചര്യം, ശക്തിയുടെ രഹസ്യം. 74

പതിനൊന്നാംസംഭാഷണം—

ഗുരുകുലവാസം, ഇന്നത്തെ സർവ്വകലാശാലാസമ്പ്രദായം, ശ്രദ്ധയുടെ അഭാവം, നമ്മുടെ രാഷ്ട്രീയചരിത്രം, പാശ്ചാത്യഭൌതികതത്വശാസ്ത്രവും പൌരസ്ത്യവേദാന്തവും, ഇന്നത്തെ ഉന്നതവിദ്യാഭ്യാസം, വ്യവസായവിദ്യാഭ്യാസത്തിന്റെയും രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെയും ആവശ്യകത, സത്യകാമന്റെ കഥ, ഗ്രന്ഥങ്ങൾ പഠിക്കുന്നതും ത്യാഗികളുടെ കീഴിൽ പഠിക്കുന്നതും തമ്മിലുള്ള വ്യത്യാസം, ശ്രീരാമകൃഷ്ണദേവനും പണ്ഡിതന്മാരും, മഠസ്ഥാപനം, പാഠ്യപുസ്തകനിർമ്മാണം, ശൈശവവിവാഹം, ജപ്പാനിലെ വിദ്യാഭ്യാസരീതി, ജപ്പാന്റെ വിജയരഹസ്യം, പാശ്ചാത്യന്മാരുടെയും പൌരസ്ത്യന്മാരുടെയും കലാവിദ്യ, കലാവിദ്യയും പ്രയോജനവും, വസ്ത്രധാരണരീതി, ഭക്ഷണസാധനങ്ങൾ, ദാരിദ്ര്യം. 80

2 MAY. 1947.

ശ്രീ

# വിവേകാനന്ദവിജയം.

## നാലാംപുസ്തകം.

### സംഭാഷണങ്ങൾ.

---

വേദാന്താഭ്യസനം — സൽഗുരു — മോക്ഷോപായം — സൽക്കർമ്മം — ധ്യാനം — ജപം — ജീവസേവനം — പ്രാർത്ഥന — ഈശ്വരാവതാരം.

---

ചോദ്യം—വേദാന്തം അഭ്യസിക്കേണ്ടതു് എങ്ങിനെയാണു്?

ഉത്തരം—ശ്രവണം, മനനം, ധ്യാനം ഇവകളെക്കൊണ്ടാണു്. സൽഗുരുവിൽനിന്നുവേണം ശ്രവിക്കുവാൻ. ഒരുവൻ ശരിയായ ശിഷ്യനായിരിക്കേണമെന്നുകൂടെയും ഇല്ല. മുമുക്ഷുവായാൽ മാത്രം മതി. അവൻ സൽഗുരുവിൽനിന്നുള്ള ശ്രവണംകൊണ്ടു് മുക്തനായിത്തീരുന്നു.

ചോ—സൽഗുരു ആരാണു്?

ഉ—ഇടമുറിയാതെയുള്ള പാരമ്പര്യമാർഗ്ഗത്തിൽക്കൂടെ ആദ്ധ്യാത്മികശക്തി ലഭ്യമായിരിക്കുന്നവൻ മാത്രമാണു് സൽഗുരു. ആദ്ധ്യാത്മിക ഗുരുവാകുക എന്നതു് വളരെ പ്രയാസമായ ഒരു സംഗതിയാണു്. അദ്ദേഹം ശിഷ്യന്മാരുടെ പാപത്തെക്കൂടെ സ്വീകരിക്കേണ്ടതായിവരും. അങ്ങിനെയുള്ളവർ ശരിയായ ആത്മികശക്തി വേണ്ടടത്തോളം സമ്പാദിച്ചിട്ടുള്ളവരല്ലെങ്കിൽ വലിയ ആപത്തിൽപ്പെട്ടുപോ

കുവാൻ വളരെ എളുപ്പമുണ്ട്. ശാരീരകമായ ദുഃഖം മാത്രമേ ഉണ്ടാകുന്നുള്ളു എങ്കിൽ അതു് ഭാഗ്യമാണെന്നുവേണം കരുതുവാൻ.

ചോ—ഗുരുവിന്നു് വേണമെങ്കിൽ തന്നെസമീപിക്കുന്നവരെ അധികാരികളാക്കിത്തീർത്തുകൂടെയോ?

ഉ—അവതാരപുരുഷനെക്കൊണ്ടു് സാധിക്കും. അല്ലാതെ, സാധാരണ ഗുരുവെക്കൊണ്ടു് സാധിക്കുകയില്ല.

ചോ—മോക്ഷത്തിന്നു് എളുപ്പമാർഗ്ഗങ്ങളൊന്നും ഇല്ലയൊ?

ഉ—മോക്ഷത്തിലേയ്ക്കു് രാജപാതകൾ ഒന്നുംതന്നെ ഇല്ല. എന്നാൽ ഒരു അവതാരപുരുഷനെ പ്രാപിക്കുവാൻ ഭാഗ്യമുണ്ടായവരുടെ കാര്യം ഒന്നുവേറേതന്നെയാണു്. "അവസാനജന്മം എടുക്കുന്നവർ എങ്ങിനെയെങ്കിലും എന്നെ വന്നു് കാണാതിരിക്കയില്ല" എന്നു് പരമഹംസദേവൻ പറയാറുണ്ടായിരുന്നു.

ചോ—യോഗം ഒരു എളുപ്പമാർഗ്ഗമല്ലയൊ?

ഉ—(നേരമ്പോക്കായി) നല്ല എളുപ്പവഴി! നിങ്ങളുടെ മനസ്സ് ശുദ്ധമല്ലെങ്കിൽപിന്നെ യോഗം അഭ്യസിച്ചിട്ടുകൊണ്ടുള്ള പ്രയോജനം എന്താണു്? കവിഞ്ഞപക്ഷം ഏതാനും അസാധാരണശക്തികൾ (സിദ്ധികൾ) കിട്ടുമായിരിക്കാം. അതും നിങ്ങളുടെ അഭിവൃദ്ധിയിൽ തടസ്സങ്ങളായി നില്ക്കുകയേയുള്ളു. അതുകൊണ്ടു് മനഃശുദ്ധിയാണു് ഒന്നാമതായി വേണ്ടതു്.

ചോ—അതെങ്ങിനെ സമ്പാദിക്കാം?

ഉ—സൽക്കർമ്മങ്ങളെക്കൊണ്ടു്. സൽക്കർമ്മങ്ങൾതന്നെ അനുകൂലം പ്രതികൂലം, അല്ലെങ്കിൽ അനുസരണം നിഷേധം ഇങ്ങിനെ രണ്ടുവിധമുണ്ടു്. "കക്കരുതു്"—അതു് പ്രതികൂലാജ്ഞ. "പരോപകാരം ചെയ്യണം"—അതു് അനുകൂലാജ്ഞ.

ചോ—കുറെ ഉയൎന്നപടിയിൽ കയറിനിന്നശേഷം പരോപകാരംചെയ്വാൻ പുറപ്പെടുന്നതല്ലയൊ നല്ലത്? താണപടിയിൽ ഇരിക്കുമ്പോൾ ചെയ്യുന്ന പരോപകാരം ബന്ധത്തെ ഉണ്ടാക്കാതിരിക്കുമൊ?

ഉ—പരോപകാരം ആദ്യത്തെ പടിയിൽതന്നെ വേണ്ടതാണു്. ഏതാനും അനുഗ്രഹങ്ങളോടും ഉദ്ദേശങ്ങളോടുംകൂടി പ്രവൎത്തിക്കുന്നവൻ ബന്ധനത്തിൽ അകപ്പെട്ടു എന്നുവരാം. അല്ലാത്തവൎക്കു് ദോഷമൊന്നും വരാനില്ല. ക്രമേണ പരോപകാരം ചെയ്ക എന്നതു് അവന്റെ സ്വഭാവമായിത്തീരുകയും ചെയ്യും.

ചോ—എനിക്കു് വിഷ്ണുവിനെപ്പോലെ ആകണം എന്നാണു് അനുഗ്രഹമെങ്കിൽ ഞാൻ സാകാരഭാവത്തെ ധ്യാനിക്കണൊ? അതൊ നിരാകാരാശയത്തെ മാത്രം ധ്യാനിച്ചാൽ മതിയൊ?

ഉ—അതു് നിങ്ങളുടെ യോഗ്യതയെ ആശ്രയിച്ചിരിക്കും. സാകാരം വേണമെങ്കിൽ വേണം; നിരാകാരം മതിയെങ്കിൽ മതി.

ചോ—അനുഭൂതിക്കു് വല്ല ഉപകരണവും ഉണ്ടോ?

ഉ—ഉണ്ടു്; ഗുരു.

ചോ—മുറിയിൽ ഇരുന്നു് ധ്യാനിക്കേണ്ട അവശ്യമൊന്നും ഇല്ലാ എന്നു് ചിലർ പറയുന്നുവല്ലൊ; അതു് പരമാൎത്ഥമാണോ?

ഉ—ഈശ്വരസാക്ഷാൽക്കാരം ഉണ്ടായിട്ടുള്ളവനു് അതാവശ്യമില്ലായിരിക്കാം, മററുള്ളവൎക്കെല്ലാം അവശ്യംതന്നെയാണു്. ഒരുവൻ ഈശ്വരന്റെ സാകാരഭാവത്തെ കടന്നു് നിരാകാരഭാവത്തെത്തന്നെ ധ്യാനിക്കുകയാണു് വേണ്ടതു്. മോക്ഷം കൊടുപ്പാനുള്ള ശക്തി ഒരാകാരത്തിനും ഇല്ലതന്നെ. ആകാരത്തെ ധ്യാനിച്ചനുഭവപ്പെടുത്തിയാൽ അതുകൊണ്ടും

ലൌകികവിജയം ഉണ്ടായി എന്നുപറയാം. അമ്മയെ ശുശ്രൂഷിക്കുന്നവന്നു ലൌകികസുഖം സിദ്ധിക്കുന്നു; അച്ഛനെ ഉപചരിക്കുന്നവന്നു സ്വർഗ്ഗസുഖം ലഭിക്കുന്നു; എന്നാൽ സാധുവെ പൂജിക്കുന്നവന്നു ജ്ഞാനവും ഭക്തിയും കിട്ടുന്നു.

ചോ—"കാ തേ കാന്താ ധനഗതചിന്താ
വാതുല കിം തവ നാസ്തി നിയന്താ
ക്ഷണമിഹസജ്ജനസംഗതിരേകാ
ഭവതി ഭവാർണ്ണവ തരണേ നൌകാ." എന്നു പറഞ്ഞിട്ടുള്ളതിൻെറ അർത്ഥമെന്താണു്?

ഉ—സംസ്കാരംകൊണ്ടു് കുശലനായിരിക്കുന്ന അധികാരി ഒരു യഥാർത്ഥസാധുവിൻെറ സംഗമംകൊണ്ടു പെട്ടെന്നു് മുക്തനായിത്തീരും. എന്നാൽ യഥാർത്ഥസാധുക്കൾ വളരെ വളരെ ദുർല്ലഭമായേ ഉള്ളൂ. അവതാരങ്ങളുടെ കാര്യത്തിൽ കുറേക്കൂടെ വിശേഷമുണ്ടു്. അവർക്കു് ഏതുതരത്തിലുള്ളവരേയും ശുദ്ധമാക്കുവാൻ സാധിക്കും. അവർക്കു് ലോകത്തെ മുഴുവൻ വേണമെങ്കിലും ഉദ്ധരിക്കാം. ഒരു അപകടവും ഇല്ലാത്തതും വളരെ നല്ലതും ആയിരിക്കുന്ന ആരാധനാസമ്പ്രദായം "മനുഷ്യാരാധന"മാണു്. ഒരുവന്നു് ഈശ്വരനാണെന്ന ബോധം ഉറയ്ക്കുമ്പോൾ അവൻ സമസ്തപ്രപഞ്ചത്തിലും ആ ഈശ്വരനെ കണ്ടുകഴിഞ്ഞിരിക്കുന്നു. സന്യാസവും ഗാർഹസ്ഥ്യവും രണ്ടും അതാതിൻെറ സ്ഥാനത്തു് ശ്രേഷ്ഠം തന്നെ. എവിടേയുംവേണം ജ്ഞാനം, അതാണാവശ്യം.

ചോ—ശരീരത്തിന്നകത്തോ പുറത്തോ എവിടെയാണു് ധ്യാനിക്കേണ്ടതു്? മനസ്സിനെ ഉള്ളിൽ വെയ്ക്കണൊ; അതൊ പുറത്തു് നിർത്തണൊ?

ഉ—ഉള്ളിൽതന്നെ ധ്യാനിക്കുവാൻ ശ്രമിക്കണം. മനസ്സു് ഇവിടെയോ അവിടെയോ വേണ്ടതെന്ന സംഗതിയെ പ്പറ്റി തല്ക്കാലമൊന്നും ആലോചിക്കേണ്ട. മാനസികലോക

ത്തിൽ എത്തുവാൻ വഴി കുറെ ഏറെപ്പോകണം. അവിടെ ചെല്ലുമ്പോൾ തീൎച്ചയാക്കേണ്ട സംഗതിയാണ് അതു്. ഇപ്പോഴത്തെ ബുദ്ധിമുട്ടുകളെല്ലാം ശരീരത്തെ സംബന്ധിച്ചുള്ളവയാണ്. ജിതാസനനായതിനുശേഷമേ മനസ്സിന്റെ കാൎയ്യം ശരിയാകയുള്ളു. തന്റെ അവയവങ്ങളെല്ലാം കേവലം ചലനമില്ലാത്തവയായി, ഒരേ നിലയിൽ എത്രനേരമെങ്കിലും ഇരിക്കുവാൻ സാധിക്കുമ്പോഴാണ് ജിതാസനനാകുന്നതു്.

ചോ—ചിലപ്പോൾ ജപംകൊണ്ടു് മനസ്സ് മടുത്തുപോകുന്നുവല്ലോ. അങ്ങിനെയായാൽ ജപംനിൎത്തി വല്ല നല്ല പുസ്തകവും എടുത്തു് വായിക്കുന്നതല്ലേ ഭേദം? അതോ പിന്നെയും ജപിച്ചുകൊണ്ടിരിക്കണോ?

ഉ—ഈ മടുപ്പു് രണ്ടുകാരണങ്ങളാൽ ഉണ്ടാകാം. ചിലപ്പോൾ ബുദ്ധിയ്ക്കു് (മസ്തിഷ്കത്തിന്) ക്ഷീണം തട്ടിയതുകൊണ്ടാകാം. ചിലപ്പോൾ മടികൊണ്ടും വരാം. ക്ഷീണംകൊണ്ടാണെങ്കിൽ അല്പകാലത്തേയ്ക്കു് നിൎത്തിവെയ്ക്കുകയാണ് നല്ലതു്. അല്ലാത്തപക്ഷം അതു് ബുദ്ധിഭ്രമത്തെ ഉണ്ടാക്കിയേക്കാനും മതി. മടികൊണ്ടാണെങ്കിൽ വിടരുതു്; നിൎബ്ബന്ധമായി തുടരുക തന്നെ വേണം.

ചോ—ചിലപ്പോൾ ജപിക്കുവാൻ തുടങ്ങുമ്പോൾ ഒരു വലിയ സുഖം തോന്നുന്നു. അതുകൊണ്ടു് ജപം നിൎത്തിവെയ്ക്കുവാൻ കൂടെ തോന്നിപ്പോകാറുണ്ടു്. അപ്പോൾ എന്താണ് വേണ്ടതു്?

ഉ—അതെ, അതിനെയാണ് “രസാസ്വാദനം” എന്നു് പറയുന്നതു്. ആ സുഖവും ആദ്ധ്യാത്മികപരിശീലനത്തിന് തടസ്സം തന്നെയാണ്. അതിനേയും തരണം ചെയ്ക തന്നെ വേണം.

ചോ—ചിലപ്പോൾ മനസ്സ് അങ്ങുമിങ്ങും ഓടിനടക്കുന്നതുപോലെ കാണാം. അപ്പോഴും അധികനേരം ജപം ചെയ്യുന്നതുകൊണ്ടു് പ്രയോജനമുണ്ടോ?

ഉ—ഉണ്ടു്. ചിലർ കുതിരയെ ഇണക്കുന്നതു് കാണാറില്ലേ. അതെവിടെയൊക്കെ കൊണ്ടോടിയാലും കുതിരക്കാരൻ അതിന്റെ പുറത്തുതന്നെ വിടാതിരിക്കുന്നു. കുറെ കഴിയുമ്പോൾ അതു് താനെ വശത്തുവന്നുകൊള്ളും. അതുപോലെ മനസ്സും എവിടെ വേണമെങ്കിലും ഓടട്ടെ. കുറെ കഴിയുമ്പോൾ ഓട്ടമെല്ലാം നിന്നു് സ്വാധീനത്തിൽ വരും.

ചോ—ശരീരബലം കുറഞ്ഞ ഒരുവൻ യോഗാഭ്യാസം തുടങ്ങിയാൽ അവന്നു് കഠിനമായ അസ്വാസ്ഥ്യം നേരിടും എന്നു് സ്വാമികൾ ഭക്തിയോഗത്തിൽ ഒരേടത്തു് പറഞ്ഞിട്ടുണ്ടല്ലൊ. അപ്പോൾ എന്താണു് വേണ്ടതു്?

ഉ—എന്താണു് ഇത്രഭയം! വരുന്നതു് വരട്ടെ. ആത്മാനുഭൂതിക്കായുള്ള പരിശ്രമത്തിൽ കവിഞ്ഞ പക്ഷം നിങ്ങൾ മരിച്ചു പോകുമായിരിക്കാം. അത്രയല്ലേയുള്ളു! പഠിപ്പിന്നു വേണ്ടിയും പണത്തിന്നു വേണ്ടിയും അതുപോലെ മററനേകായിരം സംഗതികൾക്കു വേണ്ടിയും ആളുകൾക്കു് ചാകുവാൻ ഒരു മടിയും ഇല്ലല്ലൊ. പിന്നെ ധർമ്മത്തിന്നു വേണ്ടി ചാകുന്നതിൽ എന്താണു് ഇത്ര ഭയപ്പെടുവാനുള്ളതു്?

ചോ—ജീവസേവ കൊണ്ടുമാത്രം മുക്തികിട്ടുമോ?

ഉ—ജീവസേവകൊണ്ടു് മനഃശുദ്ധി ഉണ്ടാകും. മനഃശുദ്ധികൊണ്ടു് മോക്ഷവും കിട്ടും. അല്ലാതെ അതുകൊണ്ടു് നേരിട്ടു് മുക്തികിട്ടുകയില്ല. എന്നാൽ ഒരു കാര്യം നല്ലതുപോലെ ഓർമ്മിക്കുവാനുണ്ടു്. നിങ്ങൾക്കു് ഏതെങ്കിലും ഒരു സംഗതി വേണ്ടപോലെ നിർവ്വഹിക്കണമെങ്കിൽ അതു് എല്ലാററിന്നും മതിയാകുമെന്ന വിശ്വാസം തന്നെ പൂർണ്ണമായി ഉണ്ടായിരിക്കണം. ഈ നിഷ്ഠ ഇക്കാലത്തു് വളരെ വളരെ കുറവാണു്. അതുകൊണ്ടുള്ള ദോഷം എവിടേയും കാണ്മാനുണ്ടു്. അഭംഗുരമായ നിഷ്ഠ ഉണ്ടാകാത്ത. പക്ഷം അഭിവൃദ്ധി

ഉണ്ടാകയില്ല. അതിനാൽ ഇക്കാലത്തു് കർമ്മത്തെപ്പററിയാണ് പ്രധാനമായി ശ്രദ്ധിക്കുവാനുള്ളതു്.

ചോ—കർമ്മത്തിന്നുള്ള നമ്മുടെ പ്രേരകം എന്തായിരിക്കണം? കരുണയൊ, അതൊ മററുവല്ലതുമോ?

ഉ.—കരുണകൊണ്ടു് പരോപകാരം ചെയ്യുന്നതു് നല്ലതുതന്നെ. എന്നാൽ എല്ലാജീവികളിലും നാരായണൻ ഉണ്ടെന്നറിഞ്ഞു് സേവിക്കുന്നതാണ് ഉത്തമം.

ചോ—പ്രാർത്ഥനകൊണ്ടുള്ള പ്രയോജനം എന്താണ്?

ഉ—പ്രാർത്ഥന കൊണ്ടു് ഒരുവൻെറ സൂക്ഷ്മശക്തികൾ വേഗത്തിൽ പ്രബുദ്ധമായിത്തീരുന്നു. അതുകൊണ്ടു് മനഃപൂർവ്വം പ്രാർത്ഥിച്ചാൽ സർവ്വാഗ്രഹങ്ങളും സാധിച്ചു എന്നു വരാം. മനഃപൂർവ്വമല്ലെങ്കിൽപത്തിനു രണ്ടുകണ്ടായിഎന്നും വന്നേയ്ക്കും. ഏതായാലും പ്രാർത്ഥനയുടെ കാര്യം സ്വാർത്ഥതയാണ്. അതിനാൽ അതിനെ ഉപേക്ഷിക്കുകതന്നെയാണ് ഉത്തമം.

ചോ— ഈശ്വരൻ മനുഷ്യശരീരമെടുക്കുമ്പോൾ തിരിച്ചറിയുന്നതു് എങ്ങിനെയാണ്?

ഉ—ഒരുവൻെറ ഭാവിയെ കേവലം ഭേദപ്പെടുത്തുവാൻ സാധിക്കുന്നവനാണ് അവതാരം. ഒരുസാധുവിനെക്കൊണ്ടും; എത്ര യോഗ്യനായാലും, അതിന്നു് സാധിക്കുകയില്ല. ഭഗവാൻ ശ്രീരാമകൃഷ്ണനെ ഈശ്വരനായി അനുഭവപ്പെട്ടത്തിയവരെ ആരേയും ഞാൻ കാണുകയുണ്ടായിട്ടില്ല. ചിലപ്പോൾ ഞങ്ങൾ അങ്ങിനെയൊക്കെ വിചാരിക്കാറുണ്ടെന്നേയുള്ളൂ. ഭഗവാനെ ഈശ്വരനായി അറിയുകയും പിന്നെയും ലോകത്തോട്ബന്ധപ്പെട്ടു് ഇരിക്കുകയും അസംഭാവ്യംതന്നെ.

——:0:——

## 2

ഗുരു — ഭക്തി — ആത്മവിശ്വാസം — അദ്വൈതഭാവം — സ്വഭാവത്രൂപീകരണം — വേദാദിപ്രമാണങ്ങൾ — വാഗർത്ഥം — ഇന്ത്യയ്ക്കാവശ്യമായപ്രവൃത്തി — ശ്രീരാമകൃഷ്ണമിഷൻെറ ഉദ്ദേശം — മരണാനന്തരം — കുണ്ഡലിനി — വിഗ്രഹാരാധന — മായാ — മുക്തി — ആത്മാ — ജ്ഞാനിയും ഭക്തനും — ഈശ്വരപൂജ — സിദ്ധപുരുഷൻ.

---

ചോ — ഗുരു ആരാണു?

ഉ — നിങ്ങളുടെ ഭൂതവും ഭാവിയും അറിയുന്നവൻ നിങ്ങളുടെഗുരു.

ചോ — ഭക്തിയുണ്ടാകുന്നതെങ്ങിനെയാണു്?

ഉ — ഭക്തി ഉണ്ടാകുവാൻ ഒന്നുംഇല്ല. അതു് നിങ്ങളിൽ തന്നെ ഉണ്ടു്. പക്ഷെ കാമകാഞ്ചനവിരികൊണ്ടു് മൂടപ്പെട്ടിരിക്കയാണെന്നേയുള്ളൂ. ആ മൂടലിനെ അങ്ങോട്ടു് നീക്കം ചെയ്യേക്കിൻ. അപ്പോൾ ഭക്തി സ്വയമേവ പ്രജ്വലിക്കുന്നതു കാണാം.

ചോ — "ആത്മവിശ്വാസമുള്ളവനായിരിക്കണം" എന്നു് പറയുന്നതിൻെറ അർത്ഥമെന്താണു്?

ഉ — ഇവിടെ ആത്മാ എന്ന പദംകൊണ്ടു് പരമാത്മാവിനെയാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അല്ല; ജീവാത്മാവിൽതന്നെ വിശ്വാസമുള്ളവരായിരുന്നാലും അവർ പ്രാപ്യസ്ഥാനത്തുതന്നെ എത്തിച്ചേരാതിരിക്കയില്ല. ജീവാത്മാവും പരമാത്മാവും പരമാർത്ഥത്തിൽ ഒന്നുതന്നെയാണല്ലൊ.

ചോ — ഏകത്വംമാത്രമാണു് പരമാർത്ഥമായ അവസ്ഥയെങ്കിൽ നാമെല്ലാം എല്ലായ്പോഴും കണ്ടുകൊണ്ടിരിക്കുന്ന ഈ ബഹുത്വം എങ്ങിനെ ഉണ്ടായി?

ഉ—കാഴ്ചയിൽ ബഹുത്വമില്ല. ആ കാഴ്ചയെ പ്രതിനിധീകരിക്കുമ്പോഴാണ് ബഹുത്വം വരുന്നത്. കാഴ്ചയിൽ ബഹുത്വമുണ്ടായിരുന്നു എങ്കിൽ കാണുന്നവൻ കാണപ്പെടുന്നവനിൽനിന്ന് സ്വതന്ത്രനായിരിക്കേണ്ടതായിരുന്നുവെല്ലോ?

ചോ—സ്വഭാവരൂപീകരണത്തിന്ന് നല്ലമാർഗ്ഗം ഏതാണ്?

ഉ—സ്വഭാവം വേണ്ടതുപോലെ രൂപീകരിക്കപ്പെട്ടവരുമായുള്ള സംസർഗ്ഗം.

ചോ—വേദങ്ങളോട്ട് നമ്മുടെനില എങ്ങിനെ ആയിരിക്കണം?

ഉ—വേദങ്ങളിൽ യുക്തിക്കനുസരണമായി കാണുന്നവയെമാത്രമേ ഏകപ്രമാണമായി സ്വീകരിക്കാവൂ. പുരാണാദി മററു പ്രമാണങ്ങളെ വേദത്തോട്ട് യോജിക്കുന്നേടത്തോളവും സ്വീകരിക്കാം. വൈദികകാലത്തിനുശേഷം ലോകത്തിൽ എവിടേയും ഉണ്ടായിട്ടുള്ള സമസ്ത ധാർമ്മികബോധങ്ങളും വേദത്തിൽ നിന്നുതന്നെ വന്നിട്ടുള്ളതാണ്.

ചോ—കാലത്തെ ചതുർയുഗങ്ങളായി ഭാഗിച്ചിട്ടുള്ളത് ഏതൊരുതത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ്?

ഉ—വേദങ്ങളിൽ ഇങ്ങിനെ ഒരു വിഭാഗത്തെപ്പററി ഒന്നും പറഞ്ഞുകാണുന്നില്ല. അത് പൌരാണികന്മാർ സ്വതന്ത്രമായി സ്വീകരിച്ചതായിരിക്കണം.

ചോ—വാക്ക്, അർത്ഥം, ഇവയ്ക്കുതമ്മിലുള്ള സംബന്ധം ജാത്യാ ഉള്ളതും മാററുവാൻപാടില്ലാത്തതും ആണൊ? അതോ വെറും യാദൃച്ഛികവും സങ്കല്പവും മാത്രമോ?

ഉ—ഇത് വാദപ്രതിവാദത്തിന്നുള്ള ഒരു വിഷയമാണ്. അവശ്യമായ ഒരു സംബന്ധം ഉണ്ടെന്ന് തോന്നുന്നുണ്ട്. എന്നാൽ ഭാഷകളുടെ ബഹുത്വം ആലോചിക്കുമ്പോൾ അങ്ങി

നേയും പറഞ്ഞുകൂടാ. സൂക്ഷ്മമായ വല്ല സംബന്ധവും കണ്ടേക്കും. പക്ഷെ ആ സംബന്ധത്തെ ശരിയായി കണ്ടുപിടിക്കുവാൻ നമ്മെക്കൊണ്ട് ഇതുവരെ സാധിച്ചിട്ടില്ല.

ചോ — ഇന്ത്യയിൽ ഏതൊരുപ്രവൃത്തിമാർഗ്ഗത്തെയാണ് ഇപ്പോൾ സ്വീകരിക്കേണ്ടതു്?

ഉ — ഒന്നാമതായി വേണ്ടതു് നമ്മുടെ ആളുകളെ പ്രായോഗിക ചതുരന്മാരാക്കി തീർക്കുകയാണ്. നല്ല കായബലവും ഉണ്ടായിരിക്കണം. അത്തരത്തിൽ പന്ത്രണ്ട് ധീരകേസരികൾ ഉണ്ടായാൽ ലോകത്തെ മുഴുവൻ കീഴടക്കാവുന്നതാണ്. അല്ലാതെ; ലക്ഷോപലക്ഷം ആളുകൾ ഉണ്ടായതുകൊണ്ടും പ്രയോജനമില്ല. രണ്ടാമതായി ഏതൊരുവനേയും, അവൻ എത്രതന്നെ യോഗ്യനായാലും വേണ്ടതില്ല, ആദർശമാക്കിയെടുത്തു് അനുകരിക്കുവാൻ ശീലിപ്പിക്കരുതു്.

ചോ — ഇന്ത്യയെ അഭിവൃദ്ധിപ്പെടുത്തുന്ന സംഗതിയിൽ രാമകൃഷ്ണമിഷൻ എന്തു് പ്രവർത്തിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതു്?

ഉ — സ്വഭാവനൈർമ്മല്യം സിദ്ധിച്ചവരായ അനേകം ഗജകേസരികൾ ഈ മഠത്തിൽ നിന്നു് പുറപ്പെട്ടു്, അവരുടെ ആദ്ധ്യാത്മികശക്തിയിൽ ഈ ലോകത്തെ നീരാടിക്കും. ഇന്ത്യയെ ബ്രാഹ്മണരെക്കൊണ്ടും ക്ഷത്രിയരെക്കൊണ്ടും വൈശ്യരെക്കൊണ്ടും നിറയ്ക്കും. മേലിൽ ശൂദ്രർ എന്ന ഒരു ജാതി ഉണ്ടായിരിക്കയില്ല. ശൂദ്രരുടെ പ്രവൃത്തികളെല്ലാം യന്ത്രങ്ങൾ നിർവ്വഹിച്ചു കൊള്ളും. ഇന്നു് ഇന്ത്യയ്ക്കാവശ്യമായിരിക്കുന്നതു് ക്ഷാത്രവീര്യമാണ്.

ചോ — ഒരിക്കൽ മനുഷ്യനായിജനിച്ചാൽ പിന്നെ ആ ജീവൻ മനുഷ്യനിൽ നിന്നു് താണതായ മററുവല്ല ജാതിയിലും ജനിക്കേണ്ടതായിവരുമോ?

ഉ—വന്നേക്കാം. മനുഷ്യനായിജനിച്ചുവോ എന്നല്ല ചോദ്യം. പുനർജ്ജന്മം കേവലം കർമ്മത്തെ അശ്രയിച്ചിരിക്കുന്നതാണ്. ഒരുവൻ മൃഗീയമായ കർമ്മങ്ങൾ ചെയ്താൽ അവൻ മൃഗമായിത്തന്നെ ജനിക്കേണ്ടിവരുന്നതാണ്.

ചോ—ഈ സ്ഥൂല ശരീരത്തിൽ കുണ്ഡലിനി സ്ഥിതി ചെയ്യുന്നുണ്ടോ?

ഉ—യോഗികളുടെ അവക അധാരങ്ങളും ശക്തികളും ഒരു മനുഷ്യശരീരത്തിൽ സാധാരണമായി ഉണ്ടാകയില്ലെന്നും, അവയെ യോഗശക്തികൊണ്ട് സ്വയമേവ ഉണ്ടാക്കേണ്ടതാണെന്നും ശ്രീരാമകൃഷ്ണദേവൻ പറയാറുണ്ട്.

ചോ—വിഗ്രഹാരാധനകൊണ്ട് ഒരുവന് മുക്തി കിട്ടുമോ?

ഉ—വിഗ്രഹാരാധന കൊണ്ടു മാത്രവും നേരിട്ടും മുക്തി സിദ്ധിക്കുകയില്ല. അത് മുക്തിക്ക് കാരണമായി—മാർഗ്ഗത്തിൽ ഒരു സഹായമായി-തീരും. അദ്വൈതാനുഭൂതികൊണ്ടുമാത്രമേ ഒരുവന് പരിപൂർണ്ണനായിത്തീരുവാൻ സാധിക്കുകയുള്ളു. എന്നാൽ ഈ വിഗ്രഹാരാധനമാകട്ടെ, ഒരുവന്റെ മനസ്സിനെ ഈ അനുഭൂതിക്ക് ഉചിതമാക്കി ചെയ്യുന്നതാണ്. അതിനാൽ ആ സമ്പ്രദായത്തെ ഒരിക്കലും അക്ഷേപിക്കാവുന്നതല്ല.

ചോ—നമ്മുടെ സ്വഭാവത്തിൽ പ്രധാനമായി ഉണ്ടായിരിക്കേണ്ട ഗുണം ഏതാണ്?

ഉ—ത്യാഗം.

ചോ—ബുദ്ധമതം ഇന്ത്യയിൽ ഇത്ര നീചത്വത്തെ പ്രാപിക്കുവാനുള്ള കാരണമെന്താണ്?

ഉ—ഇന്ത്യയിലുള്ള പുരുഷന്മാരേയും സ്ത്രീകളേയും എല്ലാം സന്ന്യാസികളും സന്ന്യാസിനികളും അക്കുവാനാണ്

ബുദ്ധമതം ശ്രമിച്ചതു്. അതെല്ലാവരെക്കൊണ്ടും സാധിക്കുന്നകാൎയ്യമാണോ? അല്ല. അതിനാൽ കാലക്രമേണ സന്ന്യാസികളുടെ ഇടയിൽ അകൃത്യങ്ങൾ കണ്ടുതുടങ്ങി. അതിനും പുറമെ ബൌദ്ധന്മാർ ഇന്ത്യയ്ക്കു് പുറമേ, തിബെത്തു് മുതലായ രാജ്യങ്ങളിൽ ചെന്നു്, ബൌദ്ധധൎമ്മം പ്രചരിപ്പിക്കുവാൻ ശ്രമിച്ചതോടു കൂടി അവരുടെ ഏതാനും പരമാഭാസസമ്പ്രദായങ്ങളെ കണ്ടുപഠിച്ചു് അവയെ ഇന്ത്യയിൽ കൊണ്ടുവന്നു് വിതയ്ക്കുവാനും തുടങ്ങി. ആ ധൎമ്മസമ്പ്രദായം ദുഷിച്ചുപോകുവാൻ കാരണമായിത്തീൎന്ന മറെറാരു സംഗതി ഈ അബദ്ധാനുകരണം ആയിരുന്നു.

ചോ—മായ ആദ്യവും അവസാനവും ഇല്ലാത്തതാണോ?

ഉ—മായയെ പ്രാപഞ്ചികസത്തയായി കണക്കാക്കുമ്പോൾ അതു് സനാതനം തന്നെ; എന്നാൽ വ്യക്തിഗതഭാവത്തിൽ സനാതനമല്ലതാനും.

ചോ—ബ്രഹ്മവും മായയും സനാതനമാണെങ്കിൽ അവ ഒരേ സമയത്തിൽ നിലനില്ക്കുവാൻ പാടില്ലല്ലോ.

ഉ—പാടില്ല. ഇതു് അനുഭൂതികൊണ്ടു് ധരിക്കേണ്ടതായ സംഗതിയാണു്. ബ്രഹ്മാനുഭൂതിയുണ്ടാകുന്ന ഒരുവന്നു് പിന്നെ മായയില്ല. കയറിനെ കയറാണെന്നറിയുമ്പോൾ അതു് സൎപ്പമാണെന്നുള്ള ബോധം നിലനില്ക്കയില്ല.

ചോ—എന്നാൽ ഈ മായയെന്നു് പറയപ്പെടുന്നതു് എന്താണു്?

ഉ—ആകെ ഒന്നേയുള്ളു. അതിനു് വസ്തു എന്നോ ശക്തി എന്നോ എന്തു് പേരു വേണമെങ്കിലും പറഞ്ഞോളിൻ. ഇതിൽ ഒന്നിനെ മറേറതിൽ നിന്നു് സ്വതന്ത്രമായി വിചാരിക്കുവാൻ സാധിക്കുകയില്ല. ഇതാണു് മായ അല്ലെങ്കിൽ അജ്ഞാനം.

ചോ.—എന്നാൽ മോക്ഷം എന്നതെന്തു്?

ഉ—പരിപൂർണ്ണമായ സ്വാതന്ത്ര്യം. അതാണു് മോക്ഷം. നന്മയുടേയും തിന്മയുടേയും ബന്ധനത്തിൽ നിന്നുള്ള വിമോചനമാണു് മോക്ഷം. സ്വർണ്ണം കൊണ്ടുള്ള ചങ്ങലയും ഇരിമ്പുകൊണ്ടുള്ള ചങ്ങല പോലെതന്നെ ബന്ധനത്തെ ഉണ്ടാക്കും. "ഒരു മുള്ളുകുത്തിയാൽ അതിനെ എടുക്കുവാനായി മറെറാരു മുള്ളിനെ സ്വീകരിക്കുന്നു. അതുകൊണ്ടു കുത്തിയ മുള്ളിനെ എടുത്താൽ പിന്നെ രണ്ടു മുള്ളുകളേയും കളയുകയായി. അതു പോലെ ദുസ്സ്വഭാവങ്ങളെ ഇല്ലായ്മ ചെയ്വാൻ സൽസ്വഭാവങ്ങളെ പരിശീലിക്കണം. ഒടുവിൽ ആ വക സൽസ്വഭാവങ്ങളേയും ഉപേക്ഷിക്കേണ്ടതാണു്" എന്നു് ശ്രീരാമകൃഷ്ണൻ സാധാരണമായി പറയാറുണ്ടായിരുന്നു.

ചോ—ഈശ്വരാനുഗ്രഹം കൂടാതെ മുക്തി സിദ്ധിക്കുമൊ?

ഉ—മോക്ഷവും ഈശ്വരനും ആയി ഒരു സംബന്ധവും ഇല്ല. സ്വാതന്ത്ര്യം എപ്പോഴും ഉള്ളതാണു്.

ചോ—നമ്മളുടെ ആത്മാ ശരീരത്തിൽ നിന്നു് ഉണ്ടായിട്ടുള്ളതല്ലെന്നുള്ളതിലേയ്ക്കു് തെളിവെന്താ?

ഉ—അഹങ്കാരവും അനഹങ്കാരവും ശരീരം മനസ്സ് മുതലായവകളിൽ നിന്നു് ഉണ്ടായിട്ടുള്ളതാണെന്നു് പറയാം. എന്നാൽ ആത്മാ അങ്ങിനെയല്ല. ഇതിൻെറ തെളിവു് അനുഭൂതി ഒന്നുമാത്രം ആകുന്നു.

ചോ—ഒരു യഥാർത്ഥ ജ്ഞാനിയുടേയും യഥാർത്ഥ ഭക്തൻേറയും ലക്ഷണമെന്താണു്?

ഉ—ഹൃദയാന്തർഭാഗത്തിങ്കൽ അതിവിസ്തൃതമായപ്രേമവും ബാഹ്യത്തിൽ രണ്ടെന്നില്ലാത്ത ഭാവത്തിൻെറ അനുഭൂതിയും ഉള്ളവനാണു് യഥാർത്ഥ ജ്ഞാനി. ഹൃദയാന്തർഭാഗത്തിൽ

താനും സൎവ്വചരാചര ജഗത്തും ഒന്നുതന്നെയാണെന്നുള്ള അദ്വൈതാനുഭൂതിയും ബാഹ്യത്തിൽ സൎവ്വജനീനമായ പ്രേമവും ഉള്ളവനാണ് യഥാൎത്ഥ ഭക്തൻ. അതുകൊണ്ട് അവ ക്ക് തമ്മിൽ വ്യത്യാസമൊന്നും ഇല്ല. ജ്ഞാന-ഭക്തികളിൽ ഏതെങ്കിലും ഒന്നിനെ മാത്രം സ്വീകരിച്ച് മറേറതിനെ നിഷേധിക്കുന്നവൻ ഭക്തനുമല്ല ജ്ഞാനിയുമല്ല. അവൻ ഒരു കള്ളൻ, വഞ്ചകൻ, മാത്രം.

ചോ— ഈശ്വരപൂജ എന്താണ്? എന്തിനാണ്?

ഉ—ഈശ്വരൻ ഉണ്ട് എന്നു സമ്മതിക്കുന്ന പക്ഷം ആ ഈശ്വരനെ പൂജിക്കേണ്ടതാണെന്നും സമ്മതിക്കേണ്ടിവരും. ശരിയായ ഈശ്വരപൂജ ഈശ്വരസ്മരണയാകുന്നു. അതിലും വലിയപൂജയില്ല. ഇതു തന്നെയാണ് എല്ലാ ശാസ്ത്രങ്ങളുടേയും സിദ്ധാന്തം. നിങ്ങൾക്ക് ഈശ്വരനുണ്ടെന്നവിശ്വാസമുണ്ടെങ്കിൽ ആ ഈശ്വരൻെറ സ്മരണ നിങ്ങൾക്ക് പ്രതിപദം ഉണ്ടാകാതെ ഇരിക്കയില്ല.

ചോ—മായാവാദവും അദ്വൈതവാദവും രണ്ടും രണ്ടാണൊ?

ഉ—അല്ല. അവരണ്ടും ഒന്നുതന്നെ. അദ്വൈതവാദം എന്നതിന്നു മായാവാദം എന്ന ഒന്നല്ലാതെ മറെറാരു വ്യാഖ്യാനവും ഇല്ല തന്നെ.

ചോ— അഖണ്ഡനായിരിക്കുന്ന ഈശ്വരൻ അവതാരമെടുക്കുമ്പോൾ, ഒരു ചെറുമനുഷ്യശരീരത്തിൽ ക്ലിപ്തനായി, പരിമിതനായിത്തീരുന്നതെങ്ങിനെയാണ്?

ഉ—ഈശ്വരൻ അഖണ്ഡൻ. അപരിമിതൻ എന്നതു പരമാൎത്ഥം തന്നെ. എന്നാൽ നിങ്ങൾ വിചാരിക്കുന്നതു പോലെ അല്ലന്നേയുള്ളു. ഈ അഖണ്ഡ ബോധവും ഭൌതികമായ വലിപ്പത്തെപ്പററിയുള്ള ബോധവും തമ്മിൽ കൂട്ടികുഴയ്ക്കുകയാണ് നിങ്ങൾ ചെയ്തിരിക്കുന്നതു്. ഈശ്വരൻ

മനുഷ്യാകൃതിയെ സ്വീകരിക്കുന്നതു് ഒരു വലിയവസ്തുവെ ഒരു ചെറിയ വസ്തുവിൽ—മഹാ മേരുവെ ഒരു ചെറിയ ഡപ്പിക്കകത്തെന്ന പോലെ—അടക്കുന്നതുപോലെ യാണെന്നാണു് നിങ്ങളുടെ വിചാരം. അതുകൊണ്ടാണു് അതു് സാദ്ധ്യമല്ലെന്നും മററും പറയുന്നതു്. എന്നാൽ ഈശ്വരന്റെ അപരിമിതാവസ്ഥ അങ്ങിനെ യുള്ളതല്ല. അതു് കേവലം ആദ്ധ്യാത്മികമായ ഒരു ഭാവമാണു്. അതിനാൽ ഒരു മനുഷ്യാകൃതിയിൽ പ്രകടിതമാകുന്നതിന്നു് പ്രതിബന്ധമൊന്നും ഇല്ലതന്നെ.

ചോ—ചിലർ പറയുന്നതു "ആദ്ധ്യം സാധുവായിത്തീരുക, അതിന്നുശേഷം മാത്രമേ കർമ്മത്തിന്നു്—മററുള്ളവക്കു വേണ്ടി പ്രവൎത്തിക്കുന്നതിന്നു്—അധികാരമുള്ളൂ" എന്നാണു്. മററുചിലർ പറയുന്നതു് "ആദ്ധ്യം മുതല്ക്കേ മററുള്ളവക്ക് വേണ്ടി പ്രവൎത്തിക്കുക" എന്നും ആകുന്നു. ഇതിൽ ഏതാണു് ശരി?

ഉ.—ഇതുരണ്ടും ശരിതന്നെ. നിങ്ങൾ ഇവിടെ ഒരു കുഴപ്പു് കുഴയ്ക്കുന്നു. അതാണു് അബദ്ധം. പരന്മാക്കു വേണ്ടി പ്രവൎത്തിക്കുന്നതും കർമ്മം; അവക്കു് ഉപദേശിക്കുന്നതും കർമ്മം. ഇവയെ കൂട്ടിക്കുഴയ്ക്കരുതു്. ഇതിൽ ഉപദേശമാകുന്ന കർമ്മം ചെയ്യുന്നതിന്നു് സിദ്ധപുരുഷനല്ലാതെ മററാക്കും അധികാരമില്ല. എന്നാൽ ജീവപൂജയാകുന്ന കർമ്മത്തിന്നു് എല്ലാവക്കും ഉണ്ടു് അധികാരം. മാത്രമല്ല; അന്യന്മാരുടെ പൂജയെ അനുഗ്രഹിക്കുന്നേടത്തോളം കാലം എല്ലാവരും അവിധം പ്രവൎത്തിക്കുകതന്നെ വേണ്ടതാകുന്നു.

---

# 3

[അമേരിക്കയിലെ സുപ്രസിദ്ധമായ ഹാർവാർഡ് സർവ്വകലാശാലയോടു ചേൎന്ന് അവിടത്തെ ഉന്നതബിരുദധാരികളായ തത്വജ്ഞാനികളുടെ ഒരു വിദ്വൽസമാജമുണ്ടു്. അവിടെവെച്ചു് 1896 മാൎച്ചുമാസം 25-ാംനു- സ്വാമികൾ "വേദാന്തതത്വജ്ഞാനം" എന്ന വിഷയത്തെ പരാമർശിച്ചു് ഒരു പ്രസംഗം ചെയ്കയുണ്ടായി. പ്രസംഗാനന്തരം അവിടത്തെ വിദ്വൽപരിഷ വളഞ്ഞുകൂടി നടത്തിയ വാദപ്രതിവാദമാണു് ഇതു്.]

---

ചോ.—ആ പഴയകഥകളെല്ലാം കിടക്കട്ടെ. ആത്മികസംഗതിയിൽ ഇന്ത്യയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണു്? ഈവക സംഗതികളെപ്പറ്റി ഇക്കാലത്തു് എത്രമാത്രം ചിന്തിക്കാറുണ്ടു്?

ഉ—ഞാൻ മുമ്പു് പറഞ്ഞതുപോലെ ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും ദ്വൈതികളാണു്. അദ്വൈതികൾ കുറച്ചേ ഉള്ളു. അവിടത്തെ പ്രധാന വാദപ്രതിവാദവിഷയം മായയും ജീവനും തന്നെ. ഇവിടത്തെ സാധാരണ കൂലിവേലക്കാൎക്കുപോലും രാജ്യഭരണകാൎയ്യങ്ങളെപ്പറ്റി സാമാന്യബോധമുണ്ടെന്നു് എനിക്കു് ഇവിടെവന്നപ്പോൾ മനസ്സിലായി. ഞാൻ വളരെ സന്തോഷിച്ചു. പക്ഷേ ഞാൻ അവരോടു് അവരുടെ മതമെന്താണെന്നും മതത്തിലെ സിദ്ധാന്തങ്ങൾ എന്തെല്ലാമാണെന്നും ചോദിച്ചപ്പോൾ അവർ പറഞ്ഞതു് "അയ്യോ! ഞങ്ങൾ പള്ളിക്കുപോകാറുണ്ടെന്നല്ലാതെ മറെറാന്നും അറിഞ്ഞുകൂടാ" എന്നായിരുന്നു. അതുപോലെ ഇന്ത്യയിലെ ഒരു സാധാരണവേലക്കാരനോടു "നിൻെറ രാജാവാരാണു്" എന്നു് ചോദിച്ചാൽ "ഞാൻ കരം കൊടുക്കുന്നുണ്ടെന്നല്ലാതെ മറെറാന്നും എനിക്കറിഞ്ഞുകൂടാ" എന്നായിരിക്കും അവനും പറയുന്ന സമാധാനം. എന്നാൽ "നിൻെറ മതം എന്താണെ"ന്നു് ചോദിച്ചുനോക്കുക. അപ്പോൾ കേൾക്കാം അവൻെറ ആശയങ്ങൾ. അവനു് മായയെപ്പറ്റിയും ജീവനെപ്പറ്റിയും വിവരമായ അറിവുണ്ടു്. അവനു് എഴുതുവാനും വായിക്കുവാനും അറിഞ്ഞുകൂടാ. എങ്കിലും ഇതൊക്കെ മനസ്സിലാക്കിവച്ചി

രിക്കുന്നു. മാത്രവുമല്ല, അവന്നു് അതിനെപ്പററി സംസാരിക്കുവാൻ വളരെ സന്തോഷവും ആണു്. അന്നത്തെ പണ്ഡിതന്മാരെല്ലാം ചെയ്യുതിരുന്നാൽ അവർ വല്ല മരച്ചുവട്ടിലോമറേറാ കൂടിയിരുന്നു് ഈവക സംഗതികളെപ്പററി സംസാരിക്കുന്നതു കേൾക്കാം.

ചോ—ഹിന്തുക്കളുടെ മതപ്രതിപത്തിയുടെ സ്വഭാവമെന്താണു്?

ഉ—ഇക്കാലത്തു് ഭക്ഷണം വിവാഹം എന്നിവകളെ സംബന്ധിച്ചുള്ള ഏതാനും നിയമങ്ങളെ അനുസരിക്കൽ മാത്രമായി തീൎന്നിട്ടുണ്ടു്. അവന്നു് പിന്നെ ഏതു് സിദ്ധാന്തം വേണമെങ്കിലും സ്വീകരിക്കാം. നിർബ്ബന്ധിതമായ ഏകപന്ഥാ ഇന്ത്യയിൽ ഒരിക്കലും ഉണ്ടായിട്ടില്ല. അതുകൊണ്ടു് മതാനുവൎത്തനത്തിൽ നിർബ്ബന്ധമായ നിയമങ്ങളും ഉണ്ടായിട്ടില്ല. പിന്നെ വേദങ്ങളെ വിശ്വസിക്കുന്നവർ മതനിഷ്കർഷയുള്ളവരാണെന്നു് വേണമെങ്കിൽ പറയാം. എന്നാൽ അതും വളരെ ശരിയല്ല. വേദങ്ങളേക്കാൾ അധികമായി പുരാണങ്ങളെ വിശ്വസിക്കുന്ന പല വൎഗ്ഗങ്ങളും ദ്വൈതവാദികളിൽ കാണപ്പെടുന്നുണ്ടു്.

ചോ—ഗ്രീക്കുകാരുടെ തത്വജ്ഞാനത്തിന്നു് നിങ്ങളുടെ തത്വജ്ഞാനം കൊണ്ടു് വല്ല ഗുണവും സിദ്ധിച്ചിട്ടുണ്ടോ?

ഉ—അലക്സാൻഡ്രിയാക്കാരിൽക്കൂടെ ചില ഗുണങ്ങളെല്ലാം ഉണ്ടായിട്ടുണ്ടായിരിക്കണം എന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്. പൈത്തഗോറൻകാർ സാംഖ്യമതത്തെ പകൎത്തിയിരിക്കുന്നതായും വിശ്വസിക്കണം. ഏതായാലും വേദത്തിലുള്ള തത്വജ്ഞാനസിദ്ധാന്തങ്ങളെ ന്യായമാൎഗ്ഗത്തിൽക്കൂടെ കൊണ്ടുവരുവാൻ ഒന്നാമതായി ശ്രമിച്ചിട്ടുള്ളതു് സാംഖ്യമതമാണെന്നാണു് ഞങ്ങളുടെ വിശ്വാസം. സാംഖ്യദർശനകൎത്താവായ കപിലനെപ്പററി വേദത്തിൽതന്നെ പറഞ്ഞുകാണുന്നുണ്ടു്. *

* ഋഷിം കപിലം പ്രസൂതം യസ്തു മഗ്രേ.

ചോ.—ഈ സിദ്ധാന്തവും പാശ്ചാത്യതത്വവിജ്ഞാനീയവും തമ്മിലുള്ള വിരോധം എന്താണു്?

ഉ.—ഒരു വിരോധവും ഇല്ല. ഞങ്ങൾക്കു് അതോടുകൂടി യോജിപ്പേ ഉള്ളൂ. പരിണാമം, ആകാശം, പ്രാണൻ ഇവകളെപ്പററി ഞങ്ങൾക്കുള്ള അതേ അഭിപ്രായം തന്നെയാണു് നിങ്ങളുടെ ആധുനിക ശാസ്ത്രജ്ഞന്മാൎക്കും ഉള്ളതു്. നിങ്ങൾക്കു് പരിണാമവാദത്തിൽ ഇന്നുള്ള ഈ വിശ്വാസം ഞങ്ങളുടെ യോഗികളിലും സാംഖ്യന്മാരിലും ഉള്ളതായിരുന്നു. "പ്രകൃതിയുടെ പൂരണം നിമിത്തം ഒരു ജാതി മറെറാരു ജാതിയായി മാറുന്നു." * എന്നു് പതഞ്ജലി തന്നെ പറഞ്ഞിട്ടുണ്ടു്. അതിൻെറ വ്യാഖ്യാനത്തിൽ മാത്രമേ നിങ്ങളുമായി ഭിന്നിപ്പുള്ളൂ. ആ ഋഷിവര്യൻ ഈ പരിണാമത്തെ വ്യാഖ്യാനിക്കുന്നതു് ആധ്യാത്മികമായിട്ടാണു്. സമീപത്തിൽ കൂടെ ഒഴുകുന്ന ഒരു കല്യയിൽ നിന്നു് വെള്ളം വിട്ടു് തൻെറ കൃഷിസ്ഥലത്തെ സേചനം ചെയ്വാൻ വിചാരിക്കുമ്പോൾ കൃഷിക്കാരൻ ചിപ്പു് തുറക്കുകമാത്രം ചെയ്താൽ മതി. അതുപോലെ, ഓരോരുത്തരും പ്രകൃത്യാ പരിപൂൎണ്ണന്മാരാണു്. വ്യത്യസ്തപരിതസ്ഥിതികളായ ചങ്ങലകൾ കൊണ്ടും കമ്പികൾ കൊണ്ടും അവരെ അടച്ചു പൂട്ടിവെച്ചിരിക്കുകയാകുന്നു. ആ തടസ്സങ്ങളെ നീക്കം ചെയ്താൽ ഉള്ളിലുള്ള ആ പരിപൂൎണ്ണഭാവം പുറത്തേയ്ക്കു് പ്രവഹിക്കുന്നതാണു്. × മൃഗത്തിലും മാനുഷികഭാവം ഉണ്ടു്. പക്ഷെ അതിനെ അവിടെ ഒതുക്കി അമൎത്തു് വെച്ചിരിക്കുകയാണു്. അതിനാൽ തക്കതായ ഒരു അവസരം സിദ്ധിക്കുമ്പോൾ ആ ഭാവം പ്രകടിതമായിത്തീരുന്നു. അതുപോലെ തന്നെയാണു് മനുഷ്യനിൽ ദൈവികഭാവവും. ഒരു അവസരം കിട്ടുമ്പോൾ ആ ഭാവവും പ്രക

---

* ജാത്യന്തരപരിണാമഃ പ്രകൃത്യാപൂരാൽ.

× നിമിത്തമപ്രയോജകം പ്രകൃതീനാം വരണഭേദസ്തു തതഃ ക്ഷേത്രികവൽ.

ട്ടിതമായിക്കൊള്ളും. അതുകൊണ്ടു് ആധുനികസിദ്ധാന്തങ്ങളുമായി ഞങ്ങൾക്കു് ഒരു വഴക്കം വിരോധവും ഇല്ല. നോക്കുക; അനുഭൂതിയെ സംബന്ധിച്ചുള്ള ഞങ്ങളുടെ സാംഖ്യസിദ്ധാന്തവും ഇന്നത്തെ നിങ്ങളുടെ നവീന ശാസ്ത്രസിദ്ധാന്തവും ഒന്നു തന്നെ ആകുന്നു.

ചോ—എന്നാലും നിങ്ങളുടെ സമ്പ്രദായം ഒന്നു വേറേ തന്നെയാണു്.

ഉ—അതതെ. അറിവു് സമ്പാദിക്കുവാനുള്ള ഏകോപായം മനഃശക്തികളെ ഏകാഗ്രമാക്കി ഒരു വസ്തുവിൽ പ്രയോഗിക്കുക മാത്രമാണെന്നാണു് ഞങ്ങൾ പറയുന്നതു്. ബാഹ്യവിഷയങ്ങളെപ്പററിയാണു് അറിയേണ്ടതെങ്കിൽ മനഃശക്തികളെ ഏകീകരിച്ചു് പ്രയോഗിക്കേണ്ടതു് ബാഹ്യവസ്തുവിലാണു്. അന്തഃവിഷയങ്ങളെപ്പററിയാണെങ്കിൽ മനഃശക്തികളെ തന്നിൽതന്നെ ഒതുക്കി നിത്തണം. ഈ ഏകീകരണത്തെയാണു് ഞങ്ങൾ യോഗം എന്നു് പറയുന്നതു്.

ചോ—അങ്ങിനെ മനഃശക്തികളെ ഏകീകരിച്ചു് പ്രയോഗിച്ചാൽ തത്വങ്ങളുടെ പരമാത്ഥം പ്രത്യക്ഷമാകുമോ?

ഉ—ആകുമെന്നാണു് യോഗികളുടെ സിദ്ധാന്തം. മനഃശക്തികളെ ഏകാഗ്രമാക്കുന്നതുകൊണ്ടു് ബാഹ്യവും ആന്തരവും ആയി പ്രപഞ്ചത്തിലുള്ള സമസ്ത തത്വങ്ങളും മനസ്സിന്നു് പ്രത്യക്ഷമാകുമെന്നു് അവർ പറയുന്നു.

ചോ—പ്രപഞ്ചോല്പത്തിയെപ്പററി അദ്വൈതികളുടെ അഭിപ്രായം എന്താണു്?

ഉ—ഈ പ്രപഞ്ചോല്പത്തിയും മററുമെല്ലാം മായയിൽ മാത്രമേ ഉള്ളു എന്നാണു് അവർ പറയുന്നതു്. വാസ്തവത്തിൽ അങ്ങിനെ ഒന്നുംതന്നെ ഇല്ല. എന്നാൽ നാം ബന്ധനത്തിൽ ഇരിക്കുന്നേടത്തോളം കാലം ഈ നാനാവിധ കാഴ്ചകളെല്ലാം കണ്ടേമതിയാകു. ഈ കാഴ്ചയിൽ, സംഗതിക

ളെല്ലാം ഒരു വ്യവസ്ഥിത നിയതി അനുസരിച്ചെന്നപോലെ യഥാക്രമം സംഭവിച്ചുകൊണ്ടിരിയ്ക്കുകയാണു്. എന്നല്ലാതെ അപ്പുറം നിയതിയുമില്ല നിയമവും ഇല്ല. സ്വാതന്ത്ര്യം ഒന്നുമാത്രം.

ചോ—അദ്വൈതം ദ്വൈതത്തിന്നു പ്രതികൂലമാണോ?

ഉ—ഒരിക്കലും അല്ല. ഉപനിഷത്തുക്കളെല്ലാം ക്രമീകരിച്ചു് എഴുതപ്പെട്ടവ അല്ലാത്തതുകൊണ്ടു് വിദ്വാന്മാൎക്കു് അവരുടെ ഇഷ്ടംപോലെ ഓരോ ഭാഗം പിടിച്ചു് ഓരോ സമ്പ്രദായങ്ങളെ രൂപീകരിക്കുവാൻ സാധിയ്ക്കുന്നുണ്ടു്. എല്ലാവൎക്കും ഉപനിഷത്തുക്കളെത്തന്നെ ആധാരമാക്കി പിടിച്ചേ കഴിയു. ഇല്ലെങ്കിൽ അടിസ്ഥാനമില്ലെന്നു് വരും. ഉപനിഷത്തുക്കളിൽ നാനാസമ്പ്രദായങ്ങളേയും പററി പറഞ്ഞു കാണുന്നതും ഉണ്ടു്. അതിനാൽ അദ്വൈതം ദ്വൈതത്തിന്നു് വിരോധമല്ലെന്നാണു് ഞങ്ങൾ തീൎച്ചയാക്കിവെച്ചിട്ടുള്ളതു്. ദ്വൈതം മൂന്നു പടികളിൽ ഒന്നു് എന്നേയുള്ളു. ധൎമ്മത്തിന്നു എപ്പോഴും മൂന്നുപടികൾ കാണാം. അവയിൽ ആദ്യത്തേതാണു് ദ്വൈതം. അവിടെ നിന്നു് കുറച്ചുകൂടി ഉയരുമ്പോൾ വിശിഷ്ടാദ്വൈതമായി. അവസാനം ശുദ്ധാദ്വൈതവും. അതിനാൽ ഇവ അന്യോന്യം എതിൎക്കുകയല്ല, പ്രത്യുത മൂന്നും ഒന്നായി യോജിച്ചു് പൂൎണ്ണമാക്കുകയാണു് ചെയ്യുന്നതു്.

ചോ—മായ എന്തിനായിട്ടാണു്?

ഉ—നിമിത്തത്തിന്റെ പരിധിക്കപ്പുറത്തു് "എന്തുകൊണ്ടു്?" എന്ന ചോദ്യം ഉണ്ടാകുവാൻ പാടില്ല. മായയിൽ മാത്രമേ ആ ചോദ്യം നിലനില്ക്കുന്നുള്ളു. ന്യായശാസ്ത്രാനുസരണം ചോദിച്ചാൽ സമാധാനം പറയാം. അല്ലാത്ത ചോദ്യങ്ങൾക്കു് സമാധാനം പറയുവാൻ സാധിക്കുക ഇല്ല.

ചോ—സാകാര ഈശ്വരൻ മായാകാൎയ്യമാണോ?

ഉ—അതെ. മായയിൽക്കൂടെ കാണപ്പെടുന്ന കേവല സത്തയാകുന്നു ഈശ്വരൻ. പ്രകൃതിയുടെ നിയന്ത്രണത്തിന്നധീനമായിരിക്കുന്ന കേവല സത്തയെ ജീവാത്മാവെന്നും ആ പ്രകൃതിയെ നിയന്ത്രിക്കുന്ന കേവല സത്തയെ ഈശ്വരനെന്നും പറയുന്നു. ഒരാൾ ഇവിടെ നിന്നു് സൂര്യഗോളത്തിലേയ്ക്കു് പുറപ്പെടുന്നു എന്നിരിക്കട്ടെ. ആ ആൾ ആദ്യമായി കാണുന്നതു് ഒരു ചെറിയ ബിംബത്തെ ആയിരിക്കും. എങ്കിലും സൂര്യന്നു് അടുക്കുന്തോറും ആ ബിംബം വലുതായി വലുതായിക്കൊണ്ടു് വരുന്നതുകാണാം. ഈ ഗതിയിൽ അവൻ ഓരോ ഘട്ടത്തിലും വിഭിന്നാകൃതിയിൽ കാണുന്നബിംബങ്ങളെല്ലാം ഒരേ ഒരു സൂര്യന്റേതു തന്നെആണെന്നു് നമുക്ക് അറിയാമെല്ലൊ. അതുപോലെ ഈ കാണപ്പെടുന്നവയെല്ലാം കേവലസത്തയുടെ വിഭിന്ന ദർശനങ്ങൾ മാത്രമാണു്. അതുകൊണ്ടു് അവയെല്ലാം പരമാർത്ഥങ്ങളും ആകുന്നു. ഒന്നുംതന്നെ കളവല്ല. എന്നാൽ വ്യത്യാസം സ്ഥാനത്തിന്നുമാത്രം.

ചോ—ഈ കേവലസത്തയെ അറിയുവാനുള്ള പ്രത്യേക മാർഗ്ഗം എന്താണു്?

ഉ—അതിന്നു് രണ്ടുമാർഗ്ഗങ്ങൾ ഉണ്ടെന്നാണു് ഞങ്ങൾ പറയുന്നതു്. ഒന്നു് അനുകൂലം, മറേറതു് നിഷേധം. ഇതിൽ അനുകൂലമാർഗ്ഗത്തിൽ കൂടെയാണു് സമസ്തലോകവും സദാ പോയിക്കൊണ്ടിരിക്കുന്നതു്. ഭക്തി അല്ലെങ്കിൽ പ്രേമം എന്നു് പറയപ്പെടുന്നതു് അതാകുന്നു. ഈ പ്രേമവൃത്തത്തെ നിസ്സീമമായി വലുതാക്കിയാൽ ഒടുവിൽ പ്രാപഞ്ചികൈകപ്രേമത്തിൽ എത്തിച്ചേരാം. മറേറതു് "നേതി നേതി"(ഇതല്ല ഇതല്ല) മാർഗ്ഗം. മനസ്സിനെ പുറത്തേയ്ക്കു് തുരത്തുന്നതായ ഓരോ ക്ഷോഭത്തെയും ഈ മാർഗ്ഗത്തിൽക്കൂടെ അടക്കിയാൽ ഒടുവിൽ മനസ്സു് ശാന്തമാകുന്നതും അപ്പോൾ പരമാർത്ഥസത്ത സ്വയമേവ പ്രത്യക്ഷപ്പെടുന്നതും ആകുന്നു. ഈ അവസ്ഥയെയാണു് ഞങ്ങൾ "സമാധി" എന്നു് പറയുന്നതു്.

ചോ—അപ്പോൾ കർത്താവു് കാൎയ്യത്തിൽ ലയിയ്ക്കുകയായിരിക്കും. അല്ലേ?

ഉ—അല്ല. കാൎയ്യം കർത്താവിൽ ലയിക്കുകയാണു്. യഥാൎത്ഥത്തിൽ നശിയ്ക്കുന്നതു് ലോകം. അവശേഷിക്കുന്നതു് ഞാൻ. പിന്നെ ഞാൻ മാത്രമേ അവശേഷിക്കുന്നുള്ളൂ.

ചോ—ഭക്തിയെ സംബന്ധിച്ചുള്ള ഇന്ത്യയിലെ സിദ്ധാന്തങ്ങളെല്ലാം പാശ്ചാത്യരെ അനുകരിച്ചു് ഉണ്ടായിട്ടുള്ളതാണെന്നു് ഞങ്ങളുടെ ചില മുൻതത്വജ്ഞാനികൾ വിചാരിക്കുന്നുണ്ടല്ലോ. അതിൽ എത്രത്തോളം പരമാൎത്ഥമുണ്ടു്?

ഉ—ഞാൻ ആ അഭിപ്രായത്തെ ലവലേശംആദരിക്കുന്നില്ല. ആ ഊഹമേ അബദ്ധമാണു്. ഒന്നാമതായി ഇന്ത്യയിലെ ഭക്തിക്കും നിങ്ങളുടെ പാശ്ചാത്യരാജ്യങ്ങളിലുള്ള ഭക്തിക്കും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. ഞങ്ങളുടെ ഭക്തിയുടെ സൎവ്വപ്രധാനമായ സിദ്ധാന്തം, ഭക്തിയിൽ ഭയത്തിന്നു് സ്ഥാനമില്ലെന്നുള്ളതാകുന്നു. ഈശ്വരനിലുള്ള നിഷ്കപടമായ പ്രേമം മാത്രമാണു് ഭക്തി. ഈശ്വരാരാധനം അത്യന്തം സ്നേഹത്തിൽകൂടെ മാത്രമല്ലാതെ ഒരിക്കലും ഭയത്തിൽകൂടെ ഉണ്ടാകുന്നതല്ല. രണ്ടാമതായി ഈ ഊഹംതന്നെ കേവലം അനാവശ്യമായതാകുന്നു. ക്രിസ്ത്യാനികളുടെ ബൈബിളിനെക്കാൾ എത്രയൊ എത്രയൊ പഴക്കംകൂടിയതാണു് ഹിന്തുക്കളുടെ ഉപനിഷത്തു്. അതിൽകൂടെ ഭക്തിയെപ്പററി പറഞ്ഞുകാണുന്നുണ്ടു്. മാത്രമല്ല, ഭക്തിയുടെബീജം സംഹിതയിൽ കൂടേയും ഇല്ലാതിരിക്കുന്നില്ല. രണ്ടാമതായി ഭക്തി എന്ന പദംതന്നെ പാശ്ചാത്യപദമല്ല. അതു് "ശ്രദ്ധ"യിൽനിന്നു് ഉണ്ടായിട്ടുള്ളതാണു്.

ചോ—ക്രിസ്തുമതത്തെപ്പററി ഇന്ത്യക്കാരുടെ അഭിപ്രായം എന്താണു്?

ഉ—അതും വളരെനല്ലതുതന്നെയാണെന്നാകുന്നു. വേദാന്തം ഒന്നിനേയും നിഷേധിക്കുന്നില്ല. എല്ലാററിനേയും സോല്ലാസം അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഇന്ത്യയിൽ ഒരു പ്രത്യേകതയുള്ളത് ഇതാണ്. എനിക്ക് ഒരു പുത്രൻ ഉണ്ടെന്ന് വിചാരിക്കുക. ഞാൻ അവനെ ധർമ്മത്തെപ്പററി ഒന്നുംതന്നെ പഠിപ്പിക്കുകയില്ല. ശ്വാസത്തെ നിയന്ത്രിക്കേണ്ട സമ്പ്രദായം, മനസ്സിനെ ഏകാഗ്രമാക്കേണ്ടരീതി, ഒരു ചെറിയ മന്ത്രം ഇത്രയേ അഭ്യസിപ്പിക്കുകയുള്ളു. ഈ മന്ത്രം നിങ്ങളുടെപ്രാർത്ഥനപോലെ ഉള്ളതൊന്നും അല്ല. "പ്രപഞ്ചകർത്താവായവനെ ഞാൻ ധ്യാനിക്കുന്നു. അവൻ എൻെറ മനസ്സിനെ പ്രകാശിപ്പിക്കുമാറാകട്ടെ." ഇതുപോലെ ഒന്നായിരിക്കും മന്ത്രം. അവനെ അഭ്യസിപ്പിക്കുന്നത് ഇത്രമാത്രമാണ്. അവൻ പിന്നെ അതും വെച്ചുകൊണ്ട് പല പല തത്വജ്ഞാനികളുടേയും ഗുരുക്കന്മാരുടേയും പിന്നാലെ നടക്കുകയായി. ഇങ്ങിനെ കുറേക്കഴിയുമ്പോൾ അവന്ന് ഇവരിൽ ആരെങ്കിലും ഒരാൾ മനസ്സിന്നു ഇണങ്ങിയവനായിക്കാണും. അവനെ ഗുരുവാക്കുന്നു. "അങ്ങയുടെ ഉപദേശം എൻെറ മനസ്സിനെ വളരെ ആകർഷിക്കുന്നു. അതിനാൽ ആമാർഗ്ഗത്തെ എനിക്കായിക്കൊണ്ട് ഉപദേശിക്കണം" എന്നാകും പ്രാർത്ഥന. നിങ്ങളുടെ സിദ്ധാന്തം എനിക്കോ എൻെറ സിദ്ധാന്തം നിങ്ങൾക്കോ പററില്ലെന്ന് വരികയില്ല. അവനവന്ന് ഇഷ്ടമുള്ള മാർഗ്ഗംതന്നെ ഓരോരുത്തർക്കും ഉണ്ടായിരിക്കണം എന്നാണ് ഞങ്ങളുടെ സർവ്വപ്രധാനമായ സിദ്ധാന്തം. എൻെറ മകളുടെ മാർഗ്ഗം ഒന്നായിരിക്കാം; എൻെറ മകൻെറ മാർഗ്ഗം മറെറാന്നായിരിക്കാം; എൻേറത് ഇവരണ്ടും അല്ലാതെ വേറെ ഒന്നായിരിക്കാം. ഇങ്ങിനെ ഓരോരുത്തർക്കും ഓരോ "ഇഷ്ടം" കാണും. അവർ അതിനെ ബലമായി വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അത് എൻെറ ഗുരുവിന്നും എനിക്കും തമ്മിലുള്ള രഹസ്യമാണ്. അല്ലാതെ അതുകൊണ്ടൊരു വഴക്കുണ്ടാക്കുവാൻ ഞങ്ങളാരും ഉദ്ദേശിക്കാറില്ല. ഓരോരുത്തരും അവരവർക്ക് പററിയ

മാർഗ്ഗം സ്വയമേവ കണ്ടുപിടിക്കേണ്ടതായിരിക്കുന്നതുകൊണ്ടു് ഒരുവൻെറ മാർഗ്ഗം മറെറാരുവനോടു പറഞ്ഞതുകൊണ്ടും ഗുണമൊന്നും ഉണ്ടാകുവാനില്ല. പൊതുവിലുള്ള തത്വങ്ങളും പൊതുവിലുള്ള സമ്പ്രദായങ്ങളും മാത്രമേ സാർവ്വത്രികമായി പഠിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന്നു് ഞാൻ ഒരു ഉദാഹരണം പറയാം. ഒററക്കാലിന്മേൽ നില്ക്കുന്നതു് എനിക്കു് പക്ഷെ വിശ്രമകരമായി തോന്നുമായിരിക്കാം. എന്നുവെച്ചു് നിങ്ങളെല്ലാം ഒററക്കാലിന്മേൽ നില്ക്കേണമെന്നു് ഞാൻ സിദ്ധാന്തിക്കുന്നതായാൽ നിങ്ങൾ എന്നെപ്പററി എന്തു് വിചാരിക്കും? അതുപോലെ ദ്വൈതമായിരിക്കാം എനിക്കു് പററുന്നതു്; പ്രത്യുത, അദ്വൈതമായിരിക്കാം എൻെറ ഭാര്യയ്ക്കു് പററുന്നതു്. ഇങ്ങിനെയാണു് ഓരോരുത്തരുടേയും കാര്യം. ഒരുവൻ ജാതിമര്യാദകളെ അനുസരിക്കണമെന്നേ അവിടെ നിർബ്ബന്ധമുള്ളൂ. അത്രയും ചെയ്താൽ പിന്നെ അവന്നു് അവൻെറ ഇഷ്ടപ്രകാരം ക്രിസ്തുവിനേയൊ, ബുദ്ധനേയൊ, മഹമ്മദിനേയൊ ആരെവേണമെങ്കിലും സേവിക്കാം. അതു് അവൻെറ സ്വന്തം "ഇഷ്ടം."

ചോ—എല്ലാ ഹിന്ദുക്കളും ജാതിയിൽ വിശ്വാസമുള്ളവരാണോ?

ഉ—വിശ്വാസമുള്ളവരാണെന്നു മാത്രമല്ല; വിശ്വാസമുള്ളവരായിരിക്കുവാൻ നിർബ്ബന്ധിതർ കൂടേയും ആകുന്നു. അവർക്കു് വിശ്വാസമില്ലെങ്കിൽ കൂടേയും വേണ്ടതില്ല അവർ ജാതിമര്യാദകളെ അനുസരിച്ചേമതിയാകൂ.

ചോ—ഈ ശ്വാസനിയന്ത്രണവും ധ്യാനവും അവിടെ എല്ലാവരും പരിശീലിക്കുന്നുണ്ടോ?

ഉ—ഉണ്ടു്. എന്നാൽ ചിലർ അവരുടെ ധർമ്മത്തിന്നു് അത്യാവശ്യമായേടത്തോളം മാത്രമേ ചെയ്യുന്നുള്ളൂ എന്നു് വന്നേക്കാം. ഇന്ത്യയിലെ ക്ഷേത്രങ്ങൾ ഇവിടുത്തെ പള്ളികളെപ്പോലെ അല്ല. അവയെല്ലാം നാളെ പക്ഷെ ഇല്ലാതായി

തീന്നാലും അതുകൊണ്ടു് അവിടെ അവരുടെ ധമ്മത്തിന്നു് ഒരു ലോപവും വരാനില്ല. അവിടെ ക്ഷേത്രങ്ങൾ പണിചെയ്യിച്ചിട്ടുള്ളതു് ധമ്മിഷ്ഠന്മാരായ ഓരോ ധനികന്മാരാണ്. സ്വൎഗ്ഗത്തിൽ പോകേണമെന്നോ, സന്താനമുണ്ടാകേണമെന്നോ അതുപോലെ മററെന്തെങ്കിലും ഫലം സിദ്ധിക്കേണമെന്നോ വിചാരിക്കുന്നവർ അവരുടെ അനുഗ്രഹ സാദ്ധ്യത്തിന്നു് വലിയ വലിയ ക്ഷേത്രങ്ങൾ പണിചെയ്യിച്ചു് പൂജാദികൾക്കും നിത്യനിദാനത്തിനും വേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതാണ്. അതുകൊണ്ടു് എല്ലാവരും അവിടെ പോയിക്കൊള്ളണമെന്നൊന്നും ഇല്ല. ഓരോരുത്തരും പൂജാദികളും നിത്യകമ്മാദികളും അനുഷ്ഠിക്കേണ്ടതും അനുഷ്ഠിക്കുന്നതും അവരവരുടെ സ്വന്ത ഗൃഹത്തിൽ വെച്ചുതന്നെ ആകുന്നു. ഓരോ ഹിന്തുഗൃഹത്തിലും, ഇതിൻെറ ആവശ്യത്തിലേയ്ക്കായി ഓരോ മുറി പ്രത്യേകമായി ഒഴിച്ചുവെച്ചിട്ടുണ്ടായിരിക്കും. ഉപനയനം കഴിഞ്ഞ എല്ലാ കുട്ടികളുടേയും ദിവാരംഭത്തിലെ ഒന്നാമത്തെ കൃത്യം സ്നാനം ചെയ്യുകയാകുന്നു. പിന്നെ നിത്യകമ്മം കഴിക്കണം. നിത്യകമ്മം എന്നതു ശ്വാസനിയന്ത്രണവും ധ്യാനവും മന്ത്രജപവും ആണെന്നു് ഞാൻ മുമ്പു് പറഞ്ഞിട്ടുണ്ടല്ലൊ. മറെറാരു പ്രധാനകാൎയ്യം ശരീരത്തെ ശരിയായി പിടിയ്ക്കുന്നതാകുന്നു. ശരീരത്തെ അരോഗദൃഢമാക്കിചെയ്യുവാൻ മനസ്സിന്നു് ശക്തിയുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. ഒരുവൻെറ നിത്യകമ്മം കഴിഞ്ഞാൽ ആ മുറിയിൽ മറെറാരുവൻവന്നു് കയറുകയായി. ഇങ്ങിനെ ഓരോരുത്തരും ഏകാന്തത്തിൽ നിശ്ശബ്ദമായാണ് പ്രവൃത്തിക്കുന്നതു്. ചിലപ്പോൾ ഒരേമുറിയിൽ തന്നെ രണ്ടും നാലും ജനങ്ങൾ ഇരിക്കുന്നതായും കണ്ടേയ്ക്കാം. എന്നാലും ഓരോരുത്തരുടേയും മാൎഗ്ഗം ഓരോന്നായി എന്നു് വരും. ഇങ്ങിനെ ദിവസേന രണ്ടുനേരവും മുടങ്ങാതെ നിത്യകമ്മം ചെയ്യണമെന്നാണു ഞങ്ങളുടെ നിയമം.

ചോ—നിങ്ങൾ പറയുംപോലെയുള്ള ഈ അദ്വൈതഭാവന വെറും ഒരു ആദൎശംമാത്രമാണോ; അതൊ അതു് അനുഭവപ്പെട്ടതാകുന്ന ഒരു പരമാൎത്ഥമാണോ?

ഉ—അത് അനുഭവപ്പെട്ടത്താകുന്ന ഒരു ശുദ്ധപരമാൎത്ഥമാണെന്നാണ് ഞങ്ങൾ പറയുന്നത്. അല്ലാതെ സംസാരിക്കുവാൻ മാത്രമുള്ള ഒന്നാണെങ്കിൽ അതുകൊണ്ട് എന്തുപ്രയോജനമാണ് ഉള്ളത്. ആത്മാനുഭൂതിക്കു ശ്രവണം, മനനം, നിദിധ്യാസനം, ഇങ്ങിനെ മൂന്ന് പടികളെ വേദം പഠിപ്പിക്കുന്നതും ഉണ്ട്. ആദ്യമായി ആത്മാവിനെപ്പററി കേൾക്കണം, പിന്നെ കേട്ടതിനെപ്പററി നല്ലപോലെ ചിന്തിക്കണം, ഇങ്ങിനെ ചിന്തിച്ച് ബോദ്ധ്യം വരുത്തിയതിനെ മാത്രമേ വിശ്വസിക്കാവു. അല്ലാതെ അന്ധമായി ഏതും ഒന്നും വിശ്വസിക്കുന്നത് നന്നല്ല ഇങ്ങിനെ വിശ്വസിച്ചതിനെ പിന്നെ ധ്യാനിക്കണം. ധ്യാനംകൊണ്ടാണ് അനുഭൂതി സിദ്ധിക്കുന്നത്. അതാണ് ശരിയായധൎമ്മം. അല്ലാതെ വെറും വിശ്വാസം ധൎമ്മത്തിന്റെ ഒരു ഭാഗമേ അല്ല. "സമാധിയാണ് ധൎമ്മാനുഭൂതി" എന്ന് ഞങ്ങൾ പറയുന്നത് ഇതുകൊണ്ടാണ്.

ചോ—ഈ സമാധി അനുഭവിച്ച ഒരുവന് അത് ഇന്നപ്രകാരമാണെന്ന് പറയുവാൻ സാധിക്കുകയില്ലയൊ?

ഉ—സാധിക്കുകയില്ല. സമാധി അവസ്ഥയെ വാക്കുകളെക്കൊണ്ട് വിവരിക്കുവാൻ സാധിക്കുകയില്ല. ഫലം കൊണ്ടുവേണം അതിനെ അറിയുവാൻ. ഉറങ്ങുവാൻ പോകുന്ന ബുദ്ധിഹീനൻ തന്നെയാണ് ഉറക്കത്തിൽ നിന്ന് ഉണൎന്ന് വരുന്നത്. ഒരുപക്ഷെ കുറേക്കൂടെ മണ്ടനായി എന്നുകൂടേയും വന്നേയ്ക്കാം. എന്നാൽ സമാധിയിൽ പോകുന്ന മുഠാളൻ മടങ്ങിവരുമ്പോൾ തത്വജ്ഞാനിയായി തീൎന്നിരിക്കുന്നതു കാണാം. ഈ രണ്ട് അവസ്ഥകൾക്കും തമ്മിലുള്ള വ്യത്യാസം ഇതാണ്".

ചോ—പ്രഫസർ—ടെ ചോദ്യങ്ങളെ തുടൎന്ന് എനിയ്ക്കും ചിലതു് ചോദിച്ചാൽ കൊള്ളാമെന്നുണ്ട്. സ്വന്ത മനസ്സിനെത്തന്നെ ആകൎഷിച്ച് മയക്കുന്നതായ സമ്പ്രദായം*

---

* Self-hypnotism

പ്രാചീന ഭാരതത്തിൽ ധാരാളം നടപ്പുണ്ടായിരുന്നുവെല്ലോ. ആ സമ്പ്രദായത്തിന്റേയും, ഈക്കാലത്തു് പരിചയിക്കുന്നതും നിങ്ങൾ പറയും പോലെയുമുള്ളതും ആയ സമ്പ്രദായത്തിന്റേയും തത്വങ്ങളെപ്പററി ശരിയായി ചിന്തിച്ചവർ ആരെങ്കിലും ഇന്നു് ഇന്ത്യയിൽ ഉണ്ടോ? ഇന്നത്തെ പരിഷ്കൃത ഭാരതത്തിൽ ഇതൊന്നും അത്ര അധികം ഉണ്ടാകയില്ലെന്നുള്ളതു് തീൎച്ചതന്നെയാണല്ലോ.

ഉ—നിങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ "ഹിപ്നൊട്ടിസം" എന്നു് പറയുന്നതും യഥാൎത്ഥവസ്തുവിന്റെ ഒരു ഭാഗം തന്നെ ആകുന്നു. ഹിന്ദുക്കൾ "സ്വാത്മസംരക്ഷണം" അല്ലെങ്കിൽ "ആത്മനിർവൃതീകരണം" എന്നാണു് അതിനെ പറയുന്നതു്. നിങ്ങൾ മയക്കപ്പെട്ട ആത്മാക്കളോടു് കൂടിയവരായി കഴിഞ്ഞിരിക്കുന്നു എന്നും, നിങ്ങൾ ഇനി അതിൽ നിന്നു് നിവൎത്തിച്ചു് സ്വതന്ത്രരാകണമെന്നും ആണു് ഞങ്ങൾ പറയുന്നതു്. "അവിടെ സൂൎയ്യൻ ഭാസിയ്ക്കുന്നില്ല; ചന്ദ്രനക്ഷത്രങ്ങളും ഭാസിയ്ക്കുന്നില്ല; ഇടിമിന്നൽ അതിനെ ശോഭിപ്പിയ്ക്കുന്നില്ല; പിന്നെ ലൌകികാഗ്നിയെപ്പററി പറയേണ്ടതുണ്ടോ?" അങ്ങിനെയിരിക്കുന്ന ആ വസ്തു പ്രകാശിക്കുമ്പോൾ മറെറല്ലാം പ്രകാശമാനമായിത്തീരുന്നു എന്നാണു് ഞങ്ങളുടെ അനുഭവവും വിശ്വാസവും. ഇതു് ഹിപ്നോട്ടിസമൊന്നും അല്ല. പ്രത്യുത അതിൽനിന്നുള്ള വിമോചനമാണു്. ഈ കാണപ്പെടുന്ന വസ്തുക്കളെല്ലാം പരമാൎത്ഥമാണെന്നു് ഉപദേശിയ്ക്കുന്ന എല്ലാ ധൎമ്മസമ്പ്രദായങ്ങളും ഒരുതരം ഹിപ്നോട്ടിസത്തെതന്നെയാണു് പരിശീലിപ്പിയ്ക്കുന്നതു്. എന്നാൽ ഇതൊന്നും കൂട്ടാക്കാത്തവർ അദ്വൈതികൾ മാത്രമാകുന്നു. ദ്വൈതഭാവത്തിന്റെ സമസ്തരൂപങ്ങളോടുകൂടിയും ഹിപ്നോട്ടിസം, (വ്യാമോഹം) വരുന്നതാണെന്നു് അറിയുന്നവനായി അദ്വൈതി ഒരുവൻ മാത്രമേ ഉള്ളു. ഈ ഹിപ്നോട്ടിസത്തെ, ഈ വശീകൃതാവസ്ഥയെ ഈ വ്യാമോഹത്തെ, ഇല്ലാതാക്കുവാൻവേണ്ടി "വേദങ്ങളെ

കൂടെ പെറുക്കി എറിയുക, സാകാരഈശ്വരനെക്കൂടെ പുറത്തുതള്ളുക, പ്രപഞ്ചത്തെക്കൂടിയും ഉപേക്ഷിക്കുക, നിങ്ങളുടെ സ്വന്തശരീരത്തേയും മനസ്സിനേയും കൂടെ ത്യജിക്കുക, ഒന്നുംതന്നെ ഇല്ലാതാകട്ടെ" എന്നാണ് അദ്വൈതി പറയുന്നത്. "എത്തിച്ചേരുവാൻ സാധിയ്ക്കാത്ത യാതൊരു സ്ഥാനത്തിൽനിന്ന് മനസ്സ് വാക്കിനോടുകൂടി തിരിച്ചുപോരുന്നുവോ അവിടെ ബ്രഹ്മാനന്ദത്തെ അറിഞ്ഞ് നിർഭയനായിത്തീരുന്നു". ഇതാണ് ഈ വ്യാമോഹത്തിൽ നിന്നുള്ള മോചനം. "എനിക്ക് പുണ്യവും ഇല്ല, പാപവും ഇല്ല, ദുഃഖവുംഇല്ല, സുഖവും ഇല്ല, ഞാൻവേദങ്ങളേയും യജ്ഞങ്ങളേയും കർമ്മങ്ങളേയും ഒന്നും കാര്യമാക്കുന്നില്ല, ഞാൻ ഭോക്താവുമല്ല, ഭോജനവുംഅല്ല, ഭുജിക്കുന്നതുമല്ല, ഞാൻ സത്താണ്, ഞാൻ ചിത്താണ്, ഞാൻ ആനന്ദമാണ് സോഹം—സോഹം" എന്നിങ്ങിനെയൊക്കെയാണ് അദ്വൈതിയുടെ ഭാവന. നിങ്ങൾ ഇന്നുമാത്രം കേൾക്കുവാൻ തുടങ്ങിയിരിക്കുന്ന ഈ വശീകരണവിദ്യയെപ്പററി ഞങ്ങൾക്ക് പണ്ടേതന്നെ നല്ലതുപോലെ അറിയാം. ഞങ്ങളുടെ മാനസിക ശാസ്ത്രം നിസ്തുല്യമഹിമാവോടു കൂടിയതാണ്. അതിൻെറ സമീപത്തെങ്ങുംവന്ന് ഒന്ന് എത്തിനോക്കുവാൻകൂടെ ഇന്നുംമറെറാന്നിനും സാധിച്ചിട്ടില്ല. നിങ്ങൾ പാശ്ചാത്യർ അതിനെ ഇപ്പോൾ അല്പാല്പമായി അഭ്യസിക്കുവാൻ തുടങ്ങുന്നതേയുള്ളൂ, അതുതന്നെ വേണ്ടതുപോലെ ആയിട്ടുമില്ല.

ചോ.—നിങ്ങൾ "സൂക്ഷ്മശരീരം" എന്ന് പറയുന്നത് എന്താണ്?

ഉ—സൂക്ഷ്മശരീരം തന്നെ ലിംഗശരീരം. ഈ ശരീരം നശിക്കുമ്പോൾ ഒരുവന്ന് മറെറാരു ശരീരം സ്വീകരിക്കുവാൻ കഴിയുന്നത് എങ്ങിനെയാണ്? ശക്തിയ്ക്ക് വസ്തുവെ ആശ്രയിക്കാതെ ഒരിക്കലും സ്വതന്ത്രമായി നില്ക്കുവാൻ സാധിയ്ക്കുകയില്ല. അതുകൊണ്ട് മരണാനന്തരം സൂക്ഷ്മവസ്തുക്കളുടെ ഒരു ചെറിയഭാഗം ഈ ചൈതന്യശക്തിയുടെ ഉപാധിയായി അവ

ശേഷിക്കുന്നുണ്ടു്. ഇതിൽക്കൂടെയാണു് അന്തഃകരണങ്ങൾ മറെറാരു ശരീരത്തെ ഉണ്ടാക്കുന്നതു്. അവനവന്നു് യോജിയ്ക്കുന്നതുപോലെയുള്ള ശരീരം ഉണ്ടാക്കുന്നതു് അവനവൻെറ സ്വന്ത മനസ്സല്ലാതെ മറെറാന്നും അല്ല. ഞാൻ ഒരു ഋഷിയായിത്തീൎന്നാൽ എൻെറ മസ്തിഷ്കവും ഋഷിത്വത്തോടുകൂടിയതായിത്തീരുന്നു. അതുകൊണ്ടു് ഈ ജന്മത്തിൽതന്നെ വേണമെങ്കിൽ ഒരു യോഗിക്കു് തൻെറ ശരീരത്തെ മറെറാന്നാക്കി മാററുവാൻകഴിയുമെന്നാണു് അവർ പറയുന്നതു്.

യോഗികൾക്കു് അനേകം അത്ഭുതകൃത്യങ്ങൾ ചെയ്യുവാൻ സാധിക്കും. ഒരു തുലാം സിദ്ധാന്തത്തെക്കാൾ ഒരു പണമിട പരിശീലനമാണു് നല്ലതു്. ഞാൻ കണ്ടിട്ടില്ലാത്തവയെല്ലാം ഇല്ലാത്തവയാണെന്നു് പറഞ്ഞു് തള്ളുവാൻ എനിക്കു യാതൊരു അവകാശവും അധികാരവും ഇല്ലതന്നെ. യോഗപരിശീലനംകൊണ്ടു് അത്യത്ഭുതകരങ്ങളായ എല്ലാവിധസിദ്ധികളേയും സമ്പാദിക്കാമെന്നു് ശാസ്ത്രങ്ങളിൽ പറഞ്ഞുകാണുന്നുണ്ടു്. അല്പകാലത്തെ നിരന്തരപരിശ്രമം കൊണ്ടു് ചെറിയ ചെറിയ സിദ്ധികളെ നമുക്കു് അനായാസേന ഉണ്ടാക്കാകുന്നതാണു്. ആ ചെറിയ ചെറിയ അനുഭൂതികളിൽ നിന്നു്, ഈ മാർഗ്ഗത്തിൽ യാതൊരു വ്യാജവും വഞ്ചനയും ഇല്ലെന്നു് സാധകന്നു് ബോദ്ധ്യം വരുന്നതായിരിക്കും. എല്ലാസ്ഥലങ്ങളിലും പറയപ്പെട്ടിട്ടുള്ള അമാനുഷിക സിദ്ധികളെ ഈ ഋഷീശ്വരന്മാർ ന്യായശാസ്ത്രത്തിന്നനുസരണമായി വ്യാഖ്യാനിക്കുകയും ന്യായീകരിക്കുകയുംചെയ്യുന്നു. അമാനുഷിക സംഭവകഥകൾ ഇല്ലാത്തസമുദായമേ ഇല്ല. അവയെല്ലാം ശുദ്ധമേ കള്ളമാണെന്നും നമ്മുടെ ഗൗരവമായ ചിന്തയെക്കൂടെ അർഹിക്കുന്നവയല്ലന്നും പറയുന്നവൻ ബുദ്ധിയുള്ളവനല്ല. അവ വ്യാജങ്ങളാണെന്നുള്ളതിലേയ്ക്കു് തെളിവെന്താണു്? അവകള്ളമാണന്നു് അവിതൎക്കിതമായി തെളിയിയ്ക്കുന്നതുവരെ അവയെ നിഷേധിക്കുവാനും അവിശ്വസിയ്ക്കുവാനും നിങ്ങൾക്കു് യാതൊരുന്യാ

യവും അവകാശവും ഇല്ലാത്തതാകുന്നു. അവ യാതൊരു അടിസ്ഥാനവും ഇല്ലാത്ത ഭോഷ്കുകളാണെന്നു ഒന്നാമതായി തെളിയിക്കുക. പിന്നെ ഏഴുനേററുനിന്നു അവയെല്ലാം കള്ളമാണെന്നു വേണമെങ്കിൽ പറയാം. അങ്ങിനെനിങ്ങൾ ചെയ്തിട്ടില്ല. പ്രത്യുത, അതിൽ അതിശയനീയമായൊ അമാനുഷികമായൊ ഒന്നുംതന്നെ ഇല്ലെന്നും അവയെല്ലാം ഇന്നും എന്നും പ്രവൃത്തിക്കാകുന്നവയാണെന്നും ആണു യോഗികൾ പറയുന്നതു്. ഇന്ത്യയിൽ ഇന്നും അനേകം അത്ഭുതകൃത്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ അവയൊന്നും തന്നെ അമാനുഷികമായി ആരാലും കരുതപ്പെടുന്നില്ല. ഈ വിഷയത്തെ പുരസ്കരിച്ചു് ഇന്ത്യയിൽ അനേകം ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുണ്ടു്. ന്യായശാസ്ത്ര ദീപത്തെ ആധാരമാക്കിപിടിച്ചു് മാനസിക സിദ്ധാന്തങ്ങൾക്കു് അഭിമുഖമായി ചെയ്തിട്ടുള്ള ഒരു പ്രയാണമല്ലാതെ മറെറാന്നും ഈ വിഷയത്തിൽ ചെയ്തതായി കാണുന്നില്ലെന്നു് വന്നാൽ കൂടിയും അതിനുള്ള ബഹുമാനം തീച്ചയായും ഞങ്ങളുടെ യോഗികൾക്കുതന്നെ കൊടുത്തേ മതിയാകൂ.

ചോ — യോഗസിദ്ധികളുടെ സ്വഭാവം എന്താണെന്നു് വ്യക്തമായി പറയാമൊ?

ഉ — പ്രയാസമാണു്. മററു മാഗ്ഗങ്ങളിൽ അത്യാവശ്യമായിരിക്കുന്നതുപോലെയുള്ള വിശ്വാസവും മററും യോഗമാഗ്ഗത്തിൽ ആവശ്യമില്ലന്നു് വരികിലും വന്നൊന്നു് പരിശോധിച്ചു നോക്കുവാൻ പ്രേരിപ്പിക്കുന്നതിനു വേണ്ടടത്തോളം പൌരുഷം അവിടെ ആവശ്യമില്ലാതായിട്ടില്ല. യോഗികളുടെ ആദശം വളരെ ഭയങ്കരമാണു്. മനഃശക്തികൊണ്ടു് ഏതാനും സംഗതികളെല്ലാം സാധിക്കുന്നതായി നാം സാധാരണ കാണാറില്ലേ? മനഃശക്തിക്കു് വല്ല അതിരും വരമ്പും ഉണ്ടോ? അതുകൊണ്ടു് ഏററവും ഉയന്ന നിലയിലുള്ളവകൂടെ സാദ്ധ്യമല്ലെന്നു് വിചാരിക്കുവാൻ യാതൊരു ന്യായവും

ഇല്ലെന്നാണ് യോഗിയുടെ സിദ്ധാന്തം. അതുകൊണ്ടു് യോഗിയുടെ ആദൎശം സൎവ്വജ്ഞതയിലും സൎവ്വവ്യാപകത്വത്തിലും കൂടിയുള്ള സനാതന ശാന്തിയും പ്രേമവും ആകുന്നു. ഒരിക്കൽ ഒരു കൃഷ്ണസൎപ്പം ദംശിച്ചതായ ഒരു യോഗിയെ ഞാൻ കാണുകയുണ്ടായി. അതിന്റെ വിഷം കൊണ്ടു് ആ യോഗി ബോധരഹിതനായി നിലത്തു് വീണുപോയി. അന്നു് പകൽ മുഴുവനും ആ നിലയിൽ തന്നെ കിടന്നതിനു ശേഷം, നേരം അസ്തമനമായപ്പോൾ അദ്ദേഹം എഴുനീററിരുന്നു് പറഞ്ഞതു് "എന്റെ പ്രേമഭാജനത്തിൽ നിന്നു് ഒരു ദൂതൻ വന്നിരുന്നു" എന്നായിരുന്നു. അദ്ദേഹത്തിന്റെ ദ്വേഷവും കോപവും അസൂയയും മത്സരവും എല്ലാം ദഹിച്ചു് ഭസ്മമായിപ്പോയിരിക്കുന്നു. അവനെ ക്ഷോഭിപ്പിക്കുവാൻ ഒന്നും തന്നെ ഇല്ല. അദ്ദേഹം പ്രേമത്തിൽ സദാ പരിധിരഹിതവും സ്നേഹശക്തിയിൽ സൎവ്വവ്യാപകവും ആകുന്നു. അവനാണു് യഥാൎത്ഥത്തിൽ യോഗി. ഐശ്വൎയ്യസിദ്ധികളൊന്നും അവന്നു കാൎയ്യമല്ല. അവയെല്ലാം വഴിക്കു് താനേ തന്നെ വന്നു് ചേൎന്നുകൊണ്ടിരിക്കുന്ന ഓരോ പ്രകടനം മാത്രം. അല്ലാതെ അവയൊന്നും യോഗിയുടെ ആദൎശത്തിൽ ഉൾപ്പെട്ടതോ, യോഗിയുടെ ലക്ഷ്യമൊ അല്ല. യോഗി ഒഴികെ മററെല്ലാവരും അടിമകളാണെന്നാണ് യോഗിപറയുന്നതു. ആഹാരത്തിന്നടിമ, വായുവിന്നടിമ, ഭാൎയ്യയ്ക്കടിമ, സന്താനങ്ങൾക്കടിമ, പണത്തിന്നടിമ, സമുദായത്തിന്നടിമ, പേരിന്നടിമ, പ്രതാപത്തിന്നടിമ, എന്നുവേണ്ട ലോകത്തിലുള്ള ലക്ഷോപലക്ഷം സംഗതികൾക്കും അടിമ. ഇവകളാലൊന്നും ബന്ധിതനാകാതെ ഇരിക്കുന്നവനാണു് യഥാൎത്ഥമനുഷ്യൻ. യഥാൎത്ഥയോഗിയും അവൻ തന്നെ.

ചോ— യോഗികൾ ജാതിസമ്പ്രദായത്തെ വിലവെയ്ക്കുന്നവരാണോ?

ഉ— അല്ല. ജാതിഏൎപ്പാടു് അപരിഷ്കൃതബുദ്ധികൾക്കുള്ള ഒരു പരിശീലനക്കളരിയാണു്.

ചോ—ഇന്ത്യയിലെ ഈ സമാധിഭാവവും ആ രാജ്യത്തിലെ അത്യുഷ്ണസ്ഥിതിയും തമ്മിൽ വല്ല സംബന്ധവും ഉണ്ടോ?

ഉ—ഉണ്ടെന്നു് എനിക്കു് തോന്നുന്നില്ല. ഈ തത്വജ്ഞാനങ്ങളെയെല്ലാം ആലോചിച്ചറിഞ്ഞിട്ടുള്ളതു് ഹിമാലയത്തിൽ; സമുദ്ര നിരപ്പിൽ നിന്നും, പതിനായിരം അടി ഉയരെ; അതിശൈത്യമുള്ള സ്ഥലത്തു് വെച്ചാണു്.

ചോ—യോഗമാർഗ്ഗത്തിലുള്ള വിജയത്തിന്നു് ശൈത്യരാജ്യത്തിൽ അധികമസൗകര്യം ഉണ്ടാകുമൊ?

ഉ—അതു് എവിടേയും സൌകര്യമുള്ളതു തന്നെയാണു്. ഈ ലോകത്തിൽ അതൊന്നുമാത്രമേ ഏവം വിധം പ്രായോഗികമായിട്ടുള്ളു. നിങ്ങൾ ഓരോരുത്തരും ജന്മനാ വേദാന്തികളാണെന്നാണു് ഞങ്ങൾ പറയുന്നതു്. നിങ്ങൾ, നിങ്ങളുടെ ജീവിതത്തിലെ ഓരാ നിമിഷവും, നിങ്ങളും മററുള്ളവരും എല്ലാം ഒന്നാണെന്നുള്ള അദ്വൈതസിദ്ധാന്തത്തെ പ്രഖ്യാപനംചെയ്തുകൊണ്ടിരിക്കുകയാകുന്നു ചെയ്യുന്നതു്. നിങ്ങളുടെ ഹൃദയം ലോകാഭിമുഖമായി ചരിക്കുന്ന ഓരോ അവസരത്തിലും നിങ്ങൾ യഥാൎത്ഥവേദാന്തികൾ തന്നെയാകുന്നു. പക്ഷേ, അതു പരമാൎത്ഥം നിങ്ങൾ അറിയുന്നില്ലന്നേയുള്ളു. നിങ്ങൾ കാരണമറിയാത്ത സന്മാൎഗ്ഗികളാണു്, എന്നാൽ മനുഷ്യനെ നല്ലപോലെ പരിശോധിച്ചു അവനെ മനഃപൂർവ്വം സന്മാൎഗ്ഗിയായിരിക്കുവാൻ പഠിപ്പിച്ചതു വേദാന്തം മാത്രമാണു്. എല്ലാ ധൎമ്മസമ്പ്രദായങ്ങളുടേയും സത്താണു് അതു്.

ചോ—ഞങ്ങളെ ഇത്രയെല്ലാം അന്യോന്യം ഭിന്നിപ്പിക്കുന്നതും ഞങ്ങളുടെ ഇടയിൽ സാമുദായികാഭിവൃദ്ധിക്കു് യോജിക്കാത്തുമായ ഒരു സ്വഭാവവൈകല്യം ഉണ്ടെന്നും നിങ്ങൾ പൌരസ്ത്യന്മാർ ഞങ്ങളെക്കാൾ അധികം അന്യോന്യാനുഭാവത്തോടുകൂടിയവരാണെന്നും ആണോ നിങ്ങൾ പറയുന്നതു്?

ഉ.—പാശ്ചാത്ത്യരായ നിങ്ങൾ അധികം ക്രൂരന്മാരും പൌരസ്ത്യരായ ഞങ്ങൾ ജീവികളിൽ അധികം കരുണയുള്ളവരും ആണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇതിന്നു് നിങ്ങളുടെ പരിഷ്കാരത്തിൻെറ പഴക്കക്കുറവു് മാത്രമാണു് കാരണം. മനസ്സിന്നു് പാകതയും ആർദ്രതയും മററും ഉണ്ടാകേണമെങ്കിൽ കുറച്ചെല്ലാം പഴകുകതന്നെ വേണം. നിങ്ങൾക്കു ഇവിടെ ധാരാളം ശക്തിയുണ്ടു്; മാത്രവുമല്ല, മനസ്സിനെ നിയന്ത്രിക്കുവാൻ നിങ്ങൾ ഒട്ടുംതന്നെ അഭ്യസിച്ചിട്ടും ഇല്ല. പിന്നെ എങ്ങിനെ ശാന്തതവരും! അതിനാൽ ധർമ്മിഷ്ഠന്മാരും മിടുക്കന്മാരും ആയിത്തീരുവാൻ ഇനിയും കുറെ കാലം പിടിക്കും. എന്നാൽ ഇന്ത്യയിൽ അങ്ങിനെയല്ല. അവക്ക് വേണ്ടേടത്തോളം പഴക്കം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. അവിടെ ഓരോ തുള്ളി രക്തത്തിലും ഇതു് അലിഞ്ഞുചേന്നുകഴിഞ്ഞിട്ടുണ്ടു്. ഞാൻ അവിടെ നാട്ടിൻപുറങ്ങളിൽ ചെന്നു അവരെ രണരീതികൾ അഭ്യസിപ്പിക്കുവാൻ തുടങ്ങിയാൽ അതൊന്നും അവരുടെ തലയിൽ കയറുകയില്ല. വേദാന്തം പഠിപ്പിക്കുവാൻ ശ്രമിച്ചുനോക്കണം! അതിന്നു് എന്തു് വാസനയാണു! എത്ര സന്തോഷമാണു്!! ആ വൈരാഗ്യം ഇന്നും ഇന്ത്യയിൽ എവിടേയും കാണാകുന്നതുതന്നെ അകുന്നു. സിംഹാസനത്തിൽ നിന്നിറങ്ങി കേവലം ശരീരമാത്രനായി വനാന്തരങ്ങളിൽ ജീവിക്കുവാൻ തയ്യാറുണ്ടായിരുന്ന രാജാക്കന്മാക്കുപോലും അവിടെ പണ്ടു് ദൌർല്ലഭ്യമുണ്ടായിരുന്നില്ല. എന്നാൽ ഇന്നേയ്ക്കു് ഇതിന്നു് ഒട്ടൊക്കെ ഭേദം വന്നുപോയിട്ടുണ്ടു്.

ഇന്ത്യയിൽ പണ്ടു് സ്ത്രീകളെല്ലാം നൂൽ നൂല്ക്കുന്ന പതിവുണ്ടായിരുന്നു. ബ്രിട്ടീഷുകാരുടെ ആഗമനത്തിന്നു ശേഷമാണു് ആ കൈത്തൊഴിൽ തീരെ നിന്നുപോയതു്. അവിടെ അക്കാലത്തു് സ്ത്രീകൾ അവരുടെ ഗൃഹജോലികളെല്ലാം ചെയ്തുതീൎത്തശേഷം അവരുടെ ചക്രവും എടുത്തു് ഒരു കഴിഞ്ഞ

ടിക്കിൽവന്നു് നൂൽനൂത്തുകൊണ്ടിരിക്കും. അതു് അവർക്ക് ഒരു വിനോദംപോലെ ആയിരുന്നു. ഈ സമയത്തു് ഓരോ പാട്ടു പാടുന്നതു് കേൾക്കാം. നൂൽചക്രം തിരിയുമ്പോൾ അതിൽ നിന്നു് ഒരു ശബ്ദം പുറപ്പെടുമല്ലോ. അതിനെ ലക്ഷ്യമാക്കി അവിടെ പാടാറുള്ള ഒരു പാട്ടിൻെറ പല്ലവിയുടെ അർത്ഥം ഇങ്ങിനെയാണു്:—"നിങ്ങൾ എന്നോടു് ദ്വൈതത്തെപ്പററി ഒന്നും പറയരുതെ! എൻെറ ചക്രം എന്നെ സദാ 'സോഹം-സോഹം' (അവൻ തന്നെ ഞാൻ-അവൻ തന്നെ ഞാൻ) എന്നു് ഉപദേശിച്ചുകൊണ്ടിരിക്കുന്നു." നിങ്ങൾ അവരോടു് സംസാരിച്ചുനോക്കണം. "ഇങ്ങിനെയെല്ലാം അദ്വൈതം പറയുന്ന നിങ്ങൾ ക്ഷേത്രത്തിൽ പോയി കല്ലിൻെറ മുമ്പിൽ കുമ്പിടുന്നതെന്തിനാണു്?" എന്നു് ചോദിച്ചുനോക്കുക. അപ്പോൾ കേൾക്കാം അവരുടെ ന്യായങ്ങൾ. "നിങ്ങൾക്കു് ധർമ്മം എന്നതു് ഏതാനും സിദ്ധാന്തങ്ങൾ മാത്രമാണു്. ഞങ്ങൾക്കു് അനുഭൂതിയാകുന്നു. ഇവയെല്ലാം കാണാതായി ഞാൻ പരമാത്മവസ്തുവെമാത്രം ദർശിക്കുമ്പോഴാണു് വേദാന്തിയാകുന്നതു്. അതുവരെ ഒരു പട്ടമുറാളനും ഞാനും തമ്മിൽ വ്യത്യാസമൊന്നും ഇല്ല. ആ അനുഭൂതി ഉണ്ടാകേണ്ടതിന്നു വേണ്ടിയാണു് ഞാൻ അമ്പലത്തിൽ പോകുകയും കല്ലിനെ കുമ്പിടുകയും മററും ചെയ്യുന്നതു്. ഞാൻ ശ്രവിച്ചിട്ടുണ്ടു്. ആ ശ്രവണം കൊണ്ടുമാത്രം ആയില്ല. എനിക്കു് നേരിട്ടു് അനുഭവമാകുകതന്നെ വേണം" എന്നിങ്ങിനെ ഓരോ സമാധാനം നിങ്ങൾക്കു് കിട്ടുന്നതായിരിക്കും. "വാഗ് വൈഖരീ ശബ്ദഝരീ, ശാസ്ത്രവ്യാഖ്യാനകൌശലം വൈദുഷ്യം വിദുഷാം തദ്വൽ ഭുക്തയെനതു മുക്തയെ". അനുഭൂതിമാത്രമാണു് നമ്മെ സ്വാതന്ത്ര്യത്തിലേയ്ക്കു് നയിക്കുന്നതു്.

ചോ—ഈ ആദ്ധ്യാത്മിക സ്വാതന്ത്ര്യവും ജാതിയും തമ്മിൽ വല്ല സംബന്ധവും ഉണ്ടോ?

ഉ—ഒന്നുമില്ല. ജാതി ഏപ്പാടു് നന്നല്ലെന്നുതന്നെയാണു് അവരും പറയുന്നതു്. ജാതിസമ്പ്രദായങ്ങളെ നിർ

ബന്ധപൂർവ്വം അംഗീകരിക്കുന്നവർ കൂടിയും ആ സമ്പ്രദായത്തിന്റെ ന്യൂനതകളെ സമ്മതിക്കുന്നവരാണു്. "ഇതിലും നല്ലതായി ഒന്നു കാണിച്ചുതന്നാൽ ഉടനെ ഇതിനെ ഉപേക്ഷിച്ചേക്കാം" എന്നാണു് അവർ പറയുന്നതു്. "ഞങ്ങൾ ജാതിയെ ഉപേക്ഷിക്കാം. അതിനുപകരം എന്തുതരും?" എന്നാണു് അവരുടെ ചോദ്യം. "ഒന്നുംവേണ്ട" എന്നു് പറയുന്നതു് അവൎക്കു സമ്മതമല്ല. ജാതിസമ്പ്രദായം ഇല്ലാത്ത ദിക്കേതുണ്ടു്? നിങ്ങൾതന്നെ ഇവിടെ ഇത്രകാലവും ഒരു ജാതിയെ സൃഷ്ടിക്കുവാൻ കിടന്നു് ഭഗീരഥ പ്രയത്നം ചെയ്യുകയല്ലായിരുന്നുവൊ? എന്നിട്ടെന്തായി? ഒരുവന്നു് ഒരു സഞ്ചി ഡോളർ കിട്ടിയാൽ ആ നിമിഷത്തിൽതന്നെ അവൻ ഞെളിഞ്ഞു നിന്നു് "ഞാൻ നാനൂററിൽ ഒന്നു്"* എന്നു് ഘോഷിക്കുന്നില്ലയൊ? അതാണു് നിങ്ങളുടെ ജാതി. എന്നാൽ സ്ഥിരമായ ഒരു ജാതിയെ ഉണ്ടാക്കുവാൻ ഞങ്ങളെക്കൊണ്ടു മാത്രമേ സാധിച്ചിട്ടുള്ളു. മറെറല്ലാവരും കിടന്നു് തലകുത്തിമറിഞ്ഞുനോക്കിയതു തന്നെ മെച്ചം. അല്ലാതെ ആൎക്കും ഒന്നും സാധിച്ചില്ല. ഞങ്ങൾക്കു് ധാരാളം അന്ധവിശ്വാസങ്ങളും ന്യൂനതകളും ഉണ്ടെന്നുള്ളതു് പരമാർത്ഥം തന്നെ. നിങ്ങളുടെ രാജ്യത്തു് അവ കുറെ കുറവാണെന്നുതന്നെയുമിരിക്കട്ടെ. അതുകൊണ്ടെന്താ? ഈ ജാതി ഏൎപ്പാടുകൊണ്ടാണു് അവിടെയുള്ള മുപ്പതുകോടി ജനങ്ങൾക്കും ഇന്നും ഒരുപിടി ഭക്ഷണം കഴിച്ചു കിടക്കുവാൻ സാധിയ്ക്കുന്നതു്. അതു് ഏതാനും ദോഷങ്ങളെ ഉണ്ടാക്കുന്നുണ്ടെന്നു് ഞങ്ങൾക്കും അറിയാം. ദോഷമൊന്നും തന്നെ ഇല്ലാത്ത ഏൎപ്പാടു് ഏതുണ്ടു്? ജാതി ഏൎപ്പാടു് എന്ന ഒന്നു് ഇല്ലായിരുന്നു എങ്കിൽ ഇന്നു് നിങ്ങൾക്കു് പഠിക്കുവാൻ ഒരൊററ സംസ്കൃതഗ്രന്ഥംപോലും അവിടെ ശേഷിക്കുമായിരുന്നോ? ഈ ജാതി അലംഘനീയമായ കോട്ടകളെ കെട്ടി ഉറ

---

* അമേരിക്കയിലെ പ്രമാണിസംഘത്തിന്നു് പറയുന്ന പേരാണു "നാനൂർപരിഷ" എന്നതു്.

ഷ്പിച്ചിട്ടുണ്ടു്. അവയ്ക്കു ചുററുമാണു് അക്രമങ്ങളും കലാപങ്ങളും കൊള്ളകളും എല്ലാം നടന്നതു്. എന്നിട്ടും അതിനെ ഭേദിക്കുവാൻ ആരെക്കൊണ്ടും സാധിച്ചില്ല. ആ ആവശ്യം ഇന്നും അനാവശ്യമായി തീർന്നിട്ടില്ല. അതുകൊണ്ടുതന്നെയാണു് ജാതിസമ്പ്രദായം ഇന്നും നിലനില്ക്കുന്നതു്. ഇന്നു് ഞങ്ങളുടെ ഇടയിലുള്ള ജാതിസമ്പ്രദായം ഏഴുനൂറുകൊല്ലങ്ങൾക്കു മുമ്പെ ഉണ്ടായിരുന്നതു പോലെയുള്ളതൊന്നും അല്ല. അതിനു കിട്ടിയ ഓരോ ഇടിയും അതിന്റെ പരിണാമത്തിൽ അനുകൂലികളായി തീർന്നു. അന്യരാജ്യങ്ങളെ പിടിച്ചടക്കുവാനായി സ്വരാജ്യം വിട്ടു് പോകാതിരുന്നവർ ഇന്ത്യക്കാർ മാത്രമാണെന്നു് നിങ്ങൾ ധരിച്ചിരിക്കേണ്ടതാണു്. അശോകചക്രവർത്തി, തന്റെ "അനുയായികളിൽ ആരുംതന്നെ ആരേയും ആക്രമിയ്ക്കുവാൻ പോകരുതു്" എന്നു് രാജശാസനത്തിൽ കന്നാക്കി പ്രസിദ്ധപ്പെടുത്തുകകൂടേയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ ഇരിക്കുന്ന ഞങ്ങളെ പഠിപ്പിക്കുവാനാണു് നിങ്ങൾ ഉപദേശികളെ അയയ്ക്കുന്നതു്. സന്തോഷം തന്നെ. പക്ഷെ അവർ വന്നു് ഞങ്ങളെ കഴിയുമെങ്കിൽ സഹായിക്കട്ടെ. ഇല്ലാത്ത പക്ഷം ഉപദ്രവിയ്ക്കാതെ ഇരിക്കുകയെങ്കിലും ചെയ്യട്ടെ. ഇത്ര പേരൊക്കെ ഇന്ത്യയെ കൊള്ളയിടുവാൻ വരുന്നതെന്തിനാണു്? ഞങ്ങൾ വല്ലവർക്കും വല്ല ഉപദ്രവവും ചെയ്തിട്ടുണ്ടോ? ഞങ്ങളാൽ കഴിവുള്ളേടത്തോളം സഹായങ്ങൾ മററുള്ളവർക്കു് ചെയ്തുകൊടുക്കാതേയും ഇരുന്നിട്ടുണ്ടോ? ഭൌതികവിജ്ഞാനീയം ഞങ്ങളല്ലയൊ പഠിപ്പിച്ചതു്? തത്വവിജ്ഞാനീയം ഞങ്ങളല്ലയൊ ഉപദേശിച്ചതു്? ധർമ്മവിജ്ഞാനീയം ഞങ്ങളല്ലയോ പറഞ്ഞുതന്നതു്? ലോകത്തിൽ ഉള്ള അസംസ്കൃതബുദ്ധികളെ ഞങ്ങളാൽ ആകുന്നതുപോലെ പരിഷ്കരിക്കുകയും ചെയ്തില്ലയൊ? അതിനെല്ലാം പ്രതിഫലമായി ഞങ്ങൾക്കു കിട്ടിയതു് ഇതാണു്. ഏതു്? കൊല, ആക്രമണം, ശകാരം, കൊള്ള, ഹിംസ ഇവതന്നെ. ഇന്ത്യയെ പററി പാശ്ചാത്യർ എഴുതിയിട്ടുള്ള പുസ്തകങ്ങളും അവിടെ പോയവരായ യാത്ര

ക്കാർ പറഞ്ഞിട്ടുള്ള വർത്തമാനങ്ങളും നിങ്ങൾ ഒന്നു വായിച്ചുനോക്കുവിൻ. അപ്പോൾ അറിയാം അവരുടെ കൃതജ്ഞതയുടെ മാററ്. അവർ എന്തെല്ലാം അപരാധങ്ങളും അനാവശ്യങ്ങളും അണു് ഇന്ത്യയുടെ തലയ്ക്കു് വെച്ചുകെട്ടിട്ടുള്ളതു്. അതു് അവരുടെ ധർമ്മം; മറേറതു് ഞങ്ങളുടെ ധർമ്മം.

ചോ—നാഗരികതയെപ്പററി വേദാന്തികളുടെ അഭിപ്രായം എന്താണു്?

ഉ—ഒ! നിങ്ങളെല്ലാം വലിയ തത്വജ്ഞാനികളല്ലേ. ഒരു കിഴിപണംകൊണ്ടു് മനുഷ്യൻ മനുഷ്യനിൽ നിന്നു് വ്യത്യാസപ്പെട്ടുമെന്നാണൊ നിങ്ങൾ വിചാരിക്കുന്നതു്. ഇന്നുള്ള യന്ത്രസാമഗ്രികളുടേയും നിങ്ങളുടെ പ്രകൃതിവിജ്ഞാനത്തിൻേറയും പ്രയോജനം എത്രമാത്രമുണ്ടു്? കവിഞ്ഞപക്ഷം അവ അറിവിനെ വർദ്ധിപ്പിക്കുന്നു എന്നു വേണമെങ്കിൽ പറയാം. അതുകൊണ്ടെന്താ? "അവശ്യം" എന്നതിൻെറ സ്വരൂപം, ഉത്ഭവം, പരിണാമം, അവസാനം, ഫലം ഇത്യാദി എന്താണെന്നു് തീർച്ചപ്പെടുത്തുവാൻ നിങ്ങളെക്കൊണ്ടു് സാധിച്ചിട്ടില്ല. എന്നുമാത്രമല്ല അവശ്യങ്ങളെ കുറേക്കൂടെ വർദ്ധിപ്പിക്കുകയും ബലപ്പെടുത്തുകയും കൂടെ ചെയ്യു. യന്ത്രങ്ങൾ ദാരിദ്ര്യത്തെ ഇല്ലാതാക്കുവാൻ പര്യാപ്തമാകുന്നില്ല. അവ മനുഷ്യരെ അധികമധികം പ്രവർത്തിക്കുവാനും, ജീവിതമത്സരം കുറേക്കൂടെ തീവ്രമാക്കുവാനും ഉൽസുകരാക്കുകയാണു് ചെയ്യുന്നതു്. പ്രകൃതിയിൽതന്നെ എന്തു വിലയാണു് ഉള്ളതു്? ഒരു കമ്പിയിൽകൂടെ വൈദ്യുതശക്തിയെ പ്രയോഗിക്കുവാൻ സാധിച്ചു എന്നു വെച്ചു് ഒരുവനെ ഇത്രയൊക്കെ പുകഴ്ത്തുവാനും അവന്നൊരു സ്മാരകമുണ്ടാക്കുവാനും നിങ്ങൾ തലയിട്ടുരയാറുണ്ടല്ലോ. അതെന്തിനാണു്? അങ്ങിനെലക്ഷോപിലക്ഷം തവണ പ്രകൃതി തന്നെ പ്രസ്ഫുടമായി പ്രവർത്തിക്കുന്നില്ലേ? പ്രകൃതിയിൽ ഇവയെല്ലാം സുലഭമായിട്ടില്ലയോ? അതിൽ അല്പംനിങ്ങൾ കൈവശപ്പെടുത്തി എന്നുവെച്ചു് ഇത്രയൊക്കെ കോലാഹലം കൂട്ടുവാൻ എന്താണുള്ളതു്? അതവിടെത്തന്നെ

ഉള്ളതല്ല. ആത്മാ അഭ്യാസപരിശീലനം ചെയ്യുന്ന കളരിയാണ് ഈ പ്രപഞ്ചം. ഈ പരിശീലനങ്ങൾക്കുശേഷം നമ്മൾ ദേവന്മാരായിത്തീരുന്നു. അതുകൊണ്ടു് ഏതൊന്നിന്റെയും വിലയെപ്പററി ചിന്തിക്കുമ്പോൾ അതു് ഈശ്വരചൈതന്യത്തെ എത്രമാത്രം പ്രകടിപ്പിക്കുന്നുണ്ടു് എന്നാണ് നോക്കേണ്ടതു്. മനുഷ്യനിലുള്ള ഈ ദിവ്യശക്തിയുടെ പ്രകടനത്തെയാണ് ഞങ്ങൾ നാഗരികത എന്നു് പറയുന്നതു്.

ചോ—ബുദ്ധന്മാൎക്കു് വല്ല ജാതിനിയമമൊ ഉണ്ടോ?

ഉ—ബുദ്ധന്മാൎക്കു് ഇങ്ങിനെയുള്ള ജാതികളും ജാതിധൎമ്മങ്ങളും ഒന്നുംതന്നെ ഇല്ല. അതുകൊണ്ടു് ഇന്ത്യയിൽ ഇന്നു് ബുദ്ധന്മാരും ഇല്ല. ബുദ്ധദേവൻ ഒരു സമുദായ പരിഷ്കാരിയായിരുന്നു. ബുദ്ധമതക്കാരുടെ രാജ്യങ്ങളിൽ ജാതിസമ്പ്രദായത്തെ നടപ്പാക്കുവാൻ ഇന്നു് തീവ്രമായ പരിശ്രമങ്ങൾ ചെയ്യുന്നതായി ഞാൻ കാണുന്നുണ്ടു്. ബുദ്ധമതക്കാരുടെ ജാതി, പരമാൎത്ഥം നോക്കുകയാണെങ്കിൽ, ഒന്നുമില്ല. എങ്കിലും അവർ അതിനെ വളരെയൊക്കെ കാൎയ്യമായിട്ടാണ് കരുതിപ്പോരുന്നതു്. അവരുടെ ജാത്യഭിമാനം ഇങ്ങിനെയാകുന്നു.

ബുദ്ധദേവൻ ഒരു വേദാന്ത സന്യാസിയാണ്. അദ്ദേഹം ഒരു നൂതന സമ്പ്രദായത്തെ നടപ്പാക്കിയ ആളാണെന്നേയുള്ളൂ. ഇന്ത്യയിൽ ഇതിന്നു് പുതുമയൊന്നും ഇല്ല. അങ്ങിനെ പലരും ഇന്നും ചെയ്യുന്നുണ്ടു്. ഇന്നു് ബുദ്ധമതം എന്നു് പറയപ്പെട്ടുന്നതിൽ കാണുന്ന ആശയങ്ങളൊന്നും ബുദ്ധന്റെ സ്വന്തമല്ല. അവയ്ക്കു് ബുദ്ധനെക്കാളും വളരെ വളരെ പഴക്കം കാണാം. അദ്ദേഹം ഒരു മഹാൻതന്നെ ആയിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ ആശയങ്ങൾക്കു് ശക്തികൊടുക്കുവാൻ അദ്ദേഹത്തെക്കൊണ്ടു് സാധിച്ചു. ബുദ്ധമതത്തിലെ പ്രധാന സംഗതി സാമുദായികമായതാണ്. ഞങ്ങളുടെ ഗുരുക്കന്മാരെല്ലാം ബ്രാഹ്മണരും ക്ഷത്രിയരും ആയിരുന്നു. ഉപനിഷത്തുക്കളുടെ കൎത്താക്കന്മാരിൽ അധികഭാഗം ക്ഷത്രിയരും വേദത്തിലെ കൎമ്മകാ

ന്ധകത്താക്കന്മാരിൽ അധിക ഭാഗം ബ്രാഹ്മണരും ആകുന്നു. ഇന്ത്യയിലെങ്ങും ഉണ്ടായിട്ടുള്ള ഞങ്ങളുടെ വലിയ ഗുരുക്കന്മാരെല്ലാം ക്ഷത്രിയർതന്നെയാണെന്നു് പറയാം. അവരുടെ ഉപദേശങ്ങൾക്കെല്ലാം ഐകരൂപ്യവും കാണുന്നുണ്ടു്. എന്നാൽ രണ്ടുപേർ ഒഴികെ, ഉണ്ടായിട്ടുള്ള ബ്രാഹ്മണഗുരുക്കന്മാരെല്ലാം ഓരോ പ്രത്യേക സിദ്ധാന്തങ്ങളെ പുലർത്തുകയാണു് ചെയ്തിട്ടുള്ളതു്. ഇന്നു് ഈശ്വരാവതാരങ്ങളായി ആരാധിക്കപ്പെട്ടുവരുന്ന രാമനും കൃഷ്ണനും ബുദ്ധനും ക്ഷത്രിയരാണു്.

ചോ—ഗോത്രവും, കർമ്മങ്ങളും, ശാസ്ത്രങ്ങളും അനുഭൂതിയെ ഉണ്ടാക്കുന്ന സംഗതിയിൽ സഹായികളായി നില്ക്കുന്നുണ്ടോ?

ഉ—ഒരുവന്നു് അനുഭൂതിയുണ്ടാകുമ്പോൾ അവൻ എല്ലാററിനേയും ഉപേക്ഷിക്കുന്നു. പിന്നെ അവന്നു് ഗോത്രവുമില്ല, കർമ്മവും ഇല്ല, ശാസ്ത്രവും ഇല്ല. പ്രാപ്യസ്ഥാനത്തു് എത്തിച്ചേരേണ്ടതിന്നു് ഇവയെല്ലാം എത്രമാത്രം സഹായമായിനില്ക്കുന്നുവോ അത്രമാത്രം ഗോത്രങ്ങളും കർമ്മങ്ങളും ശാസ്ത്രങ്ങളും നല്ലതും വേണ്ടതും തന്നെ. ഈ ലക്ഷ്യത്തിൽ നിന്നു് തെററുമ്പോൾ അവയെ നിസ്സന്ദേഹം പരിത്യജിക്കുകതന്നെ വേണം. "ജ്ഞാനികൾ അജ്ഞാനികളെ ശിക്ഷിക്കവും ആക്ഷേപിയ്ക്കുന്നില്ല; അജ്ഞാനികളുടെ പ്രത്യേകബുദ്ധികളെ അവർ ഇല്ലാതാക്കുന്നതുമില്ല; പ്രത്യുത, തങ്ങൾ എത്തിച്ചേർന്ന സ്ഥാനത്തു് എത്തിച്ചേരുവാൻ ശരിയായ പ്രവൃത്തികളാൽ അവരെ സഹായിക്കുകയും അതിന്നുള്ള മാർഗ്ഗം കാണിച്ചു കൊടുക്കുകയും മാത്രമേ ചെയ്യുന്നുള്ളു."

ചോ—വ്യക്തിപരനായ മനുഷ്യസ്വഭാവത്തേയും ശാസ്ത്രവിഹിതങ്ങളായ കർമ്മങ്ങളേയും പററി വേദാന്തം പറയുന്നതെന്താണു്?

ഉ—വ്യക്തിഗതമായ മനുഷ്യന്റേയും യഥാർത്ഥാവസ്ഥ കേവലാവസ്ഥതന്നെ ആകുന്നു. ഈ വ്യക്തിഗതമായ ഭാവം മായയിൽ കൂടെ മാത്രം ഉണ്ടായിട്ടുള്ളതാണു്. അതുതന്നെ ഉണ്ടെന്നു തോന്നുന്ന ഒരു മിത്ഥ്യാഭാസവും ആകുന്നു. യഥാ

ൎത്ഥത്തിൽ കേവലസത്ത, ഒന്നേഒന്നു് മാത്രമേ ഉള്ളു. എന്നാൽ അ ഏകതത്വംതന്നെ മായയിൽ പലതായി കാണപ്പെട്ടുകയാണു്. ബഹുത്വമെല്ലാം മായയിൽ മാത്രം. ഈ മായയിലും, പരമാൎത്ഥസ്വഭാവമായ ഏകസത്തയെ പ്രാപിക്കുവാനുള്ള ഒരു വാസന സൎവ്വത്ര കാണപ്പെട്ടുന്നുണ്ടു്. എല്ലാവരുടേയും എല്ലാ ശാസ്ത്രങ്ങളും എല്ലാ സദാചാരസിദ്ധാന്തങ്ങളും ഇതിനെത്തന്നെയാണു് ചൂണ്ടിക്കാണിക്കുന്നതു്. അതു് ആത്മാവിൻെറ ഒഴിച്ചു കൂടാത്ത അവശ്യമാകയാൽ അങ്ങനെയല്ലാതെ വരുവാനും തരമില്ല. ഈ ഏകതത്വദൎശനത്തേയും അദൎശനത്തിനുള്ള ഉപായങ്ങളേയും ആണു് നാം ശാസ്ത്രമെന്നുംസദാചാരനിയമമെന്നും മററും പറയുന്നതു്. അതുകൊണ്ടു നാം അവയെ അംഗീകരിച്ചു് പരിശീലിക്കുക തന്നെവേണം.

ചോ—ഈ ശാസ്ത്രകോടികളെ അധികവും ഉണ്ടാക്കീട്ടുള്ളതു് വ്യക്തിപരമായ മനുഷ്യപ്രകൃതിയെ പരിഗണനം ചെയ്തിട്ടല്ലയോ?

ഉ—ആയാലെന്താ? കേവലം അതുകൊണ്ടു് മായാധീനമായിത്തീരുന്നില്ല.

ചോ—വ്യക്തിഗതമായ വ്യഷ്ടിഭാവം കേവലമായ സമഷ്ടിഭാവംതന്നെയാണെന്നാണെല്ലോ സ്വാമികൾ പറയുന്നതു്. എന്നാൽ ഈ വ്യക്തിഗതമായ ഭാവത്തിന്നു് അറിവു് ഉണ്ടാകുവാൻ പാടുണ്ടോ?

ഉ—പ്രകടനത്തിൻെറ ഒരു അവസ്ഥയാണു് വ്യക്തിഗതഭാവം. അ അവസ്ഥയിലുള്ളദീപ്തിയാണു്അറിവു്. എന്നാൽ അറിവു് എന്ന അ സംജ്ഞയെ കേവലസത്തയുടെ പ്രകാശമെന്ന അൎത്ഥത്തിൽ ഉപയോഗിക്കുന്നതു് ശരിയല്ല. കേവലാവസ്ഥ എല്ലാ അറിവുകളേയും അതിക്രമിച്ചു നില്ക്കുന്ന ഒന്നാകയാൽ അതിനെ അറിവു് എന്നു് പറയുന്നതു് ശരിയായിരിക്കയില്ല.

ചോ—എന്നാൽ അതു് അറിവിനെ കൂടെ ഉൾപ്പെടുത്തുന്നുണ്ടായിരിക്കാം?

ഉ—അതു് ഏതാണ്ടു് ശരിയാണു്. ഒരു സ്വർണ്ണകണ്ണത്തെ ഏതുരൂപത്തിലും ആക്കാമല്ലൊ. അതുപോലെയാണു് ഇതിന്റെയും കഥ. ആ ഭാവത്തെ എല്ലാ അറിവുകളായും പിരിക്കാം. എങ്കിലും അതു അറിവിന്നു് (ബോധത്തിന്നു്) അതീതമായ ഒരു അവസ്ഥയാകുന്നു. അതിൽ ബോധവും അബോധവും രണ്ടും ഉൾപ്പെട്ടിരിക്കുന്നതുമുണ്ടു്. ആ അവസ്ഥയെ പ്രാപിച്ച ഒരുവന്നു്, നാം അറിവു് എന്നു് പറയുന്നതിന്റെ സമഷ്ടിഭാവവും ഉണ്ടു്. പക്ഷെ അറിവിന്റെ ആ ബോധം അവന്നു് ഉണ്ടാകേണമെങ്കിൽ അവൻ അതിന്നായി ഒരു പടിതാഴെ ഇറങ്ങി നില്ക്കണം. അറിവു് ഒരു താണപടിയിലെ അനുഭവമാണു്. അതു് മായയിലേ ഉള്ളു.

---

# 4

[അമേരിക്കയിലെ ബോസ്ററൻ പട്ടണത്തിലുള്ള ഒരു പണ്ഡിതസഭ്സയിൽ* വെച്ചു നടത്തിയ പ്രശ്നോത്തരം]

---

ചോ__വേദാന്തംകൊണ്ടു് മഹമ്മദുമതത്തിന്നു് വല്ല ഗുണവും സിദ്ധിച്ചിട്ടുണ്ടോ?

ഉ__നേരിട്ടു് ഗുണമൊന്നും ഉണ്ടായിട്ടില്ലെന്നു് പറഞ്ഞുകൂടാ. എന്നാൽ ധാർമ്മികമായ സ്വാതന്ത്ര്യത്തെപ്പററി വേദാന്തത്തിന്നുള്ള അത്യുന്നതമായ ആശയം അവരുടെ മതത്തെ ഗണ്യമായവിധം സ്പർശനം ചെയ്തിട്ടുണ്ടു്. മററുരാജ്യങ്ങളിലുള്ള മഹമ്മദുമതം പോലെയല്ല ഇന്ത്യയിലെ മഹമ്മദുമതം. അന്യരാജ്യങ്ങളിൽ നിന്നു് ഓരോരുത്തർ വന്നു് അവരുടെ സ്വന്ത ജാതിക്കാരോടു്, "ഹേ! ഇതൊന്നും ശരിയല്ല, നിങ്ങളുടെ മതത്തിൽ വിശ്വാസമില്ലാത്ത അവിശ്വാസികളുമൊന്നിച്ചു് ജീവിക്കുന്നതു് വിഹിതമല്ല; കോടയാണു്. മാടയാണു്" എന്നൊക്കെ പറഞ്ഞു് ഇളക്കുമ്പോഴാണു് ഇന്ത്യയിലെ മഹമ്മദീയർ ഇളകി ഈ ലഹളകളെല്ലാം ഉണ്ടാക്കുന്നതു്.

ചോ__വേദാന്തം ജാതിസമ്പ്രദായത്തെ അംഗീകരിക്കുന്നുണ്ടോ?

ഉ__ജാതിസമ്പ്രദായം വേദാന്തമതത്തിന്നു് പ്രതികൂലമാകുന്നു. സാമുദായികമായ ഒരു ഏർപ്പാടുമാത്രമാണു അതു്. ഞങ്ങളുടെ പ്രധാനനേതാക്കന്മാരെല്ലാം അതിനെ ഉടയ്ക്കുവാൻ തന്നെയാണു് ശ്രമം ചെയ്തിട്ടുള്ളതും. ബുദ്ധമതകാലത്തിനു ശേഷം പ്രത്യേകിച്ചും, എല്ലാ കൂട്ടരും ജാതിസമ്പ്രദായത്തിന്നു വിരോധികളായിത്തന്നെ നിന്നു. അവരെല്ലാം അതിനെ ഉടയ്ക്കുവാനായി അതിന്റെ തലയ്ക്കു് ആഞ്ഞൊങ്ങി അതി ശക്തിയോടെ

---

* Twentieth Century Club of Boston, U. S. A.

അനേകം അടികൾ അടിച്ചു നോക്കുകയും ചെയ്തു. പക്ഷേ ഓരോ അടിയും അതിന്റെ ബന്ധത്തെ ഒന്നുകൂടെ കൂട്ടിയതേയുള്ളൂ. പഴയ രാജ്യഭരണരീതികൊണ്ടാണ് ഇന്ത്യയിൽ ഇത്ര അധികം ജാതിസമ്പ്രദായം വരുവാനിടയായത്. പിന്നെ അത് ഒരു പാരമ്പര്യംപോലെ ആയിത്തീർന്നുപോയി. യൂറോപ്പുമായുള്ള ഇക്കാലത്തെ കച്ചവടം, ഇന്ത്യയിലെ ജാതി സമ്പ്രദായത്തെ, പണ്ട് ഉപദേശങ്ങളെക്കൊണ്ട് സാധിച്ചതിനേക്കാൾ അധികമായി, ഉടച്ചിട്ടുണ്ട്.

ചോ—വേദങ്ങളുടെ പ്രത്യേകത എന്താണ്?

ഉ—വേദങ്ങളേയും അതിക്രമിച്ച് പോകണമെന്ന്, വീണ്ടും വീണ്ടും നിർബന്ധമായി ഉപദേശിക്കുന്ന വേദങ്ങൾ ഹിന്ദുക്കളുടെ വേദങ്ങൾ മാത്രമാകുന്നു എന്നുള്ളതാണ് ഒരു പ്രത്യേകത. വേദങ്ങളെ എഴുതീട്ടുള്ളത് ശൂദ്ധബാലിശഹൃദയങ്ങളെ മാത്രം ഉദ്ദേശിച്ചാണെന്നും നിങ്ങൾ ആ ദശയെ തരണം ചെയ്യുന്നതോടുകൂടി വേദങ്ങളേയും അതിക്രമിക്കുകതന്നെ വേണമെന്നും വേദങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ചോ—വ്യക്തിഗതമായ ജീവൻ ശാശ്വതമായ പരമാർത്ഥവസ്തു ആണെന്നാണോ നിങ്ങളുടെ സിദ്ധാന്തം?

ഉ—അതെങ്ങിനെയാകും? വ്യക്തിഗതമായ ജീവൻ ഒരുവന്റെ വിചാരങ്ങളുടെ സമുച്ചയഭാവമല്ലയോ? ആ വിചാരങ്ങളാകട്ടെ സദാ മാറിമാറിക്കൊണ്ടിരിക്കുന്നവകളും ആകുന്നു. അതുകൊണ്ട് അത് സനാതനമാകുന്നതെങ്ങിനെ; പരമാർത്ഥമാകുന്നതെങ്ങിനെ? വ്യാവഹാരികത്തിൽ മാത്രമേ അതിന്ന് യാഥാർത്ഥ്യമുള്ളൂ. വിചാര-ധാരണകളുടെ സമുച്ചയഭാമാകുന്ന ജീവൻ പരമാർത്ഥ വസ്തുവാകുന്നതെങ്ങിനെ?

ചോ—ഇന്ത്യയിൽ ബൌദ്ധധർമ്മം നാമാവശേഷമാകുവാനുള്ള കാരണമെന്താണ്?

ഉ—ഇന്ത്യയിൽ ബൌദ്ധധൎമ്മം യഥാൎത്ഥത്തിൽ നാമാവശേഷമായിട്ടൊന്നും ഇല്ല. അതു് ഒരു വലിയ സമുദായ പരിഷ്കാര പ്രസ്ഥാനമായിരുന്നു. ശ്രീബുദ്ധദേവന്റെ കാലത്തിന്നു മുമ്പിൽ ഇന്ത്യയിൽ ബലിയ്ക്കും മററുമായി അനേകം ജന്തുക്കളെ ഹിംസിക്കുന്ന പതിവുണ്ടായിരുന്നു. അതുകൊണ്ടു് ജനങ്ങൾ വലിയ മാംസഭുക്കുകളും അതോടുകൂടി മദ്യപാനികളും ആയിതീൎന്നു. ബുദ്ധന്റെ ശിക്ഷണത്തിനുശേഷം ഇവയ്ക്കു് വളരെ വളരെ ഭേദം സംഭവിച്ചിട്ടുണ്ടു്.

## 5

[അമേരിക്കയിലെ ബ്രൂക്കിളിൻപട്ടണത്തിലുള്ള ഒരു പണ്ഡിത സദസ്സിൽ* വെച്ച് നടത്തിയ പ്രശ്നോത്തരം.]

---

ചോ— ലോകത്തിൽ നാം തിന്മയെ കാണുന്നു; ദുഃഖവും വേദനയും നമ്മുടെ നിരന്തരാനുഭവങ്ങളായും ഇരിക്കുന്നു. അ സ്ഥിതിക്ക് ഈ ലോകം ഗുണഭ്രഷ്ടമായതാണെന്നും ഈശ്വരരൂപമാണെന്നും മററുമുള്ള സ്വാമികളുടെ അഭിപ്രായം എങ്ങിനെ യോജിക്കും?

ഉ— ലോകത്തിൽ തിന്മയുണ്ടെന്ന് തെളിയുന്നപക്ഷം മാത്രമാണല്ലോ ഈ ചോദ്യത്തിന്ന് സാംഗത്യമുള്ളത്. അതെങ്ങിനെ തെളിയിക്കാം? വേദാന്തസിദ്ധാന്തം അതിനെ അംഗീകരിക്കുന്നതേ ഇല്ല. തിന്മയെന്നാൽ എന്താണ്? നന്മയുടെ യാതൊരു സംബന്ധവും കൂടാതെ ശാശ്വതമായ ദുഃഖത്തെമാത്രം ഉണ്ടാക്കുന്നതിനെവേണം തിന്മയെന്ന് പറയുവാൻ. അല്ലാതെ, ശാശ്വതമായ ആനന്ദത്തെ ദ്യോതിപ്പിക്കുവാൻ ഉതകുന്നതും ശ്രൈഷ്ഠ്യത്തേയും സൌഭാഗ്യത്തേയും ഉണ്ടാക്കുവാൻ അനുകൂലിക്കുന്നതും ആയ ഒന്ന് താല്ക്കാലികമായ സ്വല്പ ദുഃഖത്തേയോ വേദനയേയോ ഉണ്ടാക്കുന്നു എന്നുവെച്ച് അതിനെ തിന്മയെന്നോ ദുഷ്ടതയെന്നോ പറയാമോ? ഒരിക്കലുംപാടില്ല. ഒരുപക്ഷേ അവ വിശിഷ്ടങ്ങളായ നന്മകൾ ആയിരിക്കുവാനും മതി. ശാശ്വതമായ ദുഃഖത്തെ മാത്രം ഉണ്ടാക്കുന്നു എന്ന് അവസാനംവരെ പരിശോധിച്ച് തെളിയുന്നതുവരെ ഒന്നിനേയും നമുക്ക് തിന്മയെന്ന് സിദ്ധാന്തിച്ചുകൂടാ.

ചോ— ഹിന്തുക്കൾ പിശാചുക്കളെ ആരാധിക്കുന്നവരല്ലേ?

ഉ— അല്ല. പിശാചുക്കളുടെ ആരാധനം ഹിന്ദുധർമ്മത്തോട് ചേർന്നതേ അല്ല. മനുഷ്യസമുദായം ആകമാനം ന

---

* Brcoklyn Ethical Society, Brooklyn.

രന്തരം, അഭിവൃദ്ധിമാൎഗ്ഗത്തിൽ മുന്നോക്കം യാത്രചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ഗതിയിൽ ഓരോരുത്തർ ഓരോ സ്ഥാനങ്ങളിൽ എത്തിയിരിക്കുന്നു. അതുകൊണ്ടു് ലൌകിക ജീവിതത്തിൽ ഓരോരുത്തൎക്കും ഓരോ പ്രത്യേകസ്ഥാനം കാണാം. ചിലർ മുന്നണിയിൽ സൌഭാഗ്യസമ്പൂൎണ്ണന്മാരായിരിക്കും; അതുതന്നെ മുന്നോക്കം വരാത്ത മററു ചിലർ സൌഭാഗ്യത്തിലും പരിശുദ്ധിയിലും കുറെ കുറവുള്ളവരായിരിക്കും. എന്നാൽ അഭിവൃദ്ധിമാൎഗ്ഗത്തിൽക്കൂടെയുള്ള ഈ യാത്രയിൽ, തങ്ങളുടെ ക്ലിപ്തപരിധിക്കകത്തുനിന്നു് തങ്ങളുടെ അവസ്ഥയെ നന്നാക്കുവാൻ ഓരോരുത്തൎക്കും വേണ്ട സൌകൎയ്യവും അവസരവും ഉണ്ടു്. നമുക്ക് നമ്മളെ ഇല്ലായ്മചെയ്യാൻ സാധിക്കുകയില്ല; നമ്മളിലുള്ള ജീവശ്ശക്തിയെ ഉടയ്ക്കുവാനും തകൎക്കുവാനും നമ്മളാൽസാധിയ്ക്കുകയില്ല. എന്നാൽ അ ശക്തിയെ ശരിയായമാൎഗ്ഗത്തിൽക്കൂടെ തിരിച്ചുവിടുവാനുള്ള സ്വാതന്ത്ര്യം നമ്മൾക്കു് ഉണ്ടുതാനും:

ചോ—ഈ പ്രാപഞ്ചിക വസ്തുവിൻെറ പാരമാൎത്ഥ്യം നമ്മുടെ മനഃസങ്കല്പത്തിൽ മാത്രമല്ലേ ഉള്ളു?

ഉ—എൻെറ അഭിപ്രായപ്രകാരം ബാഹ്യലോകത്തിന്നും ഉണ്ടു് ഒരു അസ്തിത്വം. നമ്മുടെ മാനസികലോകത്തിന്നു് പുറത്തുമുണ്ടു് അതിന്നു് നിലനില്പു്. ശക്തി-പരിണാമസിദ്ധാന്തം അനുസരിച്ചു് സമസ്ത സൃഷ്ടികളും കീഴോട്ടും മേലോട്ടുമായി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണു്. ഈ ശക്തി-പരിണാമം നിങ്ങളുടെ വസ്തു-പരിണാമംപോലെ അല്ല. വസ്തുപരിണാമം ശക്തി-പരിണാമരീതിയിൽ തന്നെയാണെങ്കിലും അതു് ശക്തി-പരിണാമ സ്വഭാവത്തെ വേണ്ടപോലെ വ്യാഖ്യാനിയ്ക്കുന്നില്ല. നമ്മുടെ ചുററുപാടുമുള്ള ഇന്നത്തെ ഈ ഭൌതികാവസ്ഥയ്ക്കുള്ളിൽ നാം ഇതേവരെയായും പ്രത്യേക വ്യക്തികളായി കഴിഞ്ഞിട്ടില്ല. അസ്വതന്ത്രന്മാരായിഒന്നിനും കൊള്ളാത്ത എന്തോ ഒന്നു്; അതാണു് നമ്മുടെ അവസ്ഥ. നമ്മുടെ

ഉള്ളിൽ സ്ഥിതിചെയ്യുന്ന ചൈതന്യവിശേഷത്തിന്നു് അതിന്റെ ശക്തികളെ സ്വയമേവ പ്രകടിപ്പിക്കുവാൻ പൂൎണ്ണസൌകൎയ്യം സിദ്ധിക്കുന്നതുവരെ നാം നമ്മുടെ വ്യക്തിപരമായ അവസ്ഥയെ പ്രാപിച്ചതായിരിക്കുന്നില്ല.

ചോ—ജന്മനാ കുരുടനായ ഒരു ശിശു, ക്രിസ്തുവിനെ ചെന്നുകണ്ട കഥ സ്വാമികൾ കേട്ടിട്ടുണ്ടായിരിക്കുമെല്ലോ. ജന്മനാ കുരുടനായതുകൊണ്ടു് അവന്റെ ആ അവസ്ഥയ്ക്കു കാരണം അവന്റെ സ്വന്തകുററമല്ലെന്നു് വ്യക്തമാകുന്നു. പിന്നെ ആരുടേതായിരിക്കും? അവന്റെ അച്ഛനമ്മമാരുടേയൊ? ഇതു് ക്രിസ്തുദേവനെ പരിഭ്രമിപ്പിച്ച ഒരു സംഗതിയാണു്. സ്വാമികളുടെ അഭിപ്രായമെന്താണു്?

ഉ—ആ കുട്ടി ജന്മാന്തരങ്ങളിൽ ചെയ്തിട്ടുള്ള ഏതോ കൎമ്മത്തിന്റെ ഫലമായിട്ടായിരിക്കണം അങ്ങിനെ സംഭവിച്ചതു്. പൂൎവ്വജന്മങ്ങളെ സമ്മതിക്കുന്നതായാൽ മാത്രമേ ഈ വക സംഗതികളെ ശരിയായി വ്യാഖ്യാനിക്കുവാൻ സാധിക്കു.

ചോ—മരണാനന്തരം നമ്മുടെ ജീവൻ സുഖാവസ്ഥയിലേയ്ക്കാണൊ പ്രവേശിക്കുന്നതു്?

ഉ—മരണംതന്നെ ഒരു അവസ്ഥാഭേദം; അല്ലാതെന്താ? കാലവും ദേശവും നിങ്ങളിലാണു്. അല്ലാതെ നിങ്ങൾ കാലത്തിലും ദേശത്തിലും അല്ല. ഒരു കാൎയ്യം മാത്രമേ ഇതിൽ നല്ലതുപോലെ ധരിക്കേണ്ടതായിട്ടുള്ളു. നാം നമ്മുടെ ജീവിതത്തെ, ഈ ദൃശ്യലോകത്തിൽ വെച്ചായാലും വേണ്ടതില്ല, മറെറതെങ്കിലും അദൃശ്യലോകത്തിൽ വെച്ചായാലും വേണ്ടതില്ല, പരിശുദ്ധവും ശ്രേഷ്ഠവും ആക്കിത്തീൎക്കുന്നേടത്തോളം, നാം സമസ്തദിവ്യസൌഭാഗ്യത്തിന്റേയും ശാശ്വതാനന്ദത്തിന്റേയും കേന്ദ്രമായിരിക്കുന്ന ഈശ്വരനെ സമീപിയ്ക്കുകയാകുന്നു ചെയ്യുന്നതു്.

———:*:———

# 6

## പുനജ്ജന്മം — ഇന്ത്യയിലെ സ്ത്രീജനങ്ങൾ — നരകഭയം.

---

ചോ — പുനർജ്ജന്മത്തെപ്പററിയുള്ള ഹിന്ദുക്കളുടെ സിദ്ധാന്തത്തിന്റെ സ്വഭാവമെന്താണു്?

ഉ — "വസ്തുക്കളെല്ലാം രൂപം മാററുന്നതല്ലാതെ, ഒന്നും തന്നെ നശിക്കുന്നില്ല" എന്നഇന്നത്തെ പ്രകൃതിവിജ്ഞാനികൾക്കുള്ള "സത്ഭാവസിദ്ധാന്ത"ത്തിന്റെ അടിസ്ഥാനത്തിന്മേൽ തന്നെയാണു് ഹിന്ദുക്കൾ അവരുടെ പുനർജ്ജന്മസിദ്ധാന്തത്തേയും ഉറപ്പിച്ചിരിക്കുന്നതു്. ഈ സിദ്ധാന്തത്തെ ഒന്നാമതായി കണ്ടുപിടിച്ചതു് ഞങ്ങളുടെ ചില പ്രാചീന തത്വജ്ഞാനികളായിരുന്നു. അവർ, അസത്തിൽനിന്നു് സത്തിനെ ഉണ്ടാക്കുന്ന സൃഷ്ടികാർയ്യപരിപാടിയിൽ ലവലേശം വിശ്വസിക്കുന്നവരല്ല. "ഒന്നും ഇല്ലാത്തതിൽനിന്നു് പ്രപഞ്ചത്തെ ഉണ്ടാക്കുക" എന്നാണല്ലോ നിങ്ങളുടെ "സൃഷ്ടി"യുടെ അൎത്ഥം. അതു് അസാദ്ധ്യമാകുന്നു. കാലത്തിന്നു് ആദിയില്ലാത്തതുപോലെതന്നെ സൃഷ്ടിയ്ക്കുമില്ല ആദി. ഈശ്വരനും സൃഷ്ടിയും, ആദ്യവും അവസാനവും കൂടാതെ ഒന്നിനൊന്നടുത്തായി നില്ക്കുന്ന രണ്ടു നേർവരകൾപോലെയാണു്. സൃഷ്ടി എന്നും ഉണ്ടായിരുന്നു, ഇന്നും ഉണ്ടു്, ഇനി എന്നും ഉണ്ടായിരിക്കുകയും ചെയ്യും. നമ്മൾക്കു് ലഭ്യമാകുന്ന ശിക്ഷകളെല്ലാം നമ്മളുടെ ക്രിയകളുടെ പ്രതിക്രിയകളാകുന്നു. പാശ്ചാത്യരാജ്യങ്ങളിലെ ജനങ്ങൾ ഇന്ത്യയിൽനിന്നു് ഒരു സംഗതി പടിക്കേണ്ടതായിട്ടുള്ളതു്, "എല്ലാററിനേയും അതാതിന്റെ വിലയ്ക്കും നിലയ്ക്കും അനുസരിച്ചു് ആദരിക്കണം" എന്ന തത്വമാകുന്നു. എല്ലാ മതങ്ങളിലേയും തത്വങ്ങൾ ഒന്നുതന്നെയാകുന്നതുകൊണ്ടു് അവയെല്ലാം ഒരുപോലെ നല്ലവതന്നെ ആകുന്നു.

ചോ—ഇന്ത്യയിലെ സ്ത്രീജനങ്ങൾ വലിയ അഭിവൃദ്ധിയെ പ്രാപിക്കാതിരിക്കുവാനുള്ള കാരണം എന്താണു്?

ഉ—അതാതുകാലം ഉണ്ടായിട്ടുള്ള ക്രൂരജനങ്ങളുടെ ആക്രമണവും അപമര്യാദയും ആണു് ഒന്നാമത്തെ കാരണം. രണ്ടാമതായി ഇന്ത്യാക്കാരുടെ വിചാരഗതിയും.

ചോ—ഹിന്തുക്കളുടെ ആചാരപദ്ധതികളും അവരുടെ കർമ്മസമ്പ്രദായങ്ങളും ഇവിടെ (അമേരിക്കയിൽ) നടപ്പാക്കണമെന്നാണൊ സ്വാമികളുടെ ആഗ്രഹം?

ഉ—ഞാൻ തത്വജ്ഞാനം ഉപദേശിക്കുകമാത്രമേ ചെയ്യുന്നുള്ളു.

ചോ—നരകദുഃഖത്തെപ്പററിയുള്ള ഭയം ഇല്ലാതായാൽ പിന്നെ മനുഷ്യനെ സന്മാർഗ്ഗത്തിൽ പ്രേരിപ്പിക്കുവാൻ ഒന്നും ഉണ്ടായിരിക്കയില്ലെന്നു് സ്വാമികൾ അറിയുന്നില്ലെ?

ഉ—ഇല്ല. നേരേ വിപരീതമാണു് എൻെറ അറിവു്. ഭയത്തിൽകൂടെ ആരും ഒരിക്കലും നന്നാകുവാൻ സാധിച്ചിട്ടില്ല. സാധിക്കുന്നതുമല്ല. ആ ഭയം ഇല്ലാതാകുകതന്നെ വേണം. ഭക്തിയിൽകൂടേയും വിശ്വാസത്തിൽകൂടേയും മാത്രമേ ഒരുവന്നു് നന്നാകുവാൻ സാധിയ്ക്കൂ.

# 7

## പ്രസംഗമല്ല, പ്രവൃത്തി — ഇന്ത്യയിലെ ദാരിദ്ര്യം — യുവസന്യാസികളുടെ ഭാവിചര്യ — സ്വാമികളുടെ അഭ്യർത്ഥന.

---

ശിഷ്യൻ — സ്വാമികൾ എന്താ ഇന്ത്യയിൽ പ്രസംഗമൊന്നും ചെയ്യാതിരിക്കുന്നതു്? അമേരിക്കയിലും യൂറോപ്പിലും തകൃത്തുവല്ലോ. പിന്നെ ഇവിടെ വന്നതിനുശേഷം മൌനമായിരിക്കുവാനുള്ള കാരണമെന്താ?

സ്വാമികൾ — ഈ രാജ്യത്തു് ഒന്നാമതായി വേണ്ടതു് നിലം തയ്യാറാക്കുകയാണു്. അതിനുശേഷം വേണം വിത്തിടുവാൻ. എന്നാൽ മാത്രമേ വിളവു നന്നായിരിക്കയുള്ളു. പാശ്ചാത്യ രാജ്യത്തിലെ — യൂറോപ്പിലേയും അമേരിക്കയിലേയും — നിലം വളരെ ഫലപുഷ്ടിയുള്ളതാണു്. മാത്രമല്ല, വിത്തിടുവാൻ ഒരുക്കപ്പെട്ടുകഴിഞ്ഞും ഇരിക്കുന്നു. അവർ അവിടെ ഭോഗത്തിന്റെ പരമാവധി കണ്ടുകഴിഞ്ഞു. അങ്ങിനെ ഭോഗത്തിൽ പൂർണ്ണമായി തൃപ്തിവന്നതുകൊണ്ടു് അവക്കു് ഇന്നു് ഈ ഭോഗങ്ങൾക്കിടയിൽതന്നെ, മനസ്സമാധാനം ഉണ്ടാകുവാൻ തുടങ്ങിയിരിക്കുന്നു. മാത്രമല്ല, ഭോഗം സാരമില്ലെന്നും അതിലും ഉപരിയായി എന്തെങ്കിലും "കിട്ടിയേ കഴിയൂ" എന്നുകൂടേയും ആയിട്ടുണ്ടു്. ഈ രാജ്യത്തു് നിങ്ങൾക്കു ഭോഗവും ഇല്ല; യോഗവും ഇല്ല. ഭോഗത്തിൽ തൃപ്തി വന്നവൻ മാത്രമേ യോഗത്തെപ്പററി കേൾക്കുകയുള്ളു. അവനു് മാത്രമേ അതിനെപ്പററി ധരിക്കുവാനും സാധിക്കുകയുള്ളു. ഇന്നത്തെ ഇന്ത്യയുടെ കഥ എന്താണെന്നു് നിങ്ങൾക്കു് അറിയാമോ? രോഗം, ദുഃഖം, സങ്കടം ഇവയുടെ ജന്മഭൂമി; ദാരിദ്ര്യം കൊണ്ടു് മനുഷ്യർ മൃതപ്രായന്മാർ; മനഃശക്തിയേ ഇല്ല. ഇങ്ങിനെ ഇരിക്കുന്ന ഇന്നത്തെ നമ്മുടെ ഇന്ത്യയിൽ പ്രസംഗം ചെയ്യുന്നതുകൊണ്ടു് എന്തു് പ്രയോജനമാണു് ഉണ്ടാകുവാനുള്ളതു്?

ശി—അതെന്താ! നമ്മുടെരാജ്യം ധൎമ്മരാജ്യമാണു്; ഇവിടുത്തെ ജനങ്ങൾക്കു് അന്യന്യജനസാധാരണമായ വിധത്തിൽ ധൎമ്മത്തെ മനസ്സിലാക്കുവാൻ സാധിക്കും; എന്നും മററും സ്വാമികൾ തന്നെ പറയാറുണ്ടല്ലൊ. ആ സ്ഥിതിക്കു് സ്വാമികളുടെ അത്യുജ്ജ്വലങ്ങളായ വാക്കുകൾ കേൾക്കുമ്പോൾ ഇവിടെയുള്ളവർ എന്തുകൊണ്ടു് പൌരുഷയുക്തന്മാരായി തീരുകയില്ല? ഇവിടെ സ്വാമികളുടെ വാക്കുകൾക്കു് എന്തുകൊണ്ടു് പൂൎണ്ണഫലം, സിദ്ധിക്കുക ഇല്ല?

സ്വാ—ധൎമ്മത്തെ ഗ്രഹിക്കുവാൻ ഇപ്പോൾ ഇവിടെ ആരെക്കൊണ്ടും സാധിക്കുകയില്ല. ഇന്ത്യയിൽ ഇന്നു് ആവശ്യമായിരിക്കുന്നതു് പ്രഥമാവതാര സേവയാണു്. അതെന്താണെന്നറിയാമൊ? നിങ്ങളുടെ വയററുപിഴപ്പു്. നിങ്ങളുടെ വയറുണ്ടല്ലൊ—ആ കൂൎമ്മം—അതിനെയാണു് ഇവിടെ ആദ്യമായി പൂജിച്ചു് പ്രസാദിപ്പിക്കേണ്ടതു്. ആ കൂൎമ്മത്തിന്റെ അനുഗ്രഹം സിദ്ധിക്കുന്നതുവരെ, ധൎമ്മത്തെപ്പററി ആരൊക്കെ, എന്തൊക്കെ പറഞ്ഞാലും, അതൊന്നും ആരും കേൾക്കുകയില്ല. ഈ ദാരിദ്ര്യപിശാചിനെ എതിൎക്കേണ്ടതെങ്ങിനെയാണു് എന്ന ഒരൊററ വിചാരമെ ഇന്നു ഇന്ത്യക്കാൎക്കുള്ളു. അതുകൊണ്ടു് അവർ അസ്വതന്ത്രരായി കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്തിലെ അത്യുൽകൃഷ്ടങ്ങളായ അനുഗ്രഹ വിഭവങ്ങളെ വിദേശികൾ നിശ്ശേഷം വാററിയെടുത്തു് കൊണ്ടുപോകുന്നു; നമ്മുടെ സാമാനങ്ങളെ അന്യരാജ്യങ്ങളിലേയ്ക്കു് ഒരു കയ്യും കണക്കും കൂടാതെ കയററിക്കൊണ്ടുപോകുന്നു; ശുദ്ധ അടിമകളുടെ അസൂയാബുദ്ധിയും പരശ്രീകണ്ടുകൂടാത്ത സ്വഭാവവും ആൎക്കും എവിടേയും ഉണ്ടു്. ഇവയെല്ലാം ഇന്ത്യയെ നാരായവേരോടെ പിഴുതു് തള്ളുവാനാണു് ശ്രമിക്കുന്നതു്. അതുകൊണ്ടു് ദാരിദ്ര്യത്തെപ്പററിയും ഉപജീവനക്ലേശത്തെപ്പററിയും ഉള്ള ഏകവിചാരത്തെ ഒന്നാമതായി നീക്കിവേണം ധൎമ്മോപദേശം ചെയ്യുവാൻ. അല്ലാതെ

പ്രസംഗങ്ങൾ കൊണ്ടും അതർശമുള്ള മററുപ്രവൃത്തികൾ കൊണ്ടും ഒരു പ്രയോജനവും ഉണ്ടാകുവാൻ ഇല്ല.

ശി— ഈ ദോഷത്തെ ഇല്ലായ്മചെയ്യാൻ എന്താണ് പ്രവൎത്തിക്കേണ്ടതു്?

സ്വാ— ത്യാഗശക്തി പരിപൂൎണ്ണമായി തിളങ്ങി വിളങ്ങുന്ന ഏതാനും ചെറുപ്പക്കാരാണ് ഒന്നാമത്തെ ആവശ്യം. അവർ, അവരുടെ സ്വന്ത സുഖത്തിന്നുമാത്രമായി പ്രവൎത്തിക്കുന്ന സ്വാൎത്ഥികളാകാതെ, അവരുടെ ജീവനെക്കൂടെമററുള്ളവരുടെ സുഖത്തിന്നുവേണ്ടി ബലികഴിക്കുവാൻ തയ്യാറുള്ളവരായിരിക്കണം. ഈ ഉദ്ദേശസാദ്ധ്യത്തിം ചെറുപ്പക്കാരായ ഏതാനും സന്ന്യാസിമാരെ പരിശീലിപ്പിക്കുവാൻവേണ്ടി ഞാൻ ഒരു മഠം സ്ഥാപിക്കേണമെന്നു് വിചാരിക്കുന്നുണ്ടു്. അവിടെ നിന്നു് പുറപ്പെടുന്ന യുവസന്ന്യാസിമാർ വീടുവിടാന്തരം നടന്നു് നാട്ടുകാരുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയെപ്പററിപറഞ്ഞു് അവൎക്ക് മനസ്സിലാക്കിക്കൊടുക്കും. അവരുടെ അഭിവൃദ്ധിക്കു് വേണ്ടുന്ന മാൎഗ്ഗങ്ങളേയും ഉപദേശിച്ചുകൊടുക്കും. അതോടുകൂടിത്തന്നെ ധൎമ്മത്തിന്റെ തത്വതത്തങ്ങളെ ഏററവും ലളിതഭാഷയിൽ പറഞ്ഞു് ഗ്രഹിപ്പിക്കുകയും ചെയ്യും. നമ്മുടെ ഇന്നത്തെകഥ ഏററവും പരിതാപകരമായിരിക്കുന്നു. ഇന്നത്തെ സൎവ്വകലാശാലകൾ കൊണ്ടു് നൂററിന്നു് ഒന്നോ കവിഞ്ഞപക്ഷം രണ്ടോ പേൎക്കു് കണ്ടു് മാത്രമെ ഉപകാരമുണ്ടാകുന്നുള്ളു. അവൎക്കുതന്നെ അതു പഠിപ്പുകൊണ്ടു് പൊതുജനോപകാരപ്രദങ്ങളായ കൃത്യങ്ങൾ ഒന്നും തന്നെ ചെയ്യാൻ സാധിക്കുന്നതും ഇല്ല. സാധുക്കൾ! അവരുടെ കുററമല്ല. ഈവരെന്തുകാട്ടട്ടെ! അവർ സൎവ്വകലാശാല വിട്ടു് പുറത്തിറങ്ങുമ്പോഴെയ്ക്കു തന്നെ അനേകം സന്താനങ്ങളുടെ പിതാവായിക്കഴിഞ്ഞിട്ടുണ്ടായിരിക്കും. പിന്നെ എങ്ങിനേയും ഭഗീരഥ പ്രയത്നം ചെയ്തു് എവിടേയെങ്കിലും ഒരു അപ്പീസിൽഒരു ഗുമസ്താവേലസമ്പാദിയ്ക്കുകയായി ഒരു ഡിപ്ലൂ

ട്ടിമജിസ്ത്രേട്ടോ മററൊ ആയാലത്തെ പരമഭാഗ്യമൊന്നും പറയേണ്ടതുമില്ല. ഇതാണ് ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ പരമാവധി. പിടവിയ്ക്കളളുന്ന ഒരു വലിയകുട്ടംബത്തിന്റെ കഠിനഭാരം നിമിത്തം മഹത്തായ പ്രവൃത്തികളൊന്നും ചെയ്യുന്നതിനും, എന്തിന്, മഹത്തായ ആശയങ്ങളെ ചിന്തിക്കുന്നതിന്നു പോലും, അവരെക്കൊണ്ടു സാധിയ്ക്കുന്നില്ല. അവരുടെ സ്വന്തആവശ്യങ്ങളെ നിവൎത്തിക്കുന്നതിന്നുപോലും ആ സാധുക്കളെക്കൊണ്ട് സാധിയ്ക്കുന്നില്ല. അങ്ങിനെയുള്ളവരെക്കൊണ്ട് പൊതുജനോപകാരാൎത്ഥം എന്തുതന്നെ ചെയ്വാൻ സാധിക്കും?

ശി—എന്നാൽ ഇതിൽനിന്ന് രക്ഷപ്പെടുവാൻ ഉപായമൊന്നും ഇല്ലയൊ?

സ്വാ—ഉണ്ടു്, തീൎച്ചയായിട്ടും ഉണ്ടു്. ഇതു് സനാതനധൎമ്മക്ഷേത്രമാണെന്ന് നിങ്ങൾ ഓൎക്കുന്നില്ലേ? ഈ രാജ്യം ഇന്നയ്ക്ക് അല്പം അധഃപതിച്ചുപോയിട്ടുണ്ടെന്നുള്ളതു് പരമാൎത്ഥം തന്നെ. എന്നാലും വീണ്ടും ഇതു് അഭിവൃദ്ധിപ്പെടുക തന്നെ ചെയ്യും. നിങ്ങൾ നോക്കിക്കൊള്ളിൻ! ആ ഉണൎച്ച ലോകത്തെ ആകമാനം അത്ഭുതപരതന്ത്ര മാക്കാതിരിക്കയില്ല. ഒരിക്കൽ എത്രമാത്രം താഴ്ന്നുവോ, ആ താഴ്ചകഴിഞ്ഞുണ്ടാകുന്ന ഉയൎച്ച അത്രയ്ക്കുമാത്രം ഉയൎച്ചയുള്ളതാകാതിരിക്കയില്ല.

ശി—ഇന്ത്യാദേവി ഉണരുന്നതെന്നാണ്?

സ്വാ—എന്തു്! അതു നിങ്ങൾ കാണുന്നില്ലേ! പൂൎവ്വഗിരിയിൽ അരുണകിരണം നിങ്ങൾ കാണുന്നില്ല!! ഇനി സൂൎയ്യോദയത്തിന്ന് താമസമൊന്നും ഇല്ല. നിങ്ങളെല്ലാം നകത്തൊടങ്ങനയുവാൻ സന്നദ്ധരായിക്കൊള്ളുവിൻ. "എന്റെ സംസാരം—എന്റെ സംസാരം" എന്നുമാത്രം വിചാരിച്ചുകൊണ്ടു് ഒരു ദിക്കിൽ അടങ്ങി ഒതുങ്ങി ഇരിക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്തു്? നിങ്ങൾ രാജ്യങ്ങൾ തോറും, ദേശങ്ങൾ തോറും, വീഥികൾ തോറും, എന്തിന് ഗൃഹങ്ങൾ

തോറും സഞ്ചരിക്കണം. വെറുതെ ഒരു ദിക്കിൽ അടങ്ങി ഒതുങ്ങി ഇരുന്നാൽ ഇനിമേൽ മതിയാകയില്ലെന്ന് നിങ്ങൾ ഓരോരുത്തരേയും പറഞ്ഞു് മനസ്സിലാക്കണം. അതാണ് നിങ്ങളുടെ ഇന്നത്തെ കൎത്തവ്യകൎമ്മം. അവരുടെ യഥാൎത്ഥാവസ്ഥയെ അവർ നല്ലപോലെ മനസ്സിലാക്കട്ടെ. അപ്പോൾ "ഓ! സഹോദരന്മാരെ! ഉറങ്ങിയതു് മതി, ഉണരുവിൻ, ഉണരുവിൻ, നിങ്ങൾ എത്ര കാലമാണു് ഇങ്ങിനെ ഉറങ്ങി കഴിച്ചുകൂട്ടുവാൻ കണ്ടിരിക്കുന്നതു്! ഉണരുവിൻ, എഴുന്നേല്ക്കുവിൻ!!" എന്നു് അവർ തന്നെ വിളിച്ചു് നിലവിളിച്ചുകൊള്ളും. അവരുടെ സ്വാതന്ത്ര്യസ്ഥിതിയെ ഭേദപ്പെടുത്തേണ്ടതു് എങ്ങിനെയാണെന്നു് അവരോടു് ഉപദേശിക്കുക. ശാസ്ത്രതത്വങ്ങളെ സുന്ദരവും തേജോമയവും ആയ രൂപത്തിൽ അവരുടെ മുമ്പിൽ നിരത്തിവയ്ക്കുക. അതിലെ പരമാൎത്ഥതത്വങ്ങളെ അവർ മനസ്സിലാക്കട്ടെ. ഇതുകാലവും ബ്രാഹ്മണർ അവരുടെ സ്വന്തമാക്കി ധൎമ്മത്തെ അടക്കി ഭരിച്ചു കൊണ്ടുപോന്നു. ഇനി അവൎക്കു് അതിന്നു് സാധിക്കുകയില്ല. ആ കാലമെല്ലാം പോയിപ്പോയി. ഇപ്പോൾ ധൎമ്മം അവരുടെ പിടിയിൽ നിന്നു് പുറത്തുചാടുവാൻ തുടങ്ങിയിരിക്കുകയാണു്. ഈ തരുണത്തിൽ അതിനെ സ്വീകരിക്കുവാൻ നിങ്ങൾ എല്ലാവരേയും അധികാരികളാക്കിത്തീൎക്കണം. ധൎമ്മത്തിന്നു് ബ്രാഹ്മണൎക്കുള്ളതുപോലെയുള്ള അവകാശം അവൎക്കും ഉണ്ടെന്നു് നിങ്ങൾ അവരെ പറഞ്ഞു് വിശ്വസിപ്പിക്കണം. എല്ലാവരേയും—ചണ്ഡാളാവധി സൎവ്വരേയും—ഈ അവകാശമന്ത്രോപദേശം കൊണ്ടു് അധികാരികളാക്കിത്തീൎക്കുക. ഇതോടു കൂടി തന്നെ ജീവിതാവശ്യങ്ങളെപ്പററിയും, കൃഷി കച്ചവടം കൈത്തൊഴിൽ മുതലായവകളെപ്പററിയും സാവധാനം പറഞ്ഞു കൊടുക്കണം. ഇത്രയും ചെയ്യാൻ നിങ്ങളെക്കൊണ്ടു് സാധിക്കയില്ലെങ്കിൽ പിന്നെ നിങ്ങളുടെ ഈ വിദ്യാഭ്യാസം കൊണ്ടുള്ള ഫലമെന്തു്? നിങ്ങളുടെ അറിവുകൊണ്ടുള്ള ഫലമെന്തു്? നിങ്ങൾ വേദവും വേദാന്തവും പഠിച്ചതുകൊണ്ടുള്ള ഫല

മെന്തു്? അല്ല, നിങ്ങളുടെ ജീവിതം കൊണ്ടു തന്നെയുള്ള ഫലമെന്തു്?

ശി—അതൊക്കെ ശരിതന്നെ. പക്ഷെ അതിനുള്ള ശക്തി ഞങ്ങൾക്കു് ഇല്ലല്ലൊ. സ്വാമികൾക്കുള്ള ശക്തിയുടെ നൂറിൽ ഒരു ഭാഗമെങ്കിലും എനിക്കുണ്ടായിരുന്നു എങ്കിൽ ഞാൻ അനുഗ്രഹീതനാകുമായിരുന്നേനെ.

സ്വാ—എന്തു് അസംബന്ധമാണു് ഇതു്! ശക്തിയും മററും നിങ്ങൾക്കു് തന്നിയെ വന്നുകൊള്ളുമെല്ലൊ. നിങ്ങൾ പ്രവൃത്തിക്കു് തയ്യാറായി നോക്കുവിൻ. അപ്പോൾ കാണാം നിങ്ങൾക്കു് നിസ്സീമമായ ശക്തിവരുന്നതു്. ആ ശക്തിയെ താങ്ങുവാൻ കൂടെ നിങ്ങളാൽ സാധിക്കുന്നില്ലെന്നു് തോന്നിപ്പോകും. നിങ്ങൾ മററുള്ളവക്കു വേണ്ടി ചെയ്യുന്ന ഏററവും നിസ്സാരമായ പ്രവൃത്തികൂടെ നിങ്ങളുടെ അന്തർഗ്ഗതശക്തിയെ ഉൽബുദ്ധമാക്കിത്തീക്കുന്നതാണു്. പ്രവൃത്തികൂടെ എന്തിനു്! മററുള്ളവക്കു് ഗുണംചെയ്യണം എന്ന ചെറിയ അഗ്രഹം തന്നെ നിങ്ങളുടെ ഹൃദയത്തിൽ നിസ്സീമമായ വീയ്യത്തെ ജനിപ്പിക്കുന്നതാണു്. എനിക്കു് നിങ്ങളെയെല്ലാം വളരെ താല്പൎയ്യമാണെന്നു് നിങ്ങൾക്കു തന്നെ അറിയാമല്ലൊ. എങ്കിലും നിങ്ങൾ മററുള്ളവക്കു വേണ്ടി ചെയ്യുന്ന യത്നത്തിൽ നിങ്ങൾ മരിച്ചുപോകുന്നതായാൽ കൂടേയും ഞാൻ സന്തോഷിക്കുകയേയുള്ളു. അങ്ങിനെ വരുന്നതു് കാണുവാനാണു് എനിക്കു് അധികം താല്പൎയ്യം.

ശി—അങ്ങിനെ വന്നുപോയാൽ പിന്നെ എന്നെ ആശ്രയിച്ചു് നില്ക്കുന്നവരെ രക്ഷിക്കുവാൻ ആരുണ്ടു്?

സ്വാ—അതിനെപ്പററിയാണോ ക്ലേശം! നിങ്ങൾ നിങ്ങളുടെ ജീവനെ മററുള്ളവക്കു വേണ്ടി ബലികൊടുക്കുവാൻ തയ്യാറായാൽ, തീച്ചയായും നിങ്ങളെ ആശ്രയിച്ചു നില്ക്കുന്നവരുടെ സംരക്ഷണം ഈശ്വരൻ തന്നെ കയ്യേററു.

കൊള്ളുമെല്ലൊ. "നഹി കല്യാണകൃൽ കശ്ചിൽ ദുർഗ്ഗതിം താത ഗച്ഛതി" എന്നു് ശ്രീകൃഷ്ണഭഗവാൻ തന്നെ ഗീതയിൽ പറഞ്ഞിട്ടില്ലെ.

ശി—അതു് ശരിതന്നെയാണു്.

സ്വാ—പ്രധാനമായി വേണ്ടതു് ത്യാഗമാണു്. മററുള്ളവൎക്കു് വേണ്ടിയുള്ള പ്രവൃത്തിയിൽ തന്റെ ഹൃദയത്തെ നിഃശ്ശേഷം വിനിയോഗിക്കുവാൻ ത്യാഗം കൂടാതെ സാധിക്കുകയില്ല. ഒരു ത്യാഗിവൎയ്യൻ എല്ലാവരേയും ഒരേ പ്രകാരമാണു് കാണുന്നതു്. അതു നിമിത്തം അവൻ സൎവ്വജന മംഗളത്തിന്നായി പ്രവൎത്തിക്കുന്നതിൽ നിതരാം തല്പരനായും തീരുന്നു. എല്ലാവരേയും സമമായി കാണണമെന്നു് നിങ്ങളുടെ വേദാന്തം തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലെ. പിന്നെ മററുള്ളവരെക്കാൾ എന്തു് വിശേഷവിധിയാണു് നിങ്ങളുടെ ഭാൎയ്യക്കും കുട്ടികൾക്കും ഉള്ളതു്? അവർ മാത്രം നിങ്ങളുടെ സ്വന്തമാണെന്നു് വിചാരിക്കേണ്ട അവശ്യംതന്നെ എന്തുണ്ടു്? നിങ്ങളുടെ പടിയ്ക്കൽതന്നെ സാധുനാരായണന്മാർ പട്ടിണി കിടന്നു് ചാകുന്നതു് നിങ്ങൾ കാണുന്നില്ലെ. അവൎക്കു് വല്ലതും കൊടുത്തു് അവരെ രക്ഷിക്കുന്നതിന്നു പകരം നിങ്ങൾ നിങ്ങളുടെ സ്വന്തം ഭാൎയ്യക്കും കുട്ടികൾക്കും രുചിയുള്ള ഭക്ഷണ സാധനങ്ങൾ കൊടുത്തു് അവരെ ലാളിക്കുകയാണൊ വേണ്ടതു്? ഛെ! എത്ര മൃഗീയമായ പ്രവൃത്തി!

ശി—മററുള്ളവൎക്കുവേണ്ടി പ്രവൎത്തിക്കുവാൻ ചിലപ്പോൾ വലിയ ധനസഹായം ആവശ്യമായിവരുമെല്ലൊ. അതെവിടുന്നുകിട്ടും?

സ്വാ—നിങ്ങളാൽ ആകുന്നതെങ്കിലും ചെയ്യക്കൂടെ? പണംകൊണ്ടു് സഹായിയ്ക്കുവാൻ സാധിയ്ക്കയില്ലെങ്കിൽ പോട്ടെ. അവൎക്കു് നല്ല ഉപദേശങ്ങളെങ്കിലും കൊടുത്തുകൂടയോ? അതിന്നുമുണ്ടോ പ്രയാസം? അതൊ അതിന്നുംവേണൊ പണം?

ശി—അതിന്നു എനിക്ക് * സാധിക്കും.

സ്വാ—"എനിക്ക് സാധിക്കും" എന്നു വെറുതെ പറഞ്ഞതുകൊണ്ടൊന്നും മതിയായില്ല. നിങ്ങളെക്കൊണ്ടു കഴിയുന്നതു നിങ്ങൾ പ്രവൎത്തിക്കുന്നതു ഞാൻ കാണട്ടെ. നിങ്ങൾ ഇവിടെ വരുന്നതുകൊണ്ടു വല്ല പ്രയോജനവും ഉണ്ടായിട്ടുണ്ടെന്നു അപ്പോൾ മാത്രമേ ഞാൻ വിശ്വസിക്കുകയുള്ളു. എഴുന്നേറ്റു ഇന്നുതന്നെ പുറപ്പെടണം. ഈ ജീവിതം ഇനി എത്രകാലത്തേയ്ക്കാണെന്നു ആർ കണ്ടു. നിങ്ങൾ ഏതായാലും ഈ ലോകത്തിൽ വന്നുകഴിഞ്ഞതില്ലേ; ഇനി അതിന്നൊരു അടയാളമുണ്ടാക്കിവെച്ചു പോകരുതോ? ഇല്ലാത്തപക്ഷം ആ നില്ക്കുന്ന മരങ്ങളും ഈ കിടക്കുന്ന കല്ലുകളും നിങ്ങളും തമ്മിൽ എന്തു വ്യത്യാസമാണു ഉള്ളതു? അവയും ജനിച്ചു, വളൎന്നു, നശിച്ചു. അതുപോലെതന്നെ നിങ്ങളും. അല്ലാതെന്താ? നിങ്ങൾക്കും അവയെപ്പോലെതന്നെ ജനിക്കുകയും മരിക്കുകയും ചെയ്താൽമാത്രം മതിയെങ്കിൽ അങ്ങിനെയാകട്ടെ. എന്നാൽ നിങ്ങൾ ഈ വേദാന്തമെല്ലാം പഠിച്ചതെന്തിന്നു? അതൊക്കെ പഠിച്ച അവസ്ഥയ്ക്കു ആ പഠിപ്പുകൊണ്ടു ഒരു പ്രയോജനം ഉണ്ടായി എന്നു കാണിക്കേണ്ടയൊ? "സനാതനമായ ശക്തി നിങ്ങളിൽ എല്ലാം അടങ്ങിക്കിടപ്പുണ്ടു" എന്നു എല്ലാവരോടും ചെന്നു പറയുക. ആ ശക്തിയെ ഉണൎത്തുന്നതിൽ അവരെ സഹായിക്കുകയും ചെയ്യു. നിങ്ങളുടെ സ്വന്തരക്ഷയ്ക്കു മാത്രമായുള്ള യത്നംകൊണ്ടു എന്തു പ്രയോജനം! അതു വെറും സ്വാൎത്ഥതമാത്രമല്ലയൊ? നിങ്ങളുടെ ആ മൂക്കുപിടിച്ചുള്ള ധ്യാനവും കണ്ണടച്ചുള്ള ജപവും മോക്ഷത്തെപ്പറ്റിയുള്ള വിചാരവും ഒക്കെ എടുത്തു ദൂരത്തെറിഞ്ഞേക്കണം. ഞാൻ തുടങ്ങിവെച്ച പ്രവൃത്തിയിൽ സൎവ്വാത്മനാ സഹായിക്കുക. അതാണു വേണ്ടതു.

* സ്വാമികളും ശ്രീശരച്ചന്ദ്രചക്രവൎത്തിയും ആയുള്ള സംവാദമാണിതു. ചക്രവൎത്തി ബി. ഏ. പാസ്സായതിന്നുശേഷം സ്വാമികളുടെ പ്രധാന ശിഷ്യനും പ്രവൎത്തകനും ആയിത്തീൎന്നു

നിങ്ങൾ ഒന്നാമതായി ചെയ്യേണ്ടതു് നിലംതയ്യാറാക്കുകയാണു്. അപ്പോൾ ധൎമ്മത്തെപ്പററി പ്രസംഗിക്കുവാൻ അനേകം വിവേകാനന്ദന്മാർ ഈ ഭൂമിയിൽ അവതരിക്കുന്നതു കാണാം. അതിനെപ്പററി പരിഭ്രമിക്കുകയേ വേണ്ട. ഞാൻ അനാഥശാലകളും ക്ഷാമനിവാരണമന്ദിരങ്ങളും മററും സ്ഥാപിക്കുന്നതു് നിങ്ങൾ കാണുന്നില്ലേ? സിസ്റ്റർ നിവേദിത, ഒരു ഇംഗ്ലീഷ്മദാമ്മ, ഇന്ത്യയെ എത്ര ശുഷ്കാന്തിയോടും താല്പൎയ്യത്തോടുംകൂടെ സേവിക്കുന്നു. സാധുക്കൾക്കുവേണ്ടി എത്ര കിഴിഞ്ഞ പ്രവൃത്തികൾകൂടെ ചെയ്യുന്നതിനും ആ മഹാവിദുഷിക്കു് വല്ല മടിയും കാണുന്നുണ്ടോ? നിങ്ങൾ ഒരു ഇന്ത്യനായിരുന്നിട്ടുകൂടെയും അവരുടെ അഭിവൃദ്ധിക്കുവേണ്ടി ഒന്നുംതന്നെ പ്രവൎത്തിക്കവയ്യന്നോ!! വല്ല ദിക്കിലും വല്ല പ്ലേഗോ മററുരോഗങ്ങളോ ക്ഷാമമൊ മറേറതെങ്കിലും ആപത്തുകളോ ഉണ്ടെന്നു കേട്ടാൽ അവിടേയ്ക്കു് ഓടി എത്തുക. കവിഞ്ഞപക്ഷം, അവരെ സഹായിക്കുവാനുള്ള സാഹസശ്രമത്തിൽ, നിങ്ങൾ മരിച്ചുപോയേക്കാം. എന്നാൽ തന്നെ എന്താ? നിങ്ങളെപ്പോലെ എത്രയെത്രഎണ്ണം ദിനംപ്രതി ജനിക്കുകയും പുഴുക്കളെപ്പോലെ മരിക്കുകയും ചെയ്യുന്നുണ്ടു്. അതുകൊണ്ടു ലോകത്തിന്നു എന്തൊരു ഗുണമാണു് ഉണ്ടാകുന്നതു്. എപ്പോഴെങ്കിലും ഒരിക്കൽ മരിച്ചേ കഴികയുള്ളു എന്നുള്ള കാൎയ്യം തീൎച്ചതന്നെയല്ലെ. അതിനാൽ മരിയ്ക്കുന്നതിന്നു് നല്ല ഒരു ഉദ്ദേശമെങ്കിലും ഉണ്ടായിരിക്കട്ടെ. ജീവിതത്തിൽ ഏതെങ്കിലും ഒരു ഉൽകൃഷ്ട ഉദ്ദേശത്തെ ലാക്കാക്കിക്കൊണ്ടു് മരിക്കുന്നതാണു് വളരെ വളരെ നല്ലതു്. അതിനാൽ നിങ്ങൾ ഈ സഞ്ജീവനീമന്ത്രത്തെ ഗൃഹങ്ങൾതോറും ചെന്നു് ഉപദേശിയ്ക്കുക. അതുകൊണ്ടു നിങ്ങളുടെ നാട്ടിന്നും ഒടുവിൽ നിങ്ങൾക്കുകൂടിയും ഗുണം ഉണ്ടാകും. നമ്മുടെ രാജ്യത്തിന്റെ ഭാവിശ്രേയസ്സ് നിങ്ങളെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. നിങ്ങളെല്ലാം നിരുന്മേഷപ്രദമായ ജീവിതത്തെ നയിക്കുന്നതുകാണുമ്പോൾ എനിക്കു വലിയ വേദനയാണു് ഉണ്ടാകു

ന്നതു്. പ്രവൎത്തിക്കുക. പ്രവൃത്തി, അതാണു് കാൎയ്യം. ഒരിക്കലും മടിച്ചുനില്ക്കരുതു്. ഓരോ ദിവസം ചെല്ലുന്തോറും മരണം അടുത്തടുത്തു വരുന്നു. "മേലിൽ എല്ലാം ശരിപ്പെട്ടുകൊള്ളും" എന്നു് സ്വപ്നം കണ്ടുകൊണ്ടിരിക്കുകയോ? ഛെ! എത്രകഷ്ടം! അങ്ങിനെ; ഒന്നുംതന്നെ തന്നിയെ ഉണ്ടാകയില്ലെന്നു് നല്ലവണ്ണം ഓൎമ്മിച്ചുകൊള്ളുവിൻ.

89818
Q2.0M63
32F1.4
MUL
089818

അഹിംസാസിദ്ധാന്തവും മാംസഭക്ഷണവും—മനുഷ്യരുടെ സത്വരജസ്തമോഗുണങ്ങൾ—ആഹാരവും ആദ്ധ്യാത്മികഭാവംവു—“ആഹാരം”—ആഹാരത്തിൻെറ മൂന്നു ദോഷങ്ങൾ—തൊട്ടുകൂടായ്മയും ജാത്യാചാരങ്ങളും—ചാതുർവ്വർണ്ണ്യം.

---

ശിഷ്യൻ—മനുഷ്യരുടെ ആഹാരത്തിന്നും അവരുടെ ആദ്ധ്യാത്മികഭാവത്തിന്നും തമ്മിൽ വല്ല സംബന്ധവും ഉണ്ടോ എന്നു സ്വാമികൾ അരുളിച്ചെയ്തു കേട്ടാൽ കൊള്ളാം.

സ്വാമികൾ—ഉണ്ടു്. അല്പസ്വല്പ സംബന്ധമൊക്കെ ഉണ്ടു്.

ശി—മത്സ്യമാംസം ഉപയോഗിക്കുന്നതു് വിഹിതവും ആവശ്യവും തന്നെയാണൊ?

സ്വാ—എൻെറ കുഞ്ഞേ! നിനക്കു വേണമെങ്കിൽ നീ വേണ്ടെടത്തോളം കഴിച്ചോ! അതുകൊണ്ടു് വല്ല ദോഷവും ഉണ്ടെങ്കിൽ അതൊക്കെ ഞാൻ ഏററു. നീ നമ്മുടെ നാട്ടുകാരെ കാണുന്നില്ലേ? അവർ എത്ര ദയനീയരായിരിക്കുന്നു! മുഖം വാടിവറണ്ടു് ഒരു പ്രസന്നതയും ഇല്ലാതെ അങ്ങിനെ; മനസ്സിന്നാണെങ്കിൽ ലവലേശം ശക്തിയൊ ധൈര്യമോ ഇല്ല; എന്തിട്ടാലും എത്രയിട്ടാലും നിറയാത്ത അഗാധവയറു്; കാലുകൾക്കു് നടക്കുവാൻ ശക്തിയില്ല, കൈകൾക്കു് പിടിക്കുവാൻ ബലംപോരാ; എന്തുകണ്ടാലും ഭയപ്പെടുന്ന ചുണയില്ലാത്ത കൂട്ടം. ഹാകഷ്ടം! ഇതല്ലേ നമ്മുടെ ഇന്നത്തെ ജനസമുദായം!

ശിഷ്യൻ—മത്സ്യവും മാംസവും ഭക്ഷിക്കുന്നതുകൊണ്ടു ശക്തി ഉണ്ടാകുമൊ? ബുദ്ധമതവും വൈഷ്ണവമതവും “അഹിംസാ പരമോധൎമ്മഃ” എന്നു ഉപദേശിക്കുന്നുണ്ടല്ലോ.

സ്വാ—ഒന്നാമതായി, ബുദ്ധമതവും വൈഷ്ണവമതവും രണ്ടും രണ്ടല്ല. ബുദ്ധമതം ഇന്ത്യയിൽ ക്ഷീണിക്കുവാൻ തുടങ്ങിയ കാലത്തു ഏതാനും ഹിന്ദുക്കൾ അതിൽനിന്ന് ഏതാനും നല്ലനല്ല ആചാരക്രമങ്ങളെ സ്വീകരിച്ച് സ്വാതമാക്കിത്തീർത്തു. ഇവരാണ് പിന്നീട് വൈഷ്ണവന്മാരായിതീൎന്നതു്. ബുദ്ധമതത്തിലെ "അഹിംസാപരമോധൎമ്മഃ" എന്ന സിദ്ധാന്തം വളരെ നല്ലതുതന്നെയാണ്. അതിന്നു പക്ഷാന്തരമേ ഇല്ല. പക്ഷെ പൊതുജനങ്ങളുടെ സ്ഥിതിഗതികളെ സാവധാനം പരിഗണിക്കാതെ ഇതിനെ നിയമമാക്കി എല്ലാവരിലും നിർബന്ധിക്കുവാൻ തുടങ്ങിയതുകൊണ്ട് ബുദ്ധമതം ഇന്ത്യയിൽ വലിയ അനൎത്ഥത്തെയാണ് വരുത്തിവെച്ചതു്. ഇവിടെ അനേകം "പൂച്ചമാമുനി"കളെ ഞാൻതന്നെ കണ്ടിട്ടുണ്ട്. ഉറുമ്പുകൾ അരിച്ചുനടക്കുന്ന വഴികളും അവയുടെ മാളങ്ങളും തിരഞ്ഞുപിടിച്ച് അവിടെ എല്ലാം പഞ്ചസാര വിതറി നടക്കുന്ന അവരുടെ കപടപട്ടക്കാൎക്കു് അല്പമാത്രമായ വല്ല സ്വാൎത്ഥത്തിന്നുംവേണ്ടി തന്റെ അയൽപക്കക്കാരനെ എത്രതന്നെ ഉപദ്രവിക്കുവാനും ലവലേശം മടിയില്ല.

ശി—ശ്രുതികളിലും സ്മൃതികളിലുംകൂടെ മാംസഭക്ഷണത്തെ നിഷേധിച്ചിട്ടുണ്ടല്ലൊ.

സ്വാ—മാംസഭക്ഷണത്തേയൊ ഹിംസയേയൊ ഏതിനെയാണ് നിഷേധിച്ചിട്ടുള്ളതു്! വേദത്തിൽ "മാ ഹിംസ്യാൽ സൎവ്വഭൂതാനി" എന്നും സ്മൃതിയിൽ "നിവൃത്തിസ്തു മഹാഫലാ"* എന്നും അല്ലേ പറഞ്ഞിട്ടുള്ളതു്. ഇങ്ങിനെ അവരുടെ തരാതരംപോലെ അവിടവിടെ ഹിംസയേയും അഹിംസയേയും വിധിക്കാതിരുന്നിട്ടില്ല.

ശി—ഇപ്പോൾ ഇവിടെ ഒരാൾ ഒരിത്തിരി ഈശ്വരവിചാരം തുടങ്ങുവാൻ ഭാവിക്കുമ്പോഴേക്കും ആദ്യമായി മത്സ്യ

---

* അഗ്രാഹ്യങ്ങളിൽ നിന്നുള്ള നിവൃത്തി.

ഹംസങ്ങളെ ഉപേക്ഷിക്കുന്നതു ഒരു സാധാരണ പരിഷ്കാരമായിരിക്കുന്നു. അങ്ങിനെ ചെയ്യാതിരുന്നാൽ അതു് വലിയ പാപമാണെന്നുകൂടെയും അവർ വിചാരിക്കുന്നുണ്ടു്. ഈ ആശയങ്ങളും വിശ്വാസങ്ങളുമെല്ലാം ഉണ്ടായതെങ്ങിനെയാണു്?

സ്വാ—അതുണ്ടായതെങ്ങിനെയാണെന്നു് അറിഞ്ഞിട്ടുള്ള കാൎയ്യമെന്താ? അതുണ്ടല്ലൊ. അതു് നാട്ടിന്നും സമുദായത്തിന്നും അനൎത്ഥത്തെ വരുത്തുന്നതും ഉണ്ടല്ലൊ. അതുയും നിങ്ങൾ വ്യക്തമായി കാണുന്നില്ലെ? അതുപോരെ? നോക്കുക! കിഴക്കെബെങ്കാളത്തിലെ ജനങ്ങൾ ഈ ദിക്കുകാരെ അപേക്ഷിച്ചു് അധികമായി മത്സ്യവും മാംസവും ഭക്ഷിക്കുന്നവരാണു്. അവർ അതുകൊണ്ടു് ഇവിടുത്തുകാരെക്കാൾ അധികം ബലിഷ്ഠരായും ഇരിക്കുന്നുണ്ടു്. കിഴക്കേബെങ്കാളിലെ ധനികന്മാർപോലും രാത്രിസമയങ്ങളിൽ ലൂച്ചിയും ചപ്പാത്തിയും * ഭക്ഷിക്കുന്നില്ല. അവൎക്കു് ഈ ദിക്കുകാരെപ്പോലെ ഉദരരോഗവും × ഇല്ല. ഇവിടെ ഉദരരോഗം ഒഴിഞ്ഞ ഒരാൾപോലും ഉണ്ടോ? കിഴക്കേബെങ്കാളിലെ നാട്ടിൻപുറങ്ങളിൽ ഉള്ളവൎക്കു് ഈ രോഗം എന്നാൽ എന്താണെന്നുകൂടെയും അറിവില്ലെന്നാണു് ഞാൻ കേട്ടിട്ടുള്ളതു്.

ശി—അതേ സ്വാമി, ഞങ്ങൾക്കു് ആ വക ഉപദ്രവങ്ങളെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. ഞാൻതന്നെ ഇവിടെ വന്നതിന്നു ശേഷമാണു് ഇങ്ങിനെ ഒരു രോഗത്തെപ്പറ്റി കേട്ടുതുടങ്ങിയതു്. ഞങ്ങൾ രണ്ടുനേരവും ചോറും മത്സ്യവും ആണു് ഭക്ഷിക്കാറു് പതിവു്.

സ്വാ—അതെ, അതുതന്നെയാണു് ഞാനും പറയുന്നതു്. നിങ്ങൾക്കു് വേണ്ടേടത്തോളം കഴിച്ചോളിൻ. അതുടെ

---

* ഗോതമ്പുമാവുകൊണ്ടു് ഉണ്ടാക്കുന്ന പലഹാരം. ഉത്തരഇന്ത്യയിലെ സാധാരണഭക്ഷണം ഇതാണു്.

× സ്വാമികൾ Dispepsia എന്ന രോഗത്തെപ്പറ്റിയാണു് പറഞ്ഞതു്. ഇതു് ഗ്രഹണിപോലെയുള്ള ഒരു രോഗമാകുന്നു.

ആക്ഷേപത്തെയും കൂട്ടാക്കേണ്ട. സസ്യങ്ങൾ മാത്രം കഴിച്ചു് ജീവിക്കുന്നവർ ഉദരരോഗികളായിത്തീരുകയേയുള്ളൂ. മരണത്തിന്റെ പ്രതിഛായപോലെയുള്ള ആ ജീവിതമല്ല സാത്വികത്തിന്റെ ലക്ഷണം. താമസത്തിന്റെ ലക്ഷണമാണതു്. മുഖത്തു് ധാരാളം രക്തപ്രസാദം, ഹൃദയത്തിൽ തീവ്രമായ ഉത്സാഹം, നല്ല ചൊടിചൊടിപ്പു് ഇവയാണു് സത്വത്തിന്റെ അടയാളം. മടി, നിദ്രാലുത്വം, നിരുന്മേഷം ഇതൊക്കെ തമസ്സിന്റെ അടയാളങ്ങളാകുന്നു.

ശി—മത്സ്യവും മാംസവും രജോഗുണത്തെ വർദ്ധിപ്പിക്കയില്ലേ?

സ്വാ—വർദ്ധിപ്പിക്കും. അങ്ങിനെ വരണമെന്നുതന്നെയാണു് എന്റെ അഗ്രഹം. ഇപ്പോൾ നമുക്കു് അത്യാവശ്യമായിരിക്കുന്ന ഗുണം രാജസം തന്നെയാണു്. ഇന്നു നിങ്ങളാൽ സാത്വികന്മാരാണെന്നു് വിചാരിക്കപ്പെട്ടുനവരിൽ നൂററിനു് തൊണ്ണൂററിൽ അധികം കണ്ടും അതിനിബിഡമായ തമസ്സിൽ മുങ്ങിക്കിടക്കുന്നവരാണു്. അവരിൽ പതിനാററിൽ ഒന്നു കണ്ടെങ്കിലും യഥാർത്ഥ സാത്വികന്മാർ ഉണ്ടായിരുന്നാൽ മതിയായിരുന്നു. രാജ്യമാസകലം ശുദ്ധ തമസ്സിൽ മുങ്ങിമയങ്ങിക്കിടക്കുന്ന ഇക്കാലത്തു് നമുക്കു് അത്യാവശ്യമായിരിക്കുന്നതു് രാജസത്തിന്റെ അഭിവൃദ്ധിതന്നെയാണു്. രാജസം ധാരാളം ഉണ്ടാകട്ടെ, പിന്നെമതി സാത്വികം. നമ്മുടെ നാട്ടുകാൎക്കു് ധാരാളം ആഹാരം കൊടുക്കണം; അവരെ നല്ല നല്ല വസ്ത്രങ്ങൾ ധരിപ്പിക്കണം; ഉണർത്തണം, ഉത്സാഹികളാക്കിത്തീർക്കണം. അതാണു് ഈ ക്ഷണത്തിൽ വേണ്ടതു്. ഇല്ലെങ്കിൽ അവർ അധികം താമസിയാതെ തന്നെ ശുദ്ധ മരങ്ങളെപ്പോലെയൊ കല്ലുകളെപ്പോലെയൊ യാതൊരു വികാരവും ചുണയും ഉത്സാഹവും ഇല്ലാത്ത ജഡപ്രായന്മാരായിത്തീരും. അതുകൊണ്ടു് നിങ്ങൾ രാജസത്തെ ഉണ്ടാക്കുവാനായിത്തന്നെ ധാരാളം മത്സ്യമാംസം കഴിക്കണമെന്നാണു് എന്റെ അഭിപ്രായം.

ശി—ഒരുവനിൽ സാത്വികഗുണം പൂൎണ്ണമായി അഭിവൃദ്ധിപ്പെട്ടു കഴിഞ്ഞാൽ, അവന്നു പിന്നെ മത്സ്യമാംസത്തിൽ അഭിരുചികാണുമോ?

സ്വാ—ഇല്ല. ഒരിക്കലും കാണുകയില്ല. സത്വഗുണം നല്ലപോലെ വികസിതമായിത്തീൎന്നാൽ മത്സ്യമാംസത്തോടുള്ള പ്രതിപത്തി താനെ ഇല്ലാതായിത്തീരുന്നതാണ്. മററുള്ളവൎക്കുവേണ്ടി സൎവ്വത്തേയും ഉപേക്ഷിക്കുക, കാമകാഞ്ചനങ്ങളുമായി ലവലേശം ബന്ധമില്ലാതായിത്തീരുക, അഹങ്കാരവും അഭിമാനവും നിശ്ശേഷം ഇല്ലാതാക്കുക, ഇവയെല്ലാമാണ് സാത്വികം പ്രകാശമാനമായിത്തീരുമ്പോൾ കാണപ്പെടുന്ന ലക്ഷണങ്ങൾ. ഈ വക ലക്ഷണങ്ങൾ ഒരുവനിൽ പ്രത്യക്ഷമാകുമ്പോൾ അവന്റെ മാംസഭക്ഷണപ്രതിപത്തി താനേ ഇല്ലാതായിക്കൊള്ളും. എന്നാൽ ഈ വക ലക്ഷണങ്ങൾ ഒന്നും ഇല്ലാതിരിക്കുകയും മാംസഭക്ഷണത്തെ അതികഠിനമായും പരുഷമായും ആക്ഷേപിക്കുകയും ചെയ്യുന്നതു കണ്ടാൽ അവൻ ഒരു വെറും കപടനാട്യക്കാരനാണെന്നും മനസ്സിനെ തുറന്നു സംസാരിക്കാത്ത മൂഢനാണെന്നും നിശ്ചയിച്ചുകൊള്ളണം. നിങ്ങൾ ആ നിലയിൽ എത്തുമ്പോൾ മത്സ്യത്തേയും മാംസത്തേയും തനിയേ ഉപേക്ഷിച്ചുകൊള്ളും. അപ്പോൾ മാത്രമേ ഉപേക്ഷിക്കേണ്ട ആവശ്യവും ഉള്ളു.

ശി—"ആഹാരശുദ്ധ്യാ സത്വശുദ്ധി" എന്നു ഛാന്ദോഗ്യോപനിഷത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ.

സ്വാ—ഉണ്ട്. അതെനിക്കറിയാം. അതിന്റെ അൎത്ഥത്തെപ്പററി ആചാൎയ്യന്മാരുടെ ഇടയിൽതന്നെ വലിയ അഭിപ്രായവ്യത്യാസങ്ങളെല്ലാം ഉണ്ട്. ശ്രീമത് ശങ്കരാചാൎയ്യസ്വാമികളുടെ അഭിപ്രായപ്രകാരം "ആഹാരം" എന്നതിന്റെ അർത്ഥം "ഇന്ദ്രിയവിഷയങ്ങൾ" എന്നാണ്. എന്നാൽ അതിന്നു ശ്രീമത് രാമാനുജാചാൎയ്യർ കല്പിച്ചിട്ടുള്ള അർത്ഥം "ഭക്ഷണം" എന്നതന്നേയും ആകുന്നു. ഈ രണ്ടു ഭാവങ്ങ

ളേയും യോജിപ്പിച്ചുള്ള ഒരർത്ഥത്തെ സ്വീകരിക്കുന്നതായിരിക്കും ഉത്തമമെന്നാണു് എന്റെ അഭിപ്രായം. നാം എന്നും ഭക്ഷണസാധനങ്ങളുടെ ശുദ്ധാശുദ്ധതകളെപ്പററി തർക്കിച്ചുകൊണ്ടു് കാലംകഴിച്ചാൽ മാത്രം മതിയൊ? അതോ ഇന്ദ്രിയനിയമനം പരിശീലിക്കുകയാണൊ വേണ്ടതു്? തീർച്ചയായും ഇന്ദ്രിയനിയന്ത്രണം തന്നെയായിരിക്കണം നമ്മുടെ പ്രഥമവും പ്രധാനവും ആയ ഉദ്ദേശം. ഭക്ഷണങ്ങളുടെ ഗുണദോഷത്തെപ്പററിയുള്ള വിവേചനം ഈ ഉദ്ദേശസാദ്ധ്യത്തിന്നു് നമ്മെ വളരെ അധികമൊന്നും അനുകൂലിക്കുന്നില്ല. നമ്മുടെ ശാസ്ത്രപ്രകാരം ആഹാരത്തിന്നു് മൂന്നുവിധ ദോഷങ്ങളാണു് ഉള്ളതു്. ൧. ജാതിദോഷം—ഇതു് ഓരോന്നിന്റേയും ജന്മനാ ഉള്ള സ്വഭാവംകൊണ്ടു് ഉണ്ടാകുന്നതാണു്. ഉള്ളി മുതലായവ ഈ വകുപ്പിൽ ഉൾപ്പെട്ടവയാകുന്നു. ൨. നിമിത്തദോഷം—അന്യങ്ങളായ അശുദ്ധവസ്തുക്കളുടെ സംയോഗം കൊണ്ടു് ഉണ്ടാകുന്ന ദോഷമാണു് ഇതു്. ചത്ത ജീവികൾ, പൊടി, തലനാർ മുതലായവ വീണ വസ്തുക്കൾ ഈ വകുപ്പിൽ ഉൾപ്പെടുന്നു. ൩. ആശ്രയദോഷം—ദുഷ്ടവും അശുദ്ധവും ആയ സ്ഥാനത്തിൽനിന്നു് ഉത്ഭവിക്കുന്നതുകൊണ്ടുണ്ടാകുന്ന ദോഷമാണു് ഇതു്. അശുദ്ധന്മാർ തൊടുന്നതും അവരുടെ ദൃഷ്ടിപതിക്കുന്നതും ആയ വസ്തുക്കൾകൂടെ ഇതിൽ ഉൾപ്പെടുന്നുണ്ടു്. ഈ ത്രിദോഷങ്ങളിൽ ആദ്യം പറഞ്ഞ രണ്ടു ദോഷങ്ങളേയും ഇല്ലായ്മചെയ്വാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. എന്നാൽ ഇന്നു് ഇന്ത്യയിൽ കാണുന്നതു് നേരെ വിപരീതവും ആകുന്നു. അവക്കു് ആദ്യത്തെ രണ്ടു ദോഷങ്ങളെപ്പററി അത്ര കാര്യമായ ശ്രദ്ധയൊന്നും ഇല്ല. ഒരു മഹായോഗിയെക്കൊണ്ടു മാത്രം അറിയുവാൻ സാധിക്കുന്ന മൂന്നാമത്തേതിനെപ്പററിയാണു് തമ്മിൽതല്ലെല്ലാം. ഇപ്പോൾ എവിടെനോക്കിയാലും "തൊടരുതു്-തൊടരുതു്" എന്ന വിളിയേയുള്ളു. അതുകൊണ്ടു് അവർ നാട്ടിനെ കുലുക്കുവാൻകൂടെ തുടങ്ങിയിരിക്കുന്നു. ഓരോരുത്തക്കുമുണ്ടു് ഓരോ ചെറിയ

വൃത്തം. അതിന്നകത്തുകിടന്നാണ് ഈ ബഹളമെല്ലാം ഉണ്ടാകുന്നത്. എന്നാൽ ആ വൃത്തത്തിൽതന്നെ ഉള്ളവരുടെ ഗുണദോഷങ്ങളെയൊ ശുദ്ധാശുദ്ധതയേയൊ പററിയ ആലോചനയൊന്നും ഇല്ല. കഴുത്തിൽ ഒരു ചരടും ചാത്തി ബ്രാഹ്മണനാണെന്നും പറഞ്ഞ് വരുന്ന ഏവന്റെ കയ്യിൽനിന്നും എന്തുസാധനം വാങ്ങി കഴിക്കുന്നതിന്നും ഒരു വിരോധവും ഇല്ലതന്നെ. ശ്രീരാമകൃഷ്ണദേവന്ന് പരിശുദ്ധന്മാരുടെ കയ്യിൽ നിന്ന് വരുന്ന ഭക്ഷണമല്ലാതെ മററൊന്നും സ്വീകരിക്കുവാൻ കഴിച്ചുണ്ടായിരുന്നില്ല. ഏതാനും ചിലർ കൊണ്ടുവന്ന പല ഹാരങ്ങളെ സ്വീകരിക്കുവാൻ ഭഗവാന്ന് പല അവസരങ്ങളിലും സാധിക്കാതെ വന്നിട്ടുണ്ട്. ആ വക അവസരങ്ങളിൽ ഗാഢമായ അന്വേഷണങ്ങൾ നടത്തിനോക്കിയപ്പോൾ അവയെതൊട്ട ചിലർ പരിശുദ്ധന്മാരല്ലെന്ന് തെളിയുകയും ഉണ്ടായിട്ടുണ്ട്. നിങ്ങളുടെ മതമാകട്ടെ അവിടെനിന്നെല്ലാം പോയി ഇന്ന് അടുക്കളയിലും കലത്തിലും മാത്രം അടങ്ങിയിരിക്കുന്നതുപോലെയാണ് കാണുന്നത്. നിങ്ങൾ മതത്തിന്റെ യഥാർത്ഥതത്വങ്ങളെ ഒരുഭാഗത്ത് മാററിവെച്ച് വെറും ബാഹ്യങ്ങൾക്കു മാത്രമായി—പഴത്തിന്റെ ഉള്ളിലുള്ള കഴമ്പിനെ ഉപേക്ഷിച്ച് വെറും തൊലിയെല്ലൂന്നപോലെ—അടി പിടികൂടുകയാകുന്നു.

ശി—എന്നാൽ ആരുതൊട്ടഭക്ഷണം കഴിക്കുന്നതിന്നും വിരോധമില്ലെന്നാണോ സ്വാമികൾ പറയുന്നത്?

സ്വാ—ഞാൻ അങ്ങിനെ പറഞ്ഞോ? ഇതു നോക്കുക. നിങ്ങൾ ഒരു ബ്രാഹ്മണൻ. ഭട്ടാചാര്യവർഗ്ഗത്തിൽ ഉൾപ്പെട്ട ഒരാളാണെന്നുതന്നെ ഇരിക്കട്ടെ. നിങ്ങൾക്ക് നിങ്ങളെപ്പോലെ ശുദ്ധിയുള്ള ഇതരവർഗ്ഗക്കാരുടെ ഭക്ഷണം കഴിച്ചാൽ എന്താ? മററുവർഗ്ഗക്കാർക്കും ഇതുപോലെതന്നെ ചെയ്തുകൂടയോ? ബാർഹി ബാരീന്ദ്രന്റെ ഭക്ഷണം കഴിക്കയില്ല, ബാരീന്ദ്രൻ ബാർഹിയുടെ ഭക്ഷണം കഴിക്കയില്ല. മഹാരാഷ്ട്രൻ കൊങ്ക-

ണന്റെ ഭക്ഷണം കഴിക്കയില്ല, കൊങ്കണൻ മഹാരാഷ്ട്രന്റെ ഭക്ഷണം കഴിക്കയില്ല, തെക്കൻ വടക്കന്റെ ഭക്ഷണം കഴിക്കയില്ല, വടക്കൻ തെക്കന്റെ ഭക്ഷണം കഴിക്കയില്ല, ഇതെല്ലാം എന്തിനായിട്ടാണു്? ഇന്നു് ബങ്കാളത്തിലെ അനേകം ബ്രാഹ്മണരും കായസ്ഥന്മാരും; ആരും അറിയുന്നില്ലെന്ന നാട്യത്താൽ പട്ടണങ്ങളിലെ പരസ്യമായ ഭക്ഷണശാലകളിൽ കയറിച്ചെന്നു് അവിടെ കിട്ടുന്നതെല്ലാം മൂക്കമുട്ടെ ഭക്ഷിച്ചുശേഷം പുറത്തിറങ്ങി, വലിയ ആഢ്യത്വം നടിക്കുന്നതു് നിങ്ങൾ കാണുന്നില്ലേ! ഇവരാണത്രെ വലിയ സമുദായനേതാക്കന്മാരായിനിന്നു് ശുദ്ധാശുദ്ധത്തേയും സദാചാരത്തേയും മററും പററിയുള്ള നിയമങ്ങളെല്ലാം ഉണ്ടാക്കുന്നതു്! ഇത്തരം ബെകാഢ്യന്മാർ ഉണ്ടാക്കിയ നിയമങ്ങളെ അനുസരിച്ചു് നങ്ങളുടെ സമുദായം കഴിഞ്ഞുകൂടണമെന്നാണോ നിങ്ങൾ പറയുന്നതു്? ഛേ! എന്തു ലജ്ജാവഹം! അതൊരിക്കലും പാടില്ല. നാം അവരെയാണു് സമുദായത്തിൽനിന്നു തള്ളേണ്ടതു്. നമ്മുടെ പ്രാചീന ഋഷികൾ ഉണ്ടാക്കിവെച്ച നിയമങ്ങളെത്തന്നെ വേണം നമുക്കു് പുനഃസ്ഥാപിക്കുവാൻ. അപ്പോൾ മാത്രമേ നമുക്കു രാഷ്ട്രീയമായ അഭിവൃദ്ധി ഉണ്ടാകുകയുള്ളൂ.

ശി—ഋഷിപ്രോക്തങ്ങളായ നിയമങ്ങൾതന്നെയല്ലേ നമ്മുടെ സമുദായത്തെ ഇപ്പോഴും ഭരിച്ചുകൊണ്ടിരിക്കുന്നതു്?

സ്വാ—ഇതു് വെറും തെററിദ്ധാരണയാണു്. അങ്ങിനെ ഇപ്പോൾ നിങ്ങൾ വല്ലേടത്തുമുണ്ടോ കാണുന്നു? ഋഷിപ്രോക്തങ്ങളായ പണ്ടത്തെ നിയമങ്ങൾ എവിടെ, അർത്ഥശൂന്യങ്ങളായ ഇന്നത്തെ നിയമങ്ങൾ എവിടെ? ഞാൻ ഇന്ത്യാരാജ്യംമുഴുവൻ ചുററിനടന്നകാലത്തു് വളരെയൊക്കെ പണിപ്പെട്ടു പരിശോധിച്ചുനോക്കീട്ടും പണ്ടത്തെ ഋഷിപ്രോക്തങ്ങളായ നിയമങ്ങളെ ഒരിടത്തുപോലും കാണുവാൻ എനിക്കു സാധിച്ചിട്ടില്ല. സാധാരണജനങ്ങൾ ഉണ്ടാക്കിയ അന്ധവും അർത്ഥശൂന്യവും ആയ സമ്പ്രദായങ്ങളും, പ്രാദേശികങ്ങളായ

ഏതാനും ആചാരങ്ങളും ആശയങ്ങളും, മുത്തശ്ശിമാരുടെ ഏതാനും പഴയ നടപടികളും അല്ലാതെ മറ്റൊന്നും എങ്ങും എനിക്കു കാണുവാൻ സാധിച്ചിട്ടില്ല. ശാസ്ത്രങ്ങളെ ശരിയായിപ്പഠിച്ചു് അവയെപ്പറ്റി ശരിയായി ചിന്തിച്ചു് സമുദായത്തെ നയിക്കുവാൻ തയ്യാറുള്ളവർ ഇന്നു് എത്രപേർ ഉണ്ടു?

ശി—എന്നാൽ ഇനി എന്താണു് വേണ്ടതു്?

സ്വാ—സംശയിക്കുവാനുണ്ടോ! ഋഷികളുടെ പ്രാചീന നിയമങ്ങളെത്തന്നെ പുനഃസ്ഥാപിക്കണം. മനുസ്മൃതി, യാജ്ഞവല്ക്യസ്മൃതി മുതലായവയെ പൊതുജനങ്ങൾക്കു പരസ്യമായി ഉപദേശിക്കണം. എന്നാൽ ആ വക സ്മൃതികളിലെ എല്ലാഭാഗവും അതേപ്രകാരംതന്നെ സ്വീകരിക്കുവാൻ ഇക്കാലത്തു തരമില്ലാതായിട്ടുണ്ടു്. അതിനാൽ ആ വക ഭാഗങ്ങളെ കാലാനുസരണവും അവസ്ഥാനുസരണവും ഭേദപ്പെടുത്തേണ്ടതാകുന്നു. ഇന്നു് ഇന്ത്യയിൽ ഒരിടത്തും പണ്ടത്തെ ചാതുർവ്വർണ്യസമ്പ്രദായം നടപ്പുള്ളതായി ഞാൻ കാണുന്നില്ല. നാം ഇനിയും ജനങ്ങളെ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഇങ്ങിനെ നാലുവർണ്ണങ്ങളായി ഭാഗിക്കണം. ഓരോ വർണ്ണത്തിലും ഉള്ള അവാന്തരവിഭാഗങ്ങളെയെല്ലാം ഇല്ലാതാക്കണം. വർണ്ണഭേദം കൊണ്ടുള്ള ദോഷങ്ങളെ നശിപ്പിക്കണം. അഭിവൃദ്ധിക്കു ഓരോരുത്തനും മാർഗ്ഗം തുറന്നു കാണിച്ചുകൊടുക്കണം. പണ്ടു് വൈദികകാലത്തു ഇങ്ങിനെ ആയിരുന്നു. ഇതൊന്നും ചെയ്യാതെ, നിങ്ങൾ ഇപ്പോൾ ചെയ്യുന്നതുപോലെ, "ഞങ്ങൾ നിങ്ങളെ പഠിപ്പിക്കയില്ല, ദർശിക്കയില്ല, സ്പർശിക്കയില്ല" എന്നെല്ലാം പറഞ്ഞു നിലവിളിച്ചുകൊണ്ടിരുന്നാൽ അതുകൊണ്ടു് വല്ല ഗുണവും ഉണ്ടാകുമെന്നാണോ നിങ്ങളുടെ വിചാരം? ഒരിക്കലും ഉണ്ടാകുന്ന കാര്യമല്ല അതു്.

## 9

### ചാതുർവർണ്ണ്യം—പാശ്ചാത്യരാജ്യങ്ങളിലെ ബ്രാഹ്മണർ—ബങ്കാളത്തിലെ കുലഗുരു സമ്പ്രദായം.

---

ശിഷ്യൻ—(അമേരിക്കാ, ജപ്പാൻ തുടങ്ങിയുള്ള പാശ്ചാത്യരാജ്യങ്ങളെപ്പററി സ്വാമികൾ വളരെനേരം ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നതിനെക്കേട്ട് പ്രിയനാഥസിംഹൻ എന്ന ശിഷ്യൻ ചോദിക്കുന്നു) സ്വാമിക്കു അവിടെ എത്ര ശിഷ്യന്മാരുണ്ടു?

സ്വാമികൾ—കുറെ ഏറെക്കാണും.

ശി—പന്തിരുനൂറ് വരുമോ?

സ്വാ—അതിലും അധികം കണ്ടേയ്ക്കും.

ശി—അവക്കെല്ലാം മന്ത്രവും ഉപദേശിച്ചിട്ടുണ്ടോ?

സ്വാ—ഉണ്ട്.

ശി—എന്തു്! അവക്കു പ്രണവത്തിനുകൂടെ അധികാരം കൊടുത്തുവോ?

സ്വാ—കൊടുത്തു.

ശി—അതു പാടുണ്ടോ സ്വാമി? ബ്രാഹ്മണനക്കു മാത്രമേ പ്രണവത്തിന് അധികാരമുള്ളൂ എന്നും ശൂദ്രർ അതിന് അധികാരികളല്ലെന്നും അല്ലേ പറയുന്നതു്? ഈ പാശ്ചാത്യർ ശൂദ്രർകൂടെയും അല്ലല്ലോ. അവർ ശുദ്ധമ്ലേച്ഛർ അല്ലയോ?

സ്വാ—അതു നിങ്ങൾക്കു എങ്ങിനെ അറിയാം? ഞാൻ ഉപദേശം കൊടുത്തവരെല്ലാം ബ്രാഹ്മണരല്ലെന്ന് നിങ്ങൾക്കു എന്താണു് നിശ്ചയം?

ശി— ഇന്ത്യയിൽ അല്ലെ ബ്രാഹ്മണർ ഉള്ളു? യവനരാജ്യത്തും മ്ലേച്ഛരാജ്യത്തും ബ്രാഹ്മണർ ഉണ്ടാകുന്നതു് എങ്ങിനെ?

സ്വാ— അവിടെയാണു് നിങ്ങൾക്കു പിഴച്ചുപോയതു്. എന്റെ ശിഷ്യന്മാരെല്ലാം ബ്രാഹ്മണർ ആണു്. പ്രണവത്തിനു് ബ്രാഹ്മണൎക്കുമാത്രമേ അധികാരമുള്ളു എന്നതു് ഞാനും സമ്മതിക്കുന്ന ഒരു പരമാൎത്ഥമാണു്. പക്ഷേ ബ്രാഹ്മണരുടെ മക്കളെല്ലാം എപ്പോഴും ബ്രാഹ്മണർതന്നെ ആയിരുന്നുകൊള്ളണമെന്നില്ല. അവൎക്കു ബ്രാഹ്മണരാകുവാൻ പക്ഷെ അധികസൌകൎയ്യം ഉണ്ടായേക്കാം. അതുകൊണ്ടു് ബ്രാഹ്മണരായിക്കൊള്ളണമെന്നൊന്നും ഇല്ല. അതുപോലെ ബ്രാഹ്മണരുടെ സന്താനങ്ങൾക്കുമാത്രമേ ബ്രാഹ്മണരാകുവാൻ പാടുള്ളു എന്നും ഇല്ല. നിങ്ങൾ ബാഗ്ബസാറിലെ അഘോരചക്രവൎത്തിയുടെ ഭാഗിനേയനെപ്പററി കേട്ടിട്ടില്ലെ? അവൻ തോട്ടിയുടെ ജാതിയിൽചേൎന്നു് ആ ജാതിക്കു ചേൎന്ന പ്രവൃത്തികളെല്ലാം യഥാൎത്ഥമായി എടുക്കുകതന്നെ ഉണ്ടായില്ലെ. എന്താ! അവൻ ഒരു ബ്രാഹ്മണന്റെ പുത്രനല്ലായിരുന്നുവോ? ബ്രാഹ്മണജാതിയും ബ്രാഹ്മണ്യഗുണവും ഒന്നല്ല. അവ രണ്ടും രണ്ടുതന്നെ ആണു്. എന്നാൽ ഇന്ത്യയിൽ ബ്രാഹ്മണകുലത്തിൽ ജനിച്ചവരെ എല്ലാം ബ്രാഹ്മണരായി കരുതിപ്പോരുകയാണു് ചെയ്യുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ അതിനു് തരമില്ല. അവിടെ ബ്രാഹ്മണ്യമുള്ളവരെവേണം ബ്രാഹ്മണരായി എടുക്കുവാൻ. സത്വം, രജസ്സു്, തമസ്സു് ഇങ്ങിനെ മൂന്നു ഗുണങ്ങൾ ഉള്ളതുപോലെ ബ്രാഹ്മണ്യം, ക്ഷാത്രം, വൈശ്യം, ശൂദ്രം ഇങ്ങിനെ ഓരോ ജാതിക്കും ഓരോ പ്രത്യേകഗുണം ഉണ്ടു്. ഇവയിൽ ബ്രാഹ്മണഗുണവും ക്ഷത്രിയഗുണവും നമ്മുടെ രാജ്യത്തിൽ ക്രമേണ ഇല്ലാതായിത്തീരുകയാണു് ചെയ്യുന്നതു്. പാശ്ചാത്യന്മാരാകട്ടെ ഇപ്പോഴേക്കു ക്ഷാത്രഗുണം തികച്ചും ഉള്ളവരായി കഴിഞ്ഞിരിക്കുന്നു. അവരുടെ അടുത്തപടി ബ്രാഹ്മണ്യമാണു്. അവിടെ

2 MAY. 19 7.



പലരും അതിന്നു തികച്ചും യോഗ്യതയുള്ളവരായി തീൎന്നിട്ടും ഉണ്ടു്.

ശി — അപ്പോൾ സാത്വികഗുണമുള്ളവർ എല്ലാം ബ്രാഹ്മണരാണെന്നാണോ സ്വാമികൾ പറയുന്നതു്?

സ്വാ — അങ്ങിനെതന്നെയാണു്. സത്വരജസ്തമോഗുണങ്ങൾ എല്ലാവരിലും ഏറെക്കുറെ ഉണ്ടെന്നറിഞ്ഞുകൊള്ളുക. ഇവയിൽ ഓരോരുത്തരിലും ഓരോ ഗുണത്തിന്നായിരിക്കും ഓരോ കാലത്തു പ്രാധാന്യം എന്നേയുള്ളൂ. പലവിധജോലികളും ഉള്ള ഒരുവനെ ഉദാഹരണത്തിന്നായി എടുത്തു നോക്കുക. ഒരുവൻ പ്രതിഫലത്തിന്നായി മറെറാരുവന്റെ കീഴിൽ പ്രവൃത്തി എടുക്കുമ്പോൾ അവൻ ശൂദ്രസ്വഭാവിയാകുന്നു; അവൻതന്നെ അവന്നുവേണ്ടി അദായമുള്ള ഏതെങ്കിലും പ്രവൃത്തി എടുക്കുമ്പോൾ വൈശ്യസ്വഭാവിയാകുന്നു; അവൻ തന്നെ തിന്മയെ എതിൎത്തു ധൎമ്മസ്ഥാപനം ചെയ്വാൻ ബലപ്പെടുമ്പോൾ ക്ഷത്രിയസ്വഭാവത്തോടുകൂടിയവനാകുന്നു; അവൻതന്നെ ഈശ്വരധ്യാനം ചെയ്യുകയോ ഈശ്വരവിഷയമായി കാലയാപനം ചെയ്യുകയോ ചെയ്യുമ്പോൾ ബ്രാഹ്മണസ്വഭാവത്തോടുകൂടിയവനും ആകുന്നു. അതുകൊണ്ടു് ഒരുവന്നു് ഒരു ജാതിയിൽനിന്നു് മറെറാരു ജാതിയിലേക്കു മാറുവാൻ പ്രകൃത്യാതന്നെ വേണ്ട സൗകൎയ്യങ്ങളെല്ലാം ഉണ്ടു്. ഇല്ലാത്ത പക്ഷം വിശ്വാമിത്രൻ ബ്രാഹ്മണനായതെങ്ങിനെ? പരശുരാമൻ ക്ഷത്രിയനായതെങ്ങിനെ?

ശി — സ്വാമികൾ പറയുന്നതെല്ലാം ശരിയാണെന്നു് തോന്നുന്നുണ്ടു്. എന്നാൽ നമ്മുടെ പണ്ഡിതന്മാരും പുരോഹിതന്മാരും ഇതൊന്നും പറഞ്ഞുതരാതേയും പഠിപ്പിക്കാതേയും ഇരിക്കുന്നതെന്തുകൊണ്ടാണു്?

സ്വാ — അതാണു നമ്മുടെ രാജ്യത്തിലെ ഒരു വലിയ ദോഷം. ആ കാൎയ്യം ഇരിക്കട്ടെ.

(പാശ്ചാത്യരുടെ പ്രായോഗികസാമർത്ഥ്യത്തെപ്പററിയും അവരുടെ ഉത്സാഹശക്തിയെപ്പററിയും സ്വാമികൾ ഈ അവസരത്തിൽ വളരെ പ്രശംസിച്ചു. ആദ്ധ്യാത്മികസംഗതികളിൽ പ്രവേശിക്കുമ്പോൾ ഈ ഗുണങ്ങൾ അവരെ അവിടേയും ധാരാളമായി സഹായിക്കുന്നുണ്ടെന്നു് പറഞ്ഞപ്പോൾ)

ശി—അതെ സ്വാമി! അവർ ആ മാർഗ്ഗത്തിൽകൂടെ പ്രവർത്തിക്കുവാൻ തുടങ്ങുമ്പോൾ അവരുടെ ആദ്ധ്യാത്മികവും മാനസികവും ആയ ശക്തികൾ അതി ശീഘ്രം അഭിവൃദ്ധിപ്പെടുന്നുണ്ടെന്നു് ഞാൻ കേട്ടിട്ടുണ്ടു്. ശ്രീമത് ശാരദാനന്ദസ്വാമികളുടെ ഒരു ശിഷ്യൻ അദ്ദേഹത്തിന്നെഴുതിയ ഒരു കത്തു് സ്വാമികൾ എനിക്കു് ഈയിടെ കാണിച്ചുതരികയുണ്ടായി. വെറും നാലോനാലു മാസത്തെ സാധനപരിശീലനംകൊണ്ടുതന്നെ ആ പാശ്ചാത്യശിഷ്യൻെറ ആദ്ധ്യാത്മികശക്തി വളരെ അധികം വികസിതമായി തീൎന്നിരിക്കുന്ന പ്രകാരം ആ കത്തിൽ വിവരിച്ചിരിക്കുന്നതു കണ്ടു.

സ്വാ—അതാ! നിങ്ങൾക്കു് മനസ്സിലായൊ? പാശ്ചാത്യരാജ്യത്തു് ബ്രാഹ്മണർ ഉണ്ടൊ ഇല്ലയൊ എന്ന സംഗതി ഇനി നിങ്ങൾതന്നെ തീരുമാനിച്ചുകൊള്ളുവിൻ. ഇവിടേയും ഉണ്ടല്ലൊ ബ്രാഹ്മണർ! അവർ അവരുടെ അതിദുഷ്ടമായ സ്വേച്ഛാപ്രഭുത്വംകൊണ്ടു് രാജ്യത്തെ പ്രതിനിമിഷം അധഃപതിപ്പിക്കുകയാണു് ചെയ്യുന്നതു്. അതുനിമിത്തം അവരുടെ ബ്രാഹ്മണ്യംതന്നെ ഇല്ലാതായിത്തീരുന്നു. ഇവിടെ ഒരു ഗുരു ഒരു ശിഷ്യനു് ഒരു മന്ത്രം ഉപദേശിക്കുന്നു. പക്ഷെ ഇപ്പോഴയ്ക്കു് അതൊരു വെറും വ്യാപാരംപോലെ ആയിത്തീൎന്നിരിക്കുന്നു. മാത്രമല്ല, ഇന്നത്തെ ഗുരുശിഷ്യസംബന്ധം തന്നെ എത്ര വിചിത്രം! ഗുരുവിന്നു് വീട്ടിൽ ഭക്ഷണത്തിന്നൊന്നും ഇല്ലാതായാൽ ഭാൎയ്യവന്നു് പറയുകയായി:— "പിന്നെ! ഇങ്ങിനെ പകലേയും കളിച്ചുകൊണ്ടിരുന്നാൽ മതിയൊ? ഇന്നയ്ക്കു് ഇവിടെ വഴിയൊന്നും ഇല്ല. അവിടെ

അ......ശിഷ്യന്റെ അടുത്തൊന്നു് പോയി നോക്കിയാട്ടെ" എന്നു്. ആ ബ്രാഹ്മണൻ അതുകേട്ടാൽ "ആട്ടെ, ഇപ്പോൾ എന്നെ ഉപദ്രവിയ്ക്കരുതു്. നാളെ രാവിലെ പോയിക്കളയാം. തീർച്ചയായും വല്ലതും കിട്ടും. അവന്നു് ഈയിടെ കുറെ പണം കിട്ടീട്ടുണ്ടെന്നു് കേട്ടു. ഞാൻ അവനെ ചെന്നു് കണ്ടിട്ടും കുറച്ചു കാലമായിരിക്കുന്നു. രാവിലെ പൊയ്ക്കളയാം" എന്നു് മറുപടി പറയുകയായി. ഇങ്ങിനെയായിത്തീൎന്നിരിക്കുന്നു നിങ്ങളുടെ കുലഗുരു സമ്പ്രദായം. പാശ്ചാത്യ രാജ്യങ്ങളിലെ പൌരോഹിത്യം ഇത്രതന്നെ ദുഷിച്ചുകഴിഞ്ഞിട്ടില്ല. അകപ്പാടെ നോക്കിയാൽ അതു് നമ്മുടെതിനേക്കാൾ തുലോം ഭേദംതന്നെയാണു്.

---

2 MAY 19 7.

## 10

ഇന്ത്യയിലെക്ഷാമം — പരോപകാരതല്പരന്മാരായ പ്രവൎത്തകന്മാരുടെ ആവശ്യം — പൌരസ്ത്യവും പാശ്ചാത്യവും — സത്വഃമാ തമസ്സോ — നമ്മുടെ സമുദായം — കൊടുക്കലും വാങ്ങലും — കുററം നേരിട്ടു പറയണം — സ്തുതി അന്യരോടു ചെയ്യുന്നം — എല്ലാവൎക്കും വിവേകാനന്ദന്മാരാകാം — അഭംഗുരമായ ബ്രഹ്മചൎയ്യം — ശക്തിയുടെ രഹസ്യം —

---

ശിഷ്യൻ* — സ്വാമി! അവിടുന്നു ഒരു സാധുവല്ലയൊ? അവിടുത്തെ എതിരേററു സ്വീകരിക്കുവാനായി ഈ നാട്ടുകാർ ഒട്ടേറെ പണം പിരിച്ചു ചിലവാക്കിയെല്ലോ. ഇപ്പോഴത്തെ ദാരിദ്ര്യത്തിൻെറ അവസ്ഥയ്ക്കു അതിൽനിന്നു ഒരു പൈപോലും അനാവശ്യമായ എതിരേല്പിന്നു ചിലവു ചെയ്‌വാൻ സ്വാമി അനുവദിക്കയില്ലെന്നും പിരിച്ചസംഖ്യ മുഴുവനും ക്ഷാമനിവാരണത്തിന്നായി വിനിയോഗിക്കുവാൻ ആജ്ഞാപിക്കുമെന്നും ആയിരുന്നു ഞാൻ വിചാരിച്ചിരുന്നതു. അങ്ങിനെയൊന്നും സ്വാമികൾ ചെയ്യുകയുമുണ്ടായില്ല. അതിൻെറ കാരണമെന്താണു?

സ്വാമികൾ — ശരിതന്നെ. എന്നെ കേന്ദ്രമാക്കിക്കൊണ്ടു ഇവിടെ ഒരു വലിയ ഇളക്കം ഉണ്ടാകട്ടെ എന്നു തന്നെയാണു ഞാനും വിചാരിച്ചതു. അങ്ങിനെ ഒന്നും

---

* സ്വാമിയും ശ്രീ പ്രിയനാഥസിംഹനും തമ്മിൽ ഉണ്ടായ സംഭാഷണമാണിതു. സിംഹൻ സ്വാമികളൊന്നിച്ചു കളിച്ചുവളൎന്ന ഒരു വയസ്യനാണു. സ്വാമികൾ അമേരിക്കയിൽ നിന്നു മടങ്ങിവന്നതിനുശേഷം ഒരിക്കൽ സിംഹൻ സ്വാമികളെ കാണുവാൻ ചെന്നസമയത്തു സ്വാമികൾ അദ്ദേഹത്തെ പൂൎവ്വവൽ സ്വീകരിച്ചു. തദനന്തരം രണ്ടുപേരും കൂടി ഗംഗാതീരത്തിൽ നടക്കുവാൻ പോയി. അവിടെവെച്ചാണു ഈ സംഭാഷണം നടന്നതു.

ഇല്ലാതിരുന്നാൽ ജനങ്ങളെ ശ്രീ ശ്രീരാമകൃഷ്ണനിലേയ്ക്കു ആക
ർഷിക്കുന്നതും അവരിൽ നവ്യചൈതന്യത്തെ ജനിപ്പിക്കു
ന്നതും എങ്ങിനെയാണു്? മനസ്സിലായോ? ഈ എതിരേല്പു്
എന്താ എനിയ്ക്കുവേണ്ടി ചെയ്തതാണെന്നാണൊ നിങ്ങളുടെ
വിചാരം? അതോ ഭഗവാന്റെ തിരുനാമം പുകഴ്ത്തപ്പെടു
വാൻ വേണ്ടിയോ? ഇപ്പോൾ ഓരോരുത്തരുടേയും ഹൃദയത്തിൽ
ഭഗവാനെപ്പററി അറിയുവാനുള്ള ജിജ്ഞാസ എത്രമാത്രം
അധികരിച്ചിരിക്കുന്നു എന്നാണു് നിങ്ങൾക്കു് തോന്നുന്നതു്?
ഒന്നു പരിശോധിച്ചുനോക്കുവിൻ. അപ്പോൾ കാണാം ഈ
എതിരേല്പുകൊണ്ടുണ്ടായിട്ടുള്ള ഫലം. ഇവിടുന്നങ്ങോട്ടു്
അവരെല്ലാം ഭഗവാനെ ക്രമേണ അറിയുവാൻ തുടങ്ങും.
അതെന്താ നാട്ടിന്റെ ഗുണത്തിനു് നിദാനമായിത്തീരുകയി
ല്ലെന്നാണൊ നിങ്ങൾ വിചാരിക്കുന്നതു്? ലോകമംഗളത്തി
നായി അവതരിച്ച ആ പുണ്യശ്ലോകനെ ജനങ്ങൾക്കു് അറി
യുവാൻ സാധിക്കുന്നില്ലെങ്കിൽ അവക്കു പിന്നെ ഗുണം പിടി
ക്കുന്നതെങ്ങിനെയാണു്? ഭഗവാൻ യഥാർത്ഥത്തിൽ ആരായി
രുന്നു എന്നു് അറിയുമ്പോൾ അവരെല്ലാം മനുഷ്യർ—യഥാ
ർത്ഥമനുഷ്യർ—ആയിത്തീരും. അങ്ങിനത്തെ യഥാർത്ഥമനു
ഷ്യർ ഉണ്ടായാൽപിന്നെ ഈ ക്ഷാമത്തെ ഈ നാട്ടിൽനിന്നു്
അടിച്ചോടിക്കാൻ എത്രകാലം വേണ്ടിവരും എന്നാണു് നി
ങ്ങൾക്കു് തോന്നുന്നതു്! അതുകൊണ്ടു് കൽക്കത്തായിൽ
എന്നെ കേന്ദ്രമാക്കി ഒരു ഇളക്കവും ബഹളവും ഒക്കെ ഉണ്ടാ
കട്ടെ എന്നും ഒരു വലിയ പൊതുജനസമാഗമം കൂടട്ടെ എന്നും
അങ്ങിനെ പൊതുജനങ്ങൾക്കു ശ്രീ ശ്രീരാമകൃഷ്ണനിൽ വിശ്വ
സിക്കുവാൻ സൌകര്യവും സന്ദർഭവും ഉണ്ടാകട്ടെ എന്നും ഞാൻ
വിചാരിക്കാതിരുന്നിട്ടില്ല. അല്ലാതെ എനിക്കുവേണ്ടി ഇത്ര
യൊക്കെ കാട്ടിക്കൂട്ടുന്നതായാൽ അതിനു് വല്ല അർത്ഥവും
ഉണ്ടോ? എന്താ! എനിക്കു് അതിനൊക്കെ വലിയ ആഗ്രഹമു
ണ്ടെന്നാണോ നിങ്ങളുടെ ധാരണ? ഞാൻ നിങ്ങളൊന്നിച്ചു്
നിങ്ങളുടെ വീട്ടിൽ വിളയാടിക്കൊണ്ടിരുന്ന ആ കാലത്തേ

ക്കാൾ ഇപ്പോഴയ്ക്കു എന്താ വലിയ പ്രമാണിയായിപ്പോയൊ? അന്നത്തെ ഞാൻ തന്നെ ഇന്നും. അല്ലാതെ നിങ്ങളെന്താ എന്നിൽവല്ല വ്യത്യാസവും കാണുന്നുണ്ടോ? ഉണ്ടെങ്കിൽകേൾക്കട്ടെ?

ശി—(വിചാരം—സ്വാമികൾ യഥാർത്ഥത്തിൽ ഇപ്പോൾ ഈശ്വരൻതന്നെ ആയിത്തീർന്നിരിക്കുന്നു. പക്ഷെ അതു പറയുവാനുള്ള സന്ദർഭമല്ലല്ലോ ഇതു്.) ഇല്ല. പറയത്തക്ക വലിയ വ്യത്യാസങ്ങളൊന്നും കാണുവാനില്ല.

സ്വാ—നമ്മുടെ നാട്ടിൽ ദാരിദ്ര്യം സാധാരണമായികഴിഞ്ഞിരിക്കുന്നു. അതു് നമുക്കൊരു വലിയ അപത്തായ്യു തീർന്നിരിക്കുന്നു. ഇവിടെ തുടരത്തുടരെ ഉണ്ടാകുന്നതുപോലെ ഇത്ര അധികം ക്ഷാമം മററൊരേടത്തും ഉണ്ടാകുന്നതായി കാണുന്നില്ല. അവിടെ അനേകങ്ങൾ ഉണ്ടു്. ഇവിടെയൊ, ജഡപ്രായന്മാരായി, ചുണകെട്ടവരായി, കുറെ ഇരുകാലി ജന്തുക്കൾ മാത്രം. ജനങ്ങൾ ഒന്നാമതായി തങ്ങളെത്തന്നെ പഠിക്കട്ടെ. തങ്ങൾ ആരാണു്, എന്താണു്, എന്നുള്ള പരമാർത്ഥത്തെ മനസ്സിലാക്കട്ടെ. അനർത്ഥകരവും അപൽപ്രദവുമായ ആ സ്വാർത്ഥ പ്രതിപത്തിയെ അങ്ങോട്ടുപേക്ഷിക്കട്ടെ, അത്രയും ചെയ്താൽ കാണാം, ഇവിടെ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്ഷാമ ബാധകളെ ഉന്മൂലനം ചെയ്‌വാൻ വേണ്ട ശക്തി അവരിൽ നിന്നു് തന്നിയെ ആവിർഭവിയ്ക്കുന്നതു്. ഞാൻ ഈ മാർഗ്ഗത്തിൽകൂടെയും ക്രമേണ പ്രവൃത്തിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടു്. അതെല്ലാം നിങ്ങൾക്കു വഴിയെ കാണാറാകും.

ശി—അതു് തരക്കേടില്ല. അമേരിക്കയിലയ്ക്കു ഇവിടെ സ്വാമികൾ ഒട്ടേറെ പ്രസംഗങ്ങൾ ചെയ്യാൻ തീർച്ചയാക്കീട്ടുണ്ടെന്നു തോന്നുന്നുവല്ലൊ. ഇല്ലെങ്കിൽ ഭഗവന്നാമത്തെയും മാഹാത്മ്യത്തെയും പൊതുവിൽ ഉപദേശിക്കുവാൻ സാധിക്കുന്നതു് എങ്ങിനെയാണു?

സ്വാ—എന്തു സംബന്ധം! ഞാൻ അങ്ങിനെ ഒന്നും തീർച്ചയാക്കീട്ടില്ല. അദ്ദേഹത്തിന്റെ തിരുനാമം ലോകത്തിലെങ്ങും അറിയപ്പെടുവാനുള്ള മാർഗ്ഗങ്ങളിൽ ഒന്നുപോലും തുറന്നുവെയ്ക്കാതിരുന്നിട്ടുണ്ടെന്നാണോ വിചാരിക്കുന്നതു്? ആ മാർഗ്ഗത്തിൽ വേണ്ടേടത്തോടമെല്ലാം പ്രവൎത്തിച്ചു് കഴിഞ്ഞിരിക്കുന്നു. ഇവിടെ പ്രസംഗങ്ങൾകൊണ്ടു ഇപ്പോൾ ഒരു പ്രയോജനവും ഉണ്ടാകുവാനില്ല. പഠിപ്പുള്ളവരായ നമ്മുടെ നാട്ടുകാരിൽ ചിലരൊക്കെ വന്നു് കേൾക്കുമായിരിക്കാം. കവിഞ്ഞപക്ഷം "പ്രസംഗം കേമമായി—വളരെ ഭേഷായി" എന്നൊക്കെ ഓരോ അഭിപ്രായങ്ങളും പറയുമായിരിക്കാം. അത്രതന്നെ. പിന്നെ വീട്ടിൽ ചെന്നാൽ, അതിനെപ്പററി ഒരു ചിന്തയും ഇല്ല. സാധാരണ ഭക്ഷണത്തെയെന്നപോലെ, ഇതെല്ലാം ദഹിപ്പിച്ചു് പുറത്തു് തള്ളുകയായി. കാറുപിടിച്ചു് തണുത്തു കിടക്കുന്ന ഒരു പഴയ ഇരുമ്പിൻകഷണംവെച്ചു് മേടിയതുകൊണ്ടു് എന്തു് പ്രയോജനമാണു് ഉണ്ടാകുവാനുള്ളതു്. അതു് പൊടിയാകും, അത്രതന്നെ. ഒന്നാമതായി അതിനെ ഉലയിൽ ഇട്ടു് ഊതി നല്ലപോലെ പഴുപ്പിക്കുകയാണു് വേണ്ടതു്. അതിന്നുശേഷം അടിച്ചാൽ ഏതാകൃതിയിലും ആക്കാകുന്നതാണു്. ശോഭായമാനമായ ഒരു സജ്ജീവോദാഹരണത്തെ മുമ്പിൽ കാണിച്ചുകൊടുക്കാതെ ഒന്നും നടപ്പാക്കുവാൻ നമ്മുടെ രാജ്യത്തു് സാധിക്കുകയില്ല. അതിനാൽ തങ്ങളുടെ രാജ്യത്തിനുവേണ്ടി സൎവ്വവും ത്യജിക്കുവാനും സ്വന്തജീവിതത്തെക്കൂടെ ബലികഴിക്കുവാനും തയ്യാറുള്ള കുറെ ചെറുപ്പക്കാരാണു് നമുക്കു് ഇന്നു് ആവശ്യമായിരിക്കുന്നതു്. നാം ഒന്നാമതായി അവരുടെ ജീവിതത്തെ ക്രമപ്പെടുത്തി രൂപീകരിക്കണം. എന്നാൽ മാത്രമെ, യഥാൎത്ഥമായ വല്ല പ്രവൃത്തിയും ഉണ്ടാകൂ. എന്നു് ഊഹിക്കുവാൻതന്നെ തരമുള്ളു.

ശി—എനിക്കു് വളരെ അതിശയം തോന്നുന്ന ഒരു സംഗതിയാണു് ഇതു്. തങ്ങളുടെ സ്വന്തധൎമ്മസമ്പ്രദായ

ത്തെപ്പററി ഗ്രഹിക്കുവാൻ യാതൊന്നും ഉത്സാഹിക്കാത്തവരും, സാധിക്കാത്തവരും ആയ നാട്ടുകാർ ക്രിസ്തുമതം മഹമ്മദു് മതം മുതലായ അന്യമതങ്ങളെ സ്വീകരിക്കുന്നുവെല്ലൊ. സ്വാമി അവരെ ലക്ഷ്യമാക്കി ഒന്നും പ്രവൎത്തിക്കാതെ ഹിന്തുമതം പ്രസംഗിക്കുവാനായി ഇംഗ്ലാണ്ടിലേയ്ക്കും അമേരിക്കയിലേക്കും മററും പോകയാണല്ലൊ ഉണ്ടായതു്. അതു് ശരിയായൊ?

സ്വാ—പ്രഥമദൃഷ്ടിയിൽ പക്ഷെ ശരിയായില്ലെന്നു് തോന്നിയേക്കാം. എന്നാൽ പരമാൎത്ഥം അങ്ങിനെയല്ല. അവസ്ഥകൾക്കെല്ലാം പ്രകാരാന്തരം സംഭവിക്കുന്നതു് നിങ്ങൾ കാണുന്നില്ലേ. യഥാൎത്ഥമായ ധൎമ്മത്തെ സ്വീകരിച്ചു് പരിശീലിക്കുവാനുള്ള ശക്തി ഇന്നത്തെ ജനങ്ങളിൽ അവശേഷിച്ചു കിടപ്പുണ്ടെന്നാണൊ നിങ്ങൾ വിചാരിക്കുന്നതു്? "ഞങ്ങൾ സാത്വികന്മാരാണു്—ധാൎമ്മികന്മാരാണു്" എന്നിങ്ങിനെയുള്ള അഹംഭാവമല്ലാതെ മറെറാന്നും അവൎക്കില്ല. അവർ സാത്വികന്മാർതന്നെയായിരുന്ന ഒരു കാലം ഒരിക്കൽ ഉണ്ടായിരുന്നു എന്നുള്ളതു് പരമാൎത്ഥംതന്നെ. പക്ഷെ ഇന്നയ്ക്കു് അവിടെനിന്നെല്ലാം വളരെ വളരെ താഴെ വീണു് കഴിഞ്ഞിരിക്കുന്നു. സത്വത്തിൽ നിന്നു് തെററിയാൽ പിന്നെ നേരെ ചെന്നുവീഴുന്നതു് തമസ്സിലാണു്. ആ അവസ്ഥയാണു നമ്മൾക്കു് ഇന്നുള്ളതു്. സ്വയമേവ യാതൊരു പ്രവൃത്തിയും എടുക്കാതെ ഒരു മുറിയിൽ അടച്ചിരുന്നു് ഹരിഃ ഹരിഃ എന്നു ജപിച്ചാൽമാത്രം സാത്വികന്മാരായില്ലേയൊ? തന്റെ ദൃഷ്ടിയിൽ വെച്ചുതന്നെ പരന്മാൎക്കു് നിസ്സീമമായ ഉപദ്രവവും സങ്കടവും നേരിടുന്നതു കാണുമ്പോൾ അവയെയൊന്നും കാണാത്തമട്ടിൽ കേവലം അലക്ഷ്യമാക്കി ഇരുന്നേച്ചാൽമതിയായൊ? ഇങ്ങിനെയുള്ളവൎക്കു് സാത്വികഗുണം ഉണ്ടെന്നാണോ നിങ്ങളുടെ വിചാരം. ആ ഗുണം ഒട്ടുംതന്നെ ആ ആൾക്കു് ഇല്ല. പ്രത്യുത, ശുദ്ധ തമസ്സിൽ അണ്ടുകിടക്കുകയാണു് ആ ആൾ ചെയ്യുന്നതു്. തങ്ങളുടെ ക്ഷുത്തിനെ ശമിപ്പിക്കുവാൻ വേണ്ടേടത്തോളം ഭക്ഷണം

പോലും കിട്ടാത്ത ഒരു രാജ്യത്തിലെ ജനങ്ങൾക്കു ധമ്മത്തെ അചരിക്കുവാൻ സാദ്ധ്യമാകുന്നതു് എങ്ങിനെയാണു്? ഭോഗത്തെപ്പററിയുള്ള അഗ്രഹം ഒട്ടുംതന്നെ തൃപ്തിവന്നിട്ടില്ലാത്ത ഒരു രാജ്യത്തിലെ ജനങ്ങൾക്കു ത്യാഗം സാധകമായിത്തീരുന്നതെങ്ങിനെയാണു്? അതുകൊണ്ടു് സാമാന്യം സുഖമായി ഭക്ഷണം കഴിക്കുവാനും ജീവിതത്തെ കുറഞ്ഞൊന്നു് അനുഭവിക്കുവാനും വേണ്ടേടത്തോളം സാധനസാമഗ്രികളേയും വിഭവങ്ങളേയും സജ്ജമാക്കുകയാണു് നാം ഒന്നാമതായി ചെയ്യേണ്ടതു്. അത്രയുമായാൽ പിന്നെ യഥാത്ഥമായ വൈരാഗ്യം തനിയെവന്നുകൊള്ളും. അപ്പോൾ മാത്രമേ, അവർ മാത്രമേ, ജീവിതത്തിൽ ധമ്മത്തെ സ്വീകരിച്ചനുഭവപ്പെടുത്തുവാൻ പ്രാപ്തിയും യോഗ്യതയും ഉള്ളവരായിത്തീരുകയുമുള്ളു. ഇംഗ്ലാണ്ടിലും അമേരിക്കയിലും ഉള്ളവരെ നോക്കണം! അവരിൽ രാജസംഗ്രഹണം പരിപൂണ്ണമായി കഴിഞ്ഞിരിക്കുന്നു. ലൌകികങ്ങളായ സകലവിധ ഭോഗങ്ങളും അനുഭവിച്ചു് അവക്കു് തൃപ്തി വന്നു് കഴിഞ്ഞിരിക്കുന്നു. അതിന്നും പുറമെ, വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയും അന്ധവിശ്വാസങ്ങളെ ധാരാളം ഉൾപ്പെടുത്തിയും ഇരിക്കുന്ന അവരുടെ ക്രിസ്തുമതത്തിന്നു് ആദ്ധ്യാത്മികവീഥിയിൽ നമ്മുടെ പൌരാണികമതത്തിന്നുള്ള സ്ഥാനമെ ഉള്ളു. അതിനാൽവിദ്യാഭ്യാസവും മനഃപരിഷ്കാരവും ഉണ്ടായതോടുകൂടി പാശ്ചാത്യക്കു് അവരുടെ ആ മതത്തിൽ തൃപ്തിയും സമാധാനവും ഇല്ലാതായിത്തീന്നു. അവക്കു് അതിലും ഉപരിയായ ഒന്നു് കിട്ടേണ്ടതിന്നുള്ള കാലമായി. മെല്ലെ ഒന്നു് താങ്ങിക്കൊടുത്താൽ സത്യത്തിൽ എത്തിപ്പിടിക്കുവാൻ ത്രാണിയുള്ളപോലെയാണു് അവരുടെ ഇന്നത്തെ സ്ഥിതി. എന്നു മാത്രമല്ല ഒരു പാശ്ചാത്യനായ വെള്ളക്കാരൻ വന്നു് നിങ്ങളോടു നിങ്ങളുടെ മതത്തെപ്പററി പ്രസംഗിക്കുമ്പോൾ നിങ്ങൾക്കു അവനെ എന്തു് ബഹുമാനമാണു! അവൻ പറയുന്നതു കേൾക്കുവാൻ എന്തു് ശ്രദ്ധയാണു്! എന്നാൽ കാഷായവസ്ത്രം ധരിച്ചു വീടും കുടിയും ഇല്ലാത്ത ഒരു

സാധു സന്ന്യാസിവന്നു് പറയുന്നതായാൽ അ സാധുവിൻെറ വാക്കുകളെ നിങ്ങൾ ഇക്കാലത്തു എത്രതന്നെ സ്വീകരിക്കും?

ശി—അതു് ശരിതന്നെയാണു് സ്വാമി. മിസ്റ്റർ എൻ. എൻ. ഘോഷും* ഇതുപോലെതന്നെയാണു് പറയുന്നതു്.

സ്വാ—അതെ. പാശ്ചാത്യരാജ്യങ്ങളിലുള്ള എൻെറ ശിഷ്യന്മാർ വേണ്ടപോലെ പരിശീലനംകഴിച്ചു് അതിന്നു് അവർ യോഗ്യതയുള്ളവരായി തീൎന്നിട്ടുണ്ടെന്നു് പറഞ്ഞുവല്ലൊ. വേണ്ടേടത്തോളം ഉൽബോധനം സമ്പാദിച്ചശേഷം ഇവിടെവന്നു് നിങ്ങളോടു് "നിങ്ങളെല്ലാം എന്താ ചെയ്യുന്നതു് കൂട്ടരെ! നിങ്ങൾ ഇത്ര മണ്ടന്മാരായിപ്പോയതെന്തെ! നിങ്ങളുടെ ആചാരങ്ങളും, സമ്പ്രദായങ്ങളും, സദാചാരങ്ങളും മററും മോശമാണെന്നാണൊ നിങ്ങളുടെ വിചാരം! നിങ്ങളുടെ ധൎമ്മം എററവും ഉൽകൃഷ്ടമായതാണെന്നു് ഞങ്ങൾതന്നെ സമ്മതിക്കുന്നുവല്ലൊ" എന്നൊക്കെ പറയുന്നതു കേൾക്കുമ്പോൾ നിങ്ങളുടെ പ്രമാണികളെല്ലാം മെല്ലെ മെല്ലെ വാലാട്ടി അവരുടെ പിന്നാലെ ചെല്ലുന്നതുകാണാം. ഇങ്ങിനെ നിങ്ങളുടെ രാജ്യത്തിന്നു് ധാരാളം ഗുണം ചെയ്വാൻ അവരെക്കൊണ്ടു് സാധിക്കുന്നതാണു്. അവർവന്നു് നിങ്ങളുടെ ധൎമ്മോപദേഷ്ടാവിൻെറ സ്ഥാനം അപഹരിച്ചേക്കുമോ എന്നു് നിങ്ങൾ ഒട്ടുംതന്നെ സംശയിക്കേണ്ടതില്ല. നിങ്ങളുടെ ലൌകികങ്ങളായ അഭിവൃദ്ധിക്കായി അവർ ഭൌതികതത്വവിജ്ഞാനീയ വീഥിയിൽ നിങ്ങളുടെ പ്രാദേശികോപദേഷ്ടാക്കന്മാരായിത്തന്നെ ഇരിക്കുന്നതാണു്. നേരേമറിച്ചു് ധൎമ്മസംബന്ധമായ എല്ലാ സംഗതികളിലും നിങ്ങൾ തന്നെ അവരുടെ ഗുരുക്കന്മാരായിരിക്കയും വേണം. ധാൎമ്മികമായുള്ള

---

* മിസ്റ്റർ എൻ. എൻ. ഘോഷ് കൽക്കത്തായിലെ ഒരു വിശ്രുതനായ ബാരിസ്റ്ററും പത്രപ്രവൎത്തകനും ആയിരുന്നു.

ഈ ഗുരുശിഷ്യഭാവം ഇന്ത്യയും മററു രാജ്യങ്ങളും തമ്മിൽ എന്നും നിലനില്ക്കേണ്ടതും നിലനില്ക്കുന്നതും ആകുന്നു.

ശി—അതെങ്ങിനെ വരും സ്വാമി? അവക്ക് നമ്മെയുള്ള വെറുപ്പും നമ്മോടുള്ള പുച്ഛരസവും ആലോചിച്ച് നോക്കുമ്പോൾ, കേവലം നിസ്വാർത്ഥപരമായ ഒരു ഉദ്ദേശത്തോടു കൂടി അവർ വന്ന് നമ്മെ സഹായിക്കുമെന്ന് വിചാരിക്കുവാൻ ഒരു മാർഗ്ഗവുംഇല്ലല്ലോ "ഭോക്താക്കൾ നിങ്ങളും ഭോജനം ഞങ്ങളും തമ്മിൽ സഖിതാ മുണ്ടാകുമോ വായസാ" എന്ന് മൂഷികൻ ചോദിക്കുന്നതു പോലെ തന്നെയാണ് നമ്മുടേയും കഥ.

സ്വാ—അതെ; അവർ നിങ്ങളെ വെറുക്കുന്നുണ്ട് എന്നുള്ളത് പരമാർത്ഥം തന്നെയാണ്. അതിന്ന് ധാരാളം കാരണങ്ങളും ന്യായങ്ങളും ഉണ്ടുതാനും. ഒന്നാമതായി നമ്മൾ പിടിച്ചടക്കപ്പെട്ടവർ. ചോരെങ്കിൽ ഇത്ര ചൊണയില്ലാത്ത ഒരു കൂട്ടം നമ്മളെപ്പോലെ ലോകത്തിൽ മറെറങ്ങും തന്നെ ഇല്ലതാനും. നമ്മുടെ താഴ്ന്ന ജാതിക്കാരെ നോക്കുക! ഒരു വലിയ വിഭാഗം ജനങ്ങൾ, ഉയർന്ന ജാതിക്കാരെന്ന് സ്വയമേവ അഭിനയിക്കുന്നവരുടെ നിരന്തരമായ ക്രൂരാക്രമങ്ങൾ ഏററും, പ്രതിപദം കിട്ടുന്ന ചവിട്ടും ഇടിയും സഹിച്ചും, പൌരുഷലേശമില്ലാത്തവരായി, കേവലം മൃഗപ്രായരായി, ഇരപ്പാളികളായി തീൎന്നിരിക്കുന്നു. അവരിൽ നിന്ന് ഒരടി മുന്നിൽ നില്ക്കുന്നവർ രണ്ടുമൂന്നു പേജ്ജ് ഇംഗ്ലീഷ് പഠിച്ചു തീരുമ്പോഴേക്കും, കയ്യിൽ ഓരോ അപേക്ഷാ ഹർജിയും പിടിച്ച് പബ്ലിക്ക് അഫീസ്സുകളുടേയും വലിയ ഉദ്യോഗസ്ഥന്മാർ താമസിക്കുന്ന വീടുകളുടേയും തിണ്ണകൾ തോറും കാത്തുകെട്ടി കിടക്കുകയായി. ഇരുപത്തഞ്ചോ മുപ്പതോ ഉറുപ്പിക മാസപ്പടിയുള്ള ഒരു ഉദ്യോഗം എങ്ങാനും ഒഴിവുവന്നാൽ ഒരഞ്ഞൂറ് ബി. എ. ക്കാരും എം. എ. ക്കാരും അതിന്നു തുരുതുരെ അപേക്ഷിക്കുന്നതു് കാണാം. ഹ! എന്റെ ശിവനേ!

ഈ അപേക്ഷകളിലെ വാചകങ്ങളൊ! അതാണ് ബഹുരസം. "എനിക്ക് വീട്ടിൽ ഒന്നും കഴിക്കവാനില്ലേ യജമാനനെ! എൻെറ ഭാൎയ്യയും കുട്ടികളും പട്ടിണികിടന്ന് ചാകാറായിരിക്കുന്നേ! അവിടുന്നല്ലാതെ രക്ഷിക്കാൻ ആരുമില്ലേ. യജമാനൻ അവർകളുടെ ദയവുണ്ടായി എനിക്ക് എന്തെങ്കിലും ഒരു ഉദ്യോഗം തന്ന് എന്നേയും എൻെറ കുടുംബത്തേയും രക്ഷിക്കമാറാകണേ പൊന്നെജമാനനെ!" എന്നൊക്കെ ആയിരിക്കും അപേക്ഷയിലെ വാചകങ്ങൾ. ഇവൎക്ക് വല്ല ഒരു ഉദ്യോഗവും അഥവാ കിട്ടുന്നതായാൽ തന്നെ സതാഭിമാനത്തെ നിശ്ശേഷം നീക്കിവെച്ചാണ് അതിൽ പ്രവേശിക്കുന്നതു്. പിന്നെ നീചാൽ നീചതരമായ രൂപത്തിലുള്ള പാരതന്ത്ര്യം പരിചയിക്കുകയായി. എന്നാൽ അവരുടെ പിന്നോക്കം തിരിഞ്ഞുള്ള നാട്യമൊ! ഒന്നും പറയുവാനില്ല. ആരംഭാവവും അധികപ്രസംഗവും സ്വാൎത്ഥവും ദുഃസ്സാമൎത്ഥ്യവും അവരുടെ കയ്യിൽ നിന്ന് പോയതേയുള്ളു. നമ്മളുടെ പൊതുജനങ്ങളുടെ സ്വഭാവം ഇങ്ങിനെയായിരിക്കുന്നു. ഇനിയും ഉന്നതവിദ്യാഭ്യാസം ലഭിച്ച് പ്രമാണിപ്പട്ടം കെട്ടിയ ഒരു കൂട്ടർ ഒന്ന് വേറെയുണ്ടു്. അവരാണ് ഓരോ സംഘമായി ചേൎന്ന് "ഒ! ഇന്ത്യ ഇതാ ദിനംപ്രതി നശിച്ചുകൊണ്ടു് വരുന്നേ! ഹെ! ഇംഗ്ലീഷ്കാരെ! ഞങ്ങളുടെ നാട്ടുകാരെ വലിയ വലിയ ഉദ്യോഗങ്ങളിൽ നിയമിക്കണേ. ഞങ്ങളുടെ ദാരിദ്ര്യം തീൎത്തു തരണേ" എന്നൊക്കെ അഹോരാത്രം അത്യുച്ചം അതിരൂക്ഷം നിലവിളിക്കുന്നതു്. "തരണേ, തരണേ, ഞങ്ങൾക്കു തരണേ, ഇംഗ്ലീഷ്കാരെ! ഞങ്ങൾക്ക് ഇനിയും തരണേ" എന്നാണ് അവരുടെ പാട്ടിൻെറ പല്ലവി. എൻെറ ഈശ്വര! അവർ ഇനിയും എന്താതരേണ്ടതു്? അവർ നിങ്ങൾക്ക് റെയിൽവെ തന്നില്ലെ, കമ്പിത്തപാൽ തന്നില്ലെ, വ്യവസ്ഥിതമായ ഭരണരീതി ഏൎപ്പെടുത്തി തന്നില്ലെ, ചൌൎയ്യത്തെ മിക്കവാറും ഇല്ലാതാക്കി തന്നില്ലെ, തത്വവിജ്ഞാനീയങ്ങൾ അഭ്യസിപ്പിച്ചില്ലെ, ഇനിയും

എന്താണ് നിങ്ങൾക്ക് അവർ തരേണ്ടതു്? പരിധശൂന്യമായ നിസ്വാർത്ഥതയോടു കൂടി ഒരുവർ മററുള്ളവൎക്ക് വല്ലതും കൊടുക്കുന്നുണ്ടോ? നിങ്ങൾക്ക് അവർ ഇത്രയൊക്കെ തന്നു വല്ലോ. അതിനു പകരം നിങ്ങൾ അവൎക്കെന്തുകൊടുത്തു?

ശി—ഞങ്ങൾ കരം കൊടുക്കുന്നില്ലേ? അല്ലാതെ എന്തു കൊടുക്കുവാനാണ്?

സ്വാ—അല്ലാ! അതുണ്ടോ? നിങ്ങൾ നിങ്ങളുടെ സ്വന്തമനസ്സാലെ കൊടുക്കുകയൊ, അതോ അവർ അവരുടെ കയ്യൂക്കുകൊണ്ട് (നാട്ടിൽ സമാധാനം പരിപാലിക്കുന്നതിനു വേണ്ടി) പിരിച്ചുകൊണ്ടു പോകുകയൊ? ഏതാണ് ചെയ്യുന്നതു്? അവർ നിങ്ങൾക്ക് ചെയ്തിട്ടുള്ള ഉപകാരങ്ങൾക്കെല്ലാം പ്രതിഫലമായി നിങ്ങൾ അവൎക്ക് എന്താണ് കൊടുത്തിട്ടുള്ളതു് എന്നു് പറഞ്ഞാട്ടെ? അവൎക്കില്ലാത്തതും എന്നാൽ അവൎക്കത്യാവശ്യമായതും ആയ സ്വത്തു് നിങ്ങൾവശം ഇരിപ്പുണ്ടല്ലൊ. അതങ്ങോട്ട് കൊടുത്തുകൂടെ? നിങ്ങൾ ഇംഗ്ലണ്ടിൽ പോകുന്നു, അതും ഇരപ്പാളികളെപ്പോലെ വിദ്യയൊ അതുപോലെ മറേറതെങ്കിലുമൊ യാചിക്കുവാൻ തന്നെ. വേറെ ചിലർ അവിടെ ചെന്നു് പാശ്ചാത്യരുടെ മതത്തെ ആകാശം മുട്ടെ പുകഴ്ത്തി, കവിഞ്ഞ പക്ഷം ഒന്നൊ രണ്ടോ പ്രസംഗങ്ങൾ ചെയ്തു് മടങ്ങിപ്പോരും. ഹാ! എന്തു സാമൎത്ഥ്യമായിപ്പോയി!! ഇതൊക്കെ എന്തിനാണ്? അവൎക്ക് കൊടുക്കുവാൻ നിങ്ങളുടെ വശം ഒന്നും ഇല്ലന്നൊ? നിങ്ങൾ വശം ഉള്ള ആ അമൂല്യസ്വത്തിനെ അങ്ങോട്ട് കൊടുത്തുകൂടയൊ? നിങ്ങളുടെ ധർമ്മത്തെ അവൎക്ക് ഉപദേശിക്കുവിൻ; നിങ്ങളുടെ തത്വജ്ഞാനശാസ്ത്രങ്ങളെ അവൎക്ക് തുറന്നു കൊടുക്കുവിൻ! അതിനു് നിങ്ങളെക്കൊണ്ടു് സാധിക്കയില്ലെന്നൊ? നിങ്ങൾ ഈ ലോകത്തിലെ ചരിത്രമെല്ലാം എടുത്തു് പരിശോധിച്ചു നോക്കുവിൻ. എന്നാൽ കാണാം, ലോകത്തിൻെറ ഏതൊരു കോണിലും കാണപ്പെടുന്ന സൎവ്വ ഉന്നതാദൎശങ്ങളും ഇന്ത്യയിൽ

നിന്ന് പോയതാണെന്ന്. മനുഷ്യസമുദായത്തിന്ന് ഇതേവരെ ലഭ്യമായിട്ടുള്ള സമസ്ത ദിവ്യജ്ഞാനരത്നങ്ങളുടേയും ഏക ഖനി അനാദികാലം മുതല്ക്കു ഇന്ത്യമാത്രമായിരുന്നു എന്നും ആ ഖനിയിൽ നിന്നു സംസ്കരിച്ചെടുക്കപ്പെട്ട ദിവ്യരത്നങ്ങൾ ഇന്ത്യയിൽ മാത്രമല്ല ലോകത്തിലെങ്ങുംതന്നെ യാതൊരു ദുർഭിക്ഷവും പക്ഷഭേദവും കൂടാതെ വിതരണം ചെയ്യപ്പെട്ടിരുന്നു എന്നും നിങ്ങൾക്ക് പ്രത്യക്ഷമായി കാണാകുന്നതാണ്. ഇംഗ്ലീഷ്കാർ ഇന്ത്യയിൽ വന്നിരിക്കുന്നത് ഈ ഉന്നതാദർശങ്ങളെ ശേഖരിക്കുവാനും, നമ്മുടെ വേദാന്തസിദ്ധാന്തങ്ങളെ സ്വായത്തമാക്കുവാനും, സനാതനധർമ്മത്തിൽ ചുഴിഞ്ഞിറങ്ങി അതിന്നടിയിൽ കിടക്കുന്ന ദിവ്യതത്വങ്ങളെ കണ്ടെടുക്കുവാനും വേണ്ടിയാണ്. അവർ നമുക്ക് തരുന്നതിന്ന് പ്രതിഫലമായി അവർക്ക് ഈ അമൂല്യരത്നങ്ങളെ കൊടുക്കുക. അതിന്നു നമ്മളെക്കൊണ്ടു സാധിക്കുകയില്ലേ? അതുകൊണ്ടു അവർ നമ്മളിൽ അവിഹിതമായി ലേപനം ചെയ്തിരിക്കുന്ന "ഇരപ്പാളിത്വം" എന്ന കളങ്കത്തെ അവരെക്കൊണ്ടു തന്നെ പ്രക്ഷാളനം ചെയ്യിപ്പിക്കുവാൻ വേണ്ടിയാണ് ഈശ്വരൻ എന്നെ അങ്ങോട്ടു കൊണ്ടുപോയതു്. ഇരക്കുവാൻ മാത്രമായി എപ്പോഴും ഇംഗ്ലണ്ടിലേയ്ക്കു പോയിക്കൊണ്ടിരിക്കുന്നതു നന്നല്ല. ചിലപ്പോഴൊക്കെ ദാനം ചെയ്വാൻ വേണ്ടിയും പോകണം. അവർ നമുക്ക് എപ്പോഴും ഭിക്ഷ തരേണ്ട അവശ്യം എന്തുണ്ടു്. അങ്ങിനെ എപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്നവർ ആരെങ്കിലും ഉണ്ടോ? യാചകന്മാരെപ്പോലെ സദാ കൈനീട്ടി വാങ്ങിക്കൊണ്ടിരിക്കണം എന്നല്ല പ്രകൃതിയുടെ നിശ്ചയം. കൊടുക്കുവാനും വാങ്ങുവാനും ആണ് പ്രകൃതി കല്പിച്ചിട്ടുള്ളതു്. ഈ നിയമത്തെ പ്രത്യക്ഷരം അനുസരിക്കാത്ത ജനങ്ങളും, സമുദായങ്ങളും, രാഷ്ട്രങ്ങളും ജീവിതത്തിൽ ഒരിക്കലും അഭിവൃദ്ധിപ്പെട്ടു വരികയില്ല; വന്നിട്ടുമില്ല. അതുകൊണ്ടു നമ്മളും ആ നിയമത്തെത്തന്നെ അനുസരിച്ചേ മതിയാകൂ. ഞാൻ അമേരിക്കയിലേയ്ക്കു പോകുവാനുള്ള

കാരണം ഇതാണു്. എന്നപ്പോലെയുള്ള ഒരായിരം വിവേകാനന്ദന്മാർ ചെന്നാലും ഒട്ടും അധികമാകാത്ത വിധം അവരുടെ ഇടയിൽ ഇപ്പോൾ ധർമ്മത്തിന്നു് അത്ര വളരെ അഭിരുചി ഉണ്ടായിട്ടുണ്ടു്. അവരുടെ വശമുള്ള സമ്പാദ്യത്തെ അവർ വളരെക്കാലമായി നിങ്ങൾക്കു് തന്നുകൊണ്ടിരിക്കുകയല്ലെ ചെയ്തിരുന്നതു്. ഇപ്പോഴാകട്ടെ, നിങ്ങളുടെ അമൂല്യസ്വത്തിനെ അവർക്കായി കൊടുക്കുവാനുള്ള അവസരം നിങ്ങൾക്കും ലഭ്യമായിരിക്കുന്നു. നിങ്ങൾ അങ്ങിനെ ചെയ്യാൻ തുടങ്ങുമ്പോൾ അവൎക്കു് നിങ്ങളുടെ നേരെയുള്ള വെറുപ്പും പുച്ഛവും എത്രവേഗം നീങ്ങുന്നു എന്നും, അതിന്നു പകരം നിങ്ങളിൽ ഭക്തിയും വിശ്വാസവും ബഹുമാനവും എത്രമാത്രം സ്ഥലം പിടിക്കുന്നു എന്നും, ചോദിക്കാതെ തന്നെ നിങ്ങളുടെ രാജ്യത്തിന്നു് ഗുണം ചെയ്വാൻ അവർ എത്രമാത്രം സന്നദ്ധരായിരിക്കുന്നു എന്നും നിങ്ങൾക്കു തന്നെ മനസ്സിലാക്കുവാൻ സാധിക്കും. അവർ പൌരുഷമുള്ള ഒരു കൂട്ടരാണു്. അതുകൊണ്ടു് അവൎക്കു് ചെയ്തുകൊടുക്കുന്ന ഏതു് ഉപകാരത്തേയും അവർ ഒരിക്കലും വിസ്മരിക്കുക ഇല്ല.

ശി—എന്താണു് സ്വാമി ഇങ്ങിനെ പറയുന്നതു്? സ്വാമി പാശ്ചാത്യരാജ്യങ്ങളിൽ ചെയ്ത പ്രസംഗങ്ങളിൽ ഇന്ത്യക്കാരുടെ പലപല ഗുണങ്ങളേയും സ്വഭാവവൈശിഷ്ട്യങ്ങളേയും പററി വളരെ വളരെ കേമമായി പലപ്പോഴും പ്രശംസിക്കുകയും, ഇന്ത്യക്കാൎക്കു് ധൎമ്മത്തോടുള്ള പ്രത്യേക വാസനയേയും താല്പൎയ്യത്തേയും പലപ്പോഴും അവിതൎക്കിത പ്രമാണങ്ങളാൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടല്ലോ. സ്വാമികൾ ഇപ്പോൾ പറയുന്നതു് നമ്മളൊക്കെ തമസ്സിൽ മുങ്ങിക്കിടക്കുകയാണു് എന്നല്ലെ. അതേസമയം തന്നെ ഋഷികളുടെ സനാതന ധർമ്മത്തെ ലോകമൊക്കെ പരത്തുവാനുള്ള ആചാര്യന്മാർ നമ്മൾ ആണെന്നും പറയുന്നു. ഇവ അന്യോന്യം വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ അല്ലയൊ?

സ്വാ—നിങ്ങൾ എന്താ പറയുന്നതു്? നിങ്ങളുടെ കുററങ്ങളേയും കുറവുകളേയും കൊട്ടിഘോഷിച്ചു കൊണ്ടു് ഞാൻ നാടൊക്കെ നടക്കുകയാണൊ വേണ്ടതു്? നിങ്ങളുടെ സ്വാഭാവഗുണങ്ങളെ വിവരിച്ചു് അവരുടെ മുമ്പിൽ നിങ്ങളെ ഒരു രാഷ്ട്രമാക്കി ഉയത്തി കാണിക്കുകയല്ലെ ചെയ്യേണ്ടതു്? തൻെറ കുററങ്ങളെ തനിക്കുതന്നെ നല്ലപോലെ ബോദ്ധ്യപ്പെടത്തക്ക വിധത്തിലും അവ വക തെററുകളിൽ നിന്നു് പിന്നീട്ടു് നിവത്തിക്കുവാൻ ഇടവരത്തക്ക വിധത്തിലും ഒരുവൻെറ തെററുകളെ അവനോട്ടുതന്നെ നേരിട്ടു്, സ്നേഹം തുറന്നു് പറയുകയാണു് എപ്പോഴും വേണ്ടതു്. എന്നാൽ മററുള്ളവരുടെ മുമ്പിൽവെച്ചു് അവൻെറ ഗുണഗണങ്ങളെ വാഴ്ത്തുകയും വേണം. ഒരു ദുഷ്ടമനുഷ്യനോട്ടു് അവൻ നല്ലവനാണു് നല്ലവനാണു് എന്നു് ഇടവിടാതെ പറഞ്ഞു കൊണ്ടിരുന്നാൽ അവൻ ക്രമേണ ശിഷ്ടനായിത്തീരുമെന്നും അതുപോലെ ഒരു നല്ല മനുഷ്യനോട്ടു് അവൻ ചീത്തയാണു ചീത്തയാണു് എന്നു് ഇടവിടാതെ പറഞ്ഞു കൊണ്ടിരുന്നാൽ അവൻ ദുഷ്ടനായിത്തന്നെ തീരുമെന്നും ഭഗവാൻ ശ്രീ ശ്രീരാമകൃഷ്ണൻ പലപ്പോഴും പറയാറുണ്ടായിരുന്നു. ഞാൻ പാശ്ചാത്യരാജ്യങ്ങളിൽ ചെന്നു് അവരോട്ടു് അവരുടെ കുററങ്ങളേയും കുറവുകളേയും പററി ധാരാളം പറഞ്ഞിട്ടുണ്ടു്. എന്നാൽ എൻെറ കാലം വരെ ഇന്ത്യയിൽ നിന്നു് അവിടങ്ങളിൽ ചെന്നവർ ആരും അങ്ങിനെ ചെയ്യുക ഉണ്ടായിട്ടില്ല. ഇവർ അവിടെ ചെന്നാൽ അവരുടെ മാഹാത്മ്യങ്ങളെ ഒരു കയ്യും കണക്കും നീതിയും നിലയും ഇല്ലാതെ വൎണ്ണിച്ചു് സ്തുതിപാഠം ചെയ്യുകയായി. പോരെങ്കിൽ നമ്മുടെ കുററങ്ങളേയും കുറവുകളേയും എല്ലാം അവരുടെ മുമ്പിൽ തുറന്നു് വെച്ചുകൊട്ടുകയും ചെയ്യും. അതുകൊണ്ടു് അവർ നമ്മളെ വെറുക്കുവാൻ തുടങ്ങിയതിൽ അതിശയിക്കുവാനൊന്നും ഇല്ല. അതുകൊണ്ടാണു് ഞാൻ ഇപ്പോൾ ഇവിടെവെച്ചു് നിങ്ങളുടെ കുററങ്ങളും അവരുടെ ഗുണങ്ങളും വിവരിക്കുന്നതുപോലെ തന്നെ, അവിടെ

ച്ചു് അവരുടെ കുററങ്ങളെ ചൂണ്ടികാട്ടിയും നിങ്ങളുടെ ഗുണങ്ങളെ പുകഴ്ത്തിയും സംസാരിച്ചതു്. നിങ്ങൾ ഇപ്പോഴത്തു് എത്രതന്നെ താമസികന്മാരായി തീന്നാലും പ്രാചീന ഋഷികളുടെ ദിവ്യമായ ആ ഋഷിത്വത്തിൻെറ ഒരു ഭാഗം—പക്ഷെ ഏററവും നിസ്സാരമായ ഒരു അംശമായിരിക്കാം; അതിൻെറ ഒരു വെറും പുറന്തൊലി മാത്രമായിരിക്കാം—ഇന്നും നിങ്ങളിൽ അവശേഷിച്ചു് നില്പുണ്ടു്. എന്നാൽ ഇതുകൊണ്ടു് ഒരുവൻ പെട്ടെന്നൊരാചാൎയ്യപട്ടം കെട്ടി ധൎമ്മോപദേശം ചെയ്യാനായി പാശ്ചാത്യ രാജ്യങ്ങളിലേയ്ക്കു് പുറപ്പെട്ടുവാൻ ബദ്ധപ്പെടേണമെന്നൊന്നും ഇല്ല. ഒന്നാമതായി അങ്ങിനെ പുറപ്പെടുന്ന ഒരുവന്നു് മൂന്നു ഗുണങ്ങൾ തികച്ചും ഉണ്ടായിരിക്കണം (1)ഏകാന്തത്തിൽ ഇരുന്നു് തൻെറ അദ്ധ്യാത്മിക ജീവിതരീതി വേണ്ടതുപോലെ ക്രമപ്പെടുത്തിയവനായിരിക്കണം, (2) പരിപൂൎണ്ണമായത്യാഗത്തോടു കൂടിയവനായിരിക്കണം, (3) അഭംഗുരമായ ബ്രഹ്മചൎയ്യം ദീക്ഷിച്ചവനായിരിക്കണം. ഈ മൂന്നു ഗുണങ്ങളോടു കൂടിയവൎക്കു മാത്രമേ ആ പദവിയ്ക്കു യോഗ്യനാകുവാൻ സാധിക്കുകയുള്ളൂ. അതെ, നിങ്ങളിൽ താമസഗുണം വളരെ വളരെ അധികമായിട്ടുണ്ടു്.. അതു് പരമാൎത്ഥം തന്നെയാണു്. അതുകൊണ്ടെന്തു? ആ തമസ്സിനെ നശിപ്പിച്ചുകൂടാ എന്നൊ നശിപ്പിക്കവയ്യാ എന്നോ ആയിട്ടുണ്ടോ? അതു് എത്രയോ വേഗം സാധിക്കാവുന്ന കാൎയ്യമല്ലേയുള്ളൂ. ഈ തമസ്സിനെ നശിപ്പിക്കുവാൻ വേണ്ടിയാണു് ഭഗവാൻ ശ്രീ ശ്രീരാമകൃഷ്ണദേവൻ അവതരിച്ചിട്ടുള്ളതു്.

ശി—അതെല്ലാം ശരിതന്നെ സ്വാമി! പക്ഷെ സ്വാമിയെപ്പോലെ ആയിത്തീരുവാൻ ആരെക്കൊണ്ടു് സാധിക്കും! ആ പദവി മനുഷ്യസുലഭമായ ഒന്നാണോ?

സ്വാ—എൻെറ കാലം കഴിഞ്ഞാൽ പിന്നെ വിവേകാനന്ദന്മാരാരും ഉണ്ടാകയില്ലെന്നാണൊ നിങ്ങൾ വിചാരിക്കുന്നതു്. കുറച്ചു മുമ്പെ ഇവിടെവന്നു് ഭിക്ഷവാങ്ങിപ്പോയ ആ പാ

വങ്ങളെ നിങ്ങൾ കണ്ടില്ലേ. അവരെല്ലാം കള്ളുകുടിയന്മാരാണെന്നും ഒന്നിന്നും കൊള്ളരുതാത്ത വെറും മണ്ടന്മാരാണെന്നും മററും അല്ലെ നിങ്ങളുടെ വിചാരം. ഈശ്വരൻ ഇച്ഛിക്കുന്ന പക്ഷം നാളയ്ക്കു തന്നെ അവർ ഓരോരുത്തരും ഓരോ വിവേകാനന്ദനായി തീരുന്നതു് കണാം. ലോകത്തിന്നു് ആവശ്യമുണ്ടെങ്കിൽ എന്നുവരികിൽ വിവേകാനന്ദന്മാൎക്കു് ഒരു ദാരിദ്ര്യവും ഉണ്ടാകയില്ല. നൂറുനൂറായിരം വിവേകാനന്ദന്മാർ വേണമെങ്കിലും ഉണ്ടായിക്കൊള്ളും. എവിടെനിന്നാണെന്നു് ആരും അറിയുകയേ ഇല്ല. ഞാൻ ചെയ്ത പ്രവൃത്തികളെല്ലാം വിവേകാനന്ദന്റെ പ്രവൃത്തികളാണെന്നു് നിങ്ങളാരും തെററിദ്ധരിക്കരുതു്. അതു് ഈശ്വരന്റെ—അതെ, ഈശ്വരന്റെ സ്വന്തപ്രവൃത്തികളാണെന്നു് നല്ലപോലെ ഉറപ്പിച്ചു കൊള്ളുക. ഒരു ഗവർണർ ജനറാൾ ഉദ്യോഗത്തിൽ നിന്നു് പിരിഞ്ഞാൽ ഉടനെ തന്നെ ചക്രവൎത്തി ആ സ്ഥാനത്തേക്കു് മറെറാരാളെ നിയമിച്ചയക്കുന്നതു് കാണാറില്ലെ. അല്ലാതെ ആ സ്ഥാനം ഒരിക്കലും ഒഴിഞ്ഞു കിടക്കുകയില്ല. തമസ്സിൽ നിങ്ങൾ എത്രതന്നെ മുങ്ങിക്കിടന്നാലും വേണ്ടതില്ല, നിങ്ങൾ ആത്മാൎത്ഥം ഈശ്വരപാദങ്ങളിൽ അഭയം പ്രാപിച്ചാൽ ആ തമസ്സെല്ലാം അതിവേഗം നീങ്ങിപ്പോയിക്കൊള്ളും. അതിന്നുള്ള തക്ക അവസരം നിങ്ങൾക്കു് ഇതാ ഇപ്പോൾ ആഗതമായിരിക്കുന്നു. ഭവരോഗവൈദ്യൻ എത്തിക്കഴിഞ്ഞു. ഇനി ചികിത്സയ്ക്കു് അമാന്തിയ്ക്കുന്നതെന്തിന്നു്? നിങ്ങൾ ഭഗവന്നാമം സ്വീകരിച്ചു് പ്രവൎത്തിക്കുവാൻ ആരംഭിച്ചാൽ ഭഗവാൻ തന്നെ നിങ്ങളിൽ കൂടെ സൎവ്വവും നിൎവ്വഹിച്ചു കൊള്ളും. തമസ്സുതന്നെ അത്യുൽകൃഷ്ടമായ സത്വമായി മാറിക്കൊള്ളും.

ശി—സ്വാമികൾ എന്തൊക്കെ പറഞ്ഞാലും എനിക്കു് ഈ വാക്കുകളൊന്നും വിശ്വാസമാകുന്നില്ല. സ്വാമിയ്ക്കുള്ളതു പോലെ തത്വങ്ങളൊന്നും വിശ്വാസമാകുന്നില്ല. സ്വാമിയ്ക്കുള്ളതു പോലെ തത്വങ്ങളെ വ്യാഖ്യാനിക്കുവാനുള്ള അറി

വും ഗ്രഹിക്കുവാനുള്ള സാമൎത്ഥ്യവും പ്രസംഗിക്കുവാനുള്ള വാചാലതയും മററും അക്കുണ്ടാകും!

സ്വാ— നിങ്ങൾ അറിയാതെ കണ്ടു പറയുകയാണ്. ഈ ശക്തി എല്ലാവൎക്കും വരുന്നതാണ്. ഈശ്വരാനുഭൂതി ഉണ്ടാകേണമെന്നുള്ള ഏകോദ്ദേശത്തോടുകൂടി പന്ത്രണ്ടു കൊല്ലം അഭംഗുരമായി ബ്രഹ്മചൎയ്യം ദീക്ഷിച്ചാൽ അവന്നു ഈ ശക്തി തനിയേ ഉണ്ടായിക്കൊള്ളും. ആ മാതിരി ബ്രഹ്മചൎയ്യം ഞാൻ പരിശീലിച്ചിട്ടുണ്ടു്. അതുകൊണ്ടു് എന്റെ മസ്തിഷ്കത്തിൽ നിന്നു് ഒരു മൂടൽ നീങ്ങിയപോലെ തോന്നുന്നു. ആദ്ധ്യാത്മികമായി എത്രതന്നെ ഗഹനമായ സംഗതികളെപ്പററിയും സംസാരിക്കേണ്ടതായി വരുമ്പോൾ എനിക്കു് അതിന്നു് പ്രത്യേകം ആലോചിക്കേണ്ടതായൊ തയ്യാറാകേണ്ടതായൊ വരുന്നില്ല. നാളെ എനിക്കു് ഒരു പ്രസംഗം ചെയ്യാനുണ്ടെന്നിരിക്കട്ടെ. എന്നാൽ നാളെ ഞാൻ സംസാരിക്കുന്നതെല്ലാം ഇന്നുരാത്രി അനേകചിത്രങ്ങൾ എന്നപോലെ കോമ്പ കോമ്പയായി എന്റെ കണ്ണിന്നുമുമ്പിൽക്കൂടെ കടന്നു പോകുന്നതുകാണാം. പിറേറദിവസത്തെ പ്രസംഗത്തിൽ ഞാൻ ഇങ്ങിനെ ചിത്രരൂപേണ കണ്ട സംഗതികളെ വാഗ്രൂപേണ വിവരിക്കുകമാത്രമേ ചെയ്യുന്നുള്ളു. അതുകൊണ്ടു് ഇവ ഒന്നും എനിക്കു് പ്രത്യേകമായുള്ള ശക്തികൊണ്ടു് ഉണ്ടാകുന്നതല്ലെന്നു് നിങ്ങൾ മനസ്സിലാക്കണം. ഏവനൊരുവൻ പന്ത്രണ്ടുകൊല്ലംകാലം അഭംഗുരമായ ബ്രഹ്മചൎയ്യം ദീക്ഷിക്കുന്നുവോ, അവന്നു് ഈ ശക്തികളെല്ലാംതീൎച്ചയായും ഉണ്ടായിക്കൊള്ളും. നിങ്ങൾ ദീക്ഷിച്ചാൽ നിങ്ങൾക്കും ഉണ്ടാകും. ഇന്നിന്ന ആളുകൾക്കു മാത്രമേ പാടുള്ളു, അല്ലെങ്കിൽ ഉണ്ടാകയുള്ളു; ഇന്നിന്ന ആളുകൾക്കു് പാടില്ല, അല്ലെങ്കിൽ ഉണ്ടാകയില്ല എന്നൊന്നും നമ്മുടെ ശാസ്ത്രങ്ങൾ സിദ്ധാന്തിക്കുന്നില്ല.

## 11

ഗുരുകുലവാസം—ഇന്നത്തെ സർവ്വകലാശാലാസമ്പ്രദായം—ശ്രദ്ധയുടെ അഭാവം—നമ്മുടെ രാഷ്ട്രീയ ചരിത്രം—പാശ്ചാത്യ ഭൌതികതത്വശാസ്ത്രവും പൌരസ്ത്യ വേദാന്തവും—ഇന്നത്തെ "ഉന്നതവിദ്യാഭ്യാസം"—വ്യവസായ വിദ്യാഭ്യാസത്തിന്റേയും രാഷ്ട്രീയ വിദ്യാസത്തിന്റേയും ആവശ്യകത—സത്യകാമന്റെ കഥ—ഗ്രന്ഥങ്ങൾ പഠിക്കുന്നതും ത്യാഗികളുടെ കീഴിൽ പഠിക്കുന്നതും തമ്മിലുള്ള വ്യത്യാസം—ശ്രീരാമകൃഷ്ണദേവനും പണ്ഡിതന്മാരും—മഠസ്ഥാപനം—പാഠ്യപുസ്തകനിർമ്മാണം—ശൈശവവിവാഹം—ജാപ്പാനിലെ വിദ്യാഭ്യാസരീതി—ജാപ്പാന്റെ വിജയരഹസ്യം—പാശ്ചാത്യന്മാരുടേയും പൌരസ്ത്യന്മാരുടേയും കലാവിദ്യ—കലാവിദ്യയും പ്രയോജനവും—വസ്ത്രധാരണരീതി—ഭക്ഷണസാധനങ്ങൾ—ദാരിദ്ര്യം.

---

ശിഷ്യൻ*—"നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെപ്പറ്റി സ്വാമികൾക്കുള്ള അഭിപ്രായം എന്താണ്?

സ്വാ—ഗുരുഗൃഹവാസം തന്നെ വേണമെന്നാണ് എന്റെ അഭിപ്രായം.

ശി—അതുകൊണ്ടായില്ലല്ലൊ. എങ്ങനത്തെ ഗുരുഗൃഹവാസമാണ് വേണ്ടതു്?

സ്വാ—പണ്ടത്തെ മാതിരിതന്നെ. എന്നാൽ അതോടുകൂടി പാശ്ചാത്യരുടെ നവീന തത്വവിജ്ഞാനീയങ്ങളും ചേർക്കണം. ഇവരണ്ടും ആവശ്യമാണ്.

---

* മഠസ്ഥാപനത്തിന്ന ശേഷം രണ്ടുകൊല്ലം കഴിഞ്ഞു് സ്വാമികളും ശ്രീ പ്രിയനാഥ സിംഹനും തമ്മിൽ മഠത്തിൽ വെച്ച് നടത്തിയ സംഭാഷണമാണിതു്.

ശി— അതെന്തിനാ? ഇന്നത്തെ സർവ്വകലാശാലാ സമ്പ്രദായത്തിന്നുള്ള ന്യൂനത എന്താണു്?

സ്വാ— ആകപ്പാടെ നോക്കിയാൽ അതിന്നു കുററമല്ലാതെ മറെറാന്നും തന്നെ ഇല്ല. ഗൃഹസ്ഥന്മാരെ ഉണ്ടാക്കുവാനുള്ള ഒരു ഒന്നാന്തരയന്ത്രം; അല്ലാതെ എന്താണതു്? അത്രമാത്രം ദോഷമേ ഉണ്ടായിരുന്നുള്ളു എങ്കിലും എനിക്കു് സന്തോഷമായിരുന്നു. പക്ഷെ അങ്ങിനെ ഒന്നും അല്ല. മനുഷ്യർ ശ്രദ്ധയും വിശ്വാസവും ഇല്ലാത്തവരായിത്തീരുന്ന മാതിരി നിങ്ങൾ കാണുന്നില്ലെ? ഗീതാ— ഒരു കള്ളകൃതി; വേദങ്ങൾ ഏതാനും അസംബന്ധപ്പാട്ടുകൾ; എന്നൊക്കെയാണു് അവരുടെ പറച്ചിലും നാട്യവും. ഇന്ത്യക്കു പുറമെയുള്ള ആളുകളെപ്പററിയും വിഷയങ്ങളെപ്പററിയും സവിസ്തരം അറിയുവാനും അന്വേഷിക്കുവാനും അവക്കു് എന്തു് താല്പര്യം! എന്തു ഉത്സാഹം! ഹ! ഒന്നും പറയുവാനില്ല. എന്നാൽ ആ മിടുക്കന്മാരോട്ടു് അവരുടെ അച്ഛനച്ഛന്മാരുടെ പേരു് ചോദിച്ചുനോക്കണം! ഏഴുതലമുറവരെക്കൂടെ പറയുവാൻ അവക്കു് അറിഞ്ഞുകൂടാ. പതിനാലുവരെ പിന്നെയല്ലെ. *

ശി— അതുകൊണ്ടെന്താ? പൂർവ്വപിതാക്കന്മാരുടെ പേരുകൾ അറിഞ്ഞില്ലെങ്കിൽ വേണ്ട.

സ്വാ— അങ്ങിനെ വിചാരിക്കേണ്ട. തനിക്കു് സ്വന്തമായി ഒരു ചരിത്രം ഇല്ലാത്ത ഒരു രാഷ്ട്രത്തിന്നു് ഈ ലോകത്തിൽ ഒരു മണ്ണും ഇല്ലെന്നറിഞ്ഞു കൊള്ളുക. "ഞാൻ ഇന്ന കുടുംബത്തിൽ ജനിച്ചവനാണു്" എന്നു് അഭിമാനിക്കത്തക്ക വംശശുദ്ധിയും വംശമാഹാത്മ്യവും ഉള്ള ഒരുവൻ കേവലം കുത്സിതവ്യാപാരങ്ങൾ കൊണ്ടു് ദുരാചാരനായിത്തീരുമെന്നു് നി

---

* ഒരു സനാതനഹിന്ദു പതിന്നാലു് തലമുറവരെയുള്ള പിതൃക്കൾക്കു് തർപ്പണം ചെയ്യണമെന്നാണു് ശാസ്ത്രവിധി. അതുകൊണ്ടു് അതുവരെയുള്ള പൂർവ്വികന്മാരുടെ പേരുകൾ അറിയേണ്ടതായിരിക്കുന്നു. പതിന്നാലു് തലമുറയ്ക്കപ്പുറമുള്ളവർ പിതൃലോകത്തു് ഉണ്ടാകയില്ലെന്നു സാരം.

ങ്ങൾ വിചാരിക്കുന്നുണ്ടോ? ഒരിക്കലും അങ്ങിനെ വരികയില്ല. അതിൻെറ കാരണം എന്താണ്? തന്നിൽതന്നെ ഉള്ള ആ വിശ്വാസവും ആ ആത്മാഭിമാനവും അവൻെറ സമസ്ത വിചാരങ്ങളേയും പ്രവൃത്തികളേയും സന്മാർഗ്ഗത്തിൽകൂടെ നയിച്ച് അവനെ സദ്വൃത്തനാക്കി തീർക്കുന്നു. ഒരു നീചപ്രവൃത്തി ചെയ്യുന്നതിൽ ഭേദം മരിക്കുകയാണെന്ന് അവന്ന് തോന്നിപ്പോകും. അതുപോലെ ശരിയായ രാഷ്ട്രീയ ചരിത്രം ആ സമുദായത്തിൻെറ വ്യാപാരങ്ങളേയും വിചാരഗതികളേയും സന്മാർഗ്ഗത്തിൽ കൂടെ നയിക്കുവാൻ പര്യാപ്തമായിരിക്കുന്നതാണ്. അല്ലാതെ കേവലം ഹീനമായ ഒരു നിലയിലേയ്ക്ക് താഴുവാൻ ഒരിക്കലും അനുവദിക്കുക ഇല്ല. എന്നാൽ അങ്ങിനെയുള്ള രാഷ്ട്രീയ ചരിത്രം നമുക്ക് ഇല്ലല്ലോ എന്ന് നിങ്ങൾ പറയുമായിരിക്കാം. നിങ്ങളെപ്പോലെ വിചാരിക്കുന്നവരുടെ അഭിപ്രായ പ്രകാരമുള്ള ചരിത്രം ഇല്ലെന്ന് സമ്മതിക്കാം. നിങ്ങളുടെ വലിയ സർവ്വകലാശാലാവീരന്മാരുടെ അഭിപ്രായപ്രകാരമുള്ളതും ഇല്ലായിരിക്കാം. അതുപോലെതന്നെ, ഒരൊററ ഓട്ടത്തിന്ന് രാജ്യമെല്ലാം ചുററിത്തിരിഞ്ഞുവന്ന്, പുത്തൻ പരിഷ്ക്കാരികളായി, തനിച്ച സായിപ്പന്മാരുടെ വേഷവും കെട്ടി "ഓ! ഞങ്ങൾക്ക് ഒന്നും ഇല്ലല്ലെ! ഞങ്ങൾ ശുദ്ധമണ്ടന്മാരാണെ!" എന്ന് പറയുന്നവരുടെ അഭിപ്രായപ്രകാരമുള്ള രാഷ്ട്രീയ ചരിത്രവും നമുക്ക് ഇല്ലായിരിക്കാം. അന്യരാജ്യചരിത്രങ്ങളുടെ രീതിയിലുള്ള ചരിത്രം നമുക്ക് ഇല്ലെന്ന് സമ്മതിക്കുകതന്നെ വേണം. നമ്മൾ സാധാരണമായി ചോറുണ്ടു ജീവിക്കുന്നു; യൂറോപ്യന്മാർ ചോറുണ്ണുന്നില്ല; എന്നുവെച്ച് അവരൊക്കെ പട്ടിണികിടക്കുകയാണെന്നോ, അവരെല്ലാം വേഗം ചത്തൊടുങ്ങി ലോകരംഗത്തിൽ നിന്ന് മറഞ്ഞുപോകുമെന്നോ ഊഹിക്കുവാൻ പാടുണ്ടോ? അവർക്ക് വേഗത്തിൽ കിട്ടുന്നതും, അവരുടെ രാജ്യത്ത് ധാരാളം ഉണ്ടാകുന്നതും അവർക്ക് നല്ലപോലെ യോജിക്കുന്നതും ആയ ആഹാരം കഴിച്ച് അവരും നമ്മളെപ്പോലെ തന്നെ സുഖമായി ജീവിക്കുന്നില്ലേ.

അതുപോലെ നമുക്കു വേണ്ടരീതിയിൽ നമുക്കും ഉണ്ടു് ചരിത്രം. അതു പക്ഷെ മററുള്ളവരുടെ രീതിയിൽ ഉള്ളതല്ലെന്നേയുള്ളു. "അയ്യോ! ഞങ്ങൾക്കു് ചരിത്രമൊന്നും ഇല്ലേ!" എന്നു് കണ്ണു മൂടി നിലവിളിക്കുന്നതുകൊണ്ടൊന്നും അതു് ഇല്ലാതാകയില്ല. കാണുവാൻ കണ്ണുള്ളവൻ ഇന്നും ഏററവും പ്രകാശമാനമായ ഒരു ചരിത്രത്തെ ഇവിടെ കാണുന്നുണ്ടു്. നമ്മുടെ രാഷ്ട്രം ഇന്നും നിലനില്ക്കുന്നതു് അതിൻെറ ശക്തികൊണ്ടു തന്നെയാണെന്നു് അവർ അറിയുന്നതും ഉണ്ടു്. എന്നാൽ ആ ചരിത്രം ഇപ്പോൾ ഒന്നു് മാററി എഴുതേണ്ടതായി വന്നിരിക്കുന്നു. പാശ്ചാത്യവിദ്യാഭ്യാസംകൊണ്ടു് നമ്മുടെ ആളുകൾക്കു് ഇപ്പോൾ ലഭ്യമായിട്ടുള്ള ബോധത്തിന്നും വിചാരഗതിക്കും അനുരൂപമായ വിധത്തിൽ അതിനെ ഒന്നു് പുതുക്കി എഴുതേണ്ടതായിരിക്കുന്നു എന്നേയുള്ളു.

ശി—അതെങ്ങിനെയാണു് വേണ്ടതു്?

സ്വാ—അതു് അത്ര എളുപ്പത്തിൽ പറഞ്ഞുതീക്കുവാൻ സാധിക്കുന്ന ഒരു സംഗതിയല്ല. എങ്കിലും അതിന്നു് പണ്ടത്തേപ്പോലെ ഗുരുകുലവാസവും അതുപോലെയുള്ള വിദ്യാഭ്യാസസമ്പ്രദായവും അത്യാവശ്യമായിത്തന്നെ ഇരിക്കുന്നു എന്നുമാത്രം പറയാം. നമ്മൾക്കു് വേണ്ടതു് ഒന്നാമതായി പാശ്ചാത്യരുടെ ഭൌതികശാസ്ത്രവിജ്ഞാനീയവും, അതോടുകൂടി പൌരസ്ത്യരുടെ വേദാന്തവിജ്ഞാനീയവും, ഇവയെ സന്മാഗ്ഗത്തിൽ നയിക്കുവാൻ നൈഷ്ഠികബ്രഹ്മചര്യവും, അവസാനമായി ശ്രദ്ധയും വിശ്വാസവും സ്വാഭിമാനവും ആത്മവിശ്വാസവും, രണ്ടാമതായി, കഴുതയെ കുതിരയാക്കുവാൻ അതിനെ ഉരച്ചുകഴുകി തൊലിയും മാംസവും ഇല്ലാതാക്കിയാൽമതി എന്ന ഉപദേശത്തെ കേട്ടു് അതുപ്രകാരം പ്രവത്തിച്ചവൻെറ മാതിരിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ മാററുകയും ആണു് വേണ്ടതു്.

ശി—സ്വാമികൾ പറഞ്ഞതു് നല്ലതുപോലെ മനസ്സിലായില്ലല്ലൊ.

സ്വാ—നിങ്ങൾക്ക് അറിയാമോ? ആൎക്കും ആരേയും ഒന്നും പഠിപ്പിക്കുവാൻ സാധിക്കുകയില്ല. "ഞാൻ പഠിപ്പിക്കുന്നു" എന്ന വിചാരംകൊണ്ട് ഗുരുനാഥൻ എല്ലാം തകരാറാക്കുകയാണ് ചെയ്യുന്നത്. ഒരുവനിൽ എല്ലാ അറിവുകളും ഉണ്ട്—ഒരു ചെറിയ കുട്ടിയിൽക്കൂടേയും ഉണ്ട്; അതിനെ ഒന്ന് ഉണൎത്തുകമാത്രമേ ആവശ്യമുള്ളു എന്നും; ഒരു ഗുരുനാഥന്റെകൃത്യം അത്രമാത്രമാകുന്നു എന്നും; ആണ് വേദാന്തം പറയുന്നത്. നാം നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു അത്രമാത്രമേ ചെയ്യേണ്ടതായിട്ടുള്ളു. അവരുടെകൈകളേയും കാലുകളേയും കണ്ണുകളേയും ചെകിടുകളേയും മററും വേണ്ടപോലെ ഉപയോഗിക്കുന്നതിൽ അവരുടെ സ്വന്തബുദ്ധിയെ യഥാവിധി വിനിയോഗിക്കുവാൻ അവരെപഠിപ്പിക്കുകമാത്രമെ വേണ്ടതുള്ളു. എന്നാൽക്രമേണ എല്ലാം ശരിയായിക്കൊള്ളും. ഇവയെല്ലാം അസ്ഥിഭാരമായിരിക്കേണ്ടതു് ധൎമ്മം (മതം) തന്നെയാകുന്നു. ധൎമ്മം ചോറിനെപ്പോലേയും മറെറല്ലാം കറികളെപ്പോലേയും ആകുന്നു. കറികൾമാത്രം വയറുനിറയെ കഴിച്ചാൽ ദഹനക്കേട്ട് ഉണ്ടാകും. അതുപോലെതന്നെ ചോറുമാത്രം കഴിച്ചാലും വരും. അവർ നമ്മെ തത്തകളെപ്പോലെ ആക്കിത്തീൎക്കുകയാണ്ചെയ്യുന്നത്. അനേകം വിഷയങ്ങളെ കാണാപ്പാഠംപഠിപ്പിച്ച് നമ്മുടെ തലച്ചോറെല്ലാം ചീത്തയാക്കുന്നു. ഒരു നിലയ്ക്കു നോക്കുമ്പോൾ, സൎവ്വകലാശാലാസമ്പ്രദായത്തെ പരിഷ്കരിച്ചതുകൊണ്ട് നിങ്ങളെല്ലാം വൈസറായിയോട് * നന്ദിയുള്ളവരായിരിക്കുകയാണ് വേണ്ടതു്. ആ മഹാൻ അതുനിമിത്തം ഉന്നതവിദ്യാഭ്യാസം മിക്കവാറും ഇല്ലാതാക്കുകതന്നെയാണ്

* ഇവിടെ വൈസറായി എന്നു് പറയുന്നതു് കേൎസൻ പ്രഭുവിനെ ഉദ്ദേശിച്ചാണ്. ഈ സംഭാഷണം നടന്നകാലത്തു് ഇന്ത്യാവൈസറായി അദ്ദേഹമായിരുന്നു. അദ്ദേഹം സൎവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ രീതിയും ചിലവും മാററി, വൎദ്ധിപ്പിച്ച് അതിനെ സാധാരണ ജനങ്ങൾക്ക് അപ്രാപ്യവും ദുസ്സാദ്ധ്യവും ആക്കിത്തീൎത്തു. അതുകൊണ്ടാണ് നന്ദിയുള്ളവരായിരിക്കണം എന്നു് പറഞ്ഞതു്.

ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് ഈ നാട്ടിന്നു് ഇല്ലംഒരു ആശ്വാസംകിട്ടുവാൻ സംഗതിവന്നേക്കാം. ഇപ്പോൾഒരുവൻ വല്ല ബി ഏ. യൊ മററൊ പാസ്സായിക്കഴിയുമ്പോഴേയ്ക്കു് എന്തുകോലാഹലമാണു്! കുറച്ചുദിവസം കഴിഞ്ഞാൽ എല്ലാംശാന്തമാകുകയും ആയി. ഈ പഠിപ്പുകൊണ്ടു്, നമ്മുടെ ധർമ്മസമ്പ്രദായങ്ങളും ആചാരസമ്പ്രദായങ്ങളും എല്ലാം ശുദ്ധമേമോശമാണു്, പാശ്ചാത്യരുടേതുമാത്രം കെങ്കേമമാണു്, എന്നല്ലാതെ മററൊന്നും അവക്കു് അറിയാറാകുന്നില്ല. എന്നാലൊ, ദാരിദ്ര്യത്തെ തടുത്തു നിർത്തുവാൻ അവരെക്കൊണ്ടു് സാധിക്കുന്നുണ്ടോ? ഒട്ടും തൊട്ടില്ലതാനും. ഇങ്ങിനെയുള്ള ഇന്നത്തെ വിദ്യാഭ്യാസരീതി നിലനിന്നാൽ എന്താ? നിലനിന്നില്ലങ്കിൽ എന്താ? അങ്ങും ഇങ്ങും തെണ്ടിത്തിരിഞ്ഞു് ഉദ്യോഗത്തിന്നുവേണ്ടി സദാ നിലവിളിക്കുവാൻ ഇടയാക്കുന്നതിനെക്കാൾ തങ്ങളുടെ നിത്യവൃത്തിക്കു് ഉതകുന്ന വല്ലതൊഴിലും എടുക്കുവാൻ സജ്ജമാക്കുന്ന സാങ്കേതികവിദ്യകൾ അഭ്യസിപ്പിക്കുന്നതാണു് വളരെ നല്ലതു്.

ശി__അതതെ, മാർവാറികൾ സാധാരണമായി ഉദ്യോഗത്തിന്നൊന്നും പോകാറില്ല. അവർ വല്ല കച്ചവടത്തിലും ഏർപ്പെടുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് അവർ നമ്മളെക്കാൾ വളരെ ഭേദമാണെന്നു് തോന്നുന്നു.

സ്വാ__ഛേ! അസംബന്ധം! അവർ നമ്മുടെ രാജ്യത്തെ നശിപ്പിക്കുന്ന മറെറാരുകൂട്ടർ. അവക്കു് അവരുടെ സ്വന്ത കാര്യത്തെപ്പററിത്തന്നെ ഒന്നും അറിഞ്ഞുകൂടാ. അവരേക്കാൾ നിങ്ങൾതന്നെയാണു് വളരെ ഭേദം. നിങ്ങൾക്കു് വ്യവസായത്തിന്നു് ഒരു കണ്ണെങ്കിലും ഉണ്ടല്ലൊ. വളരെ കുറഞ്ഞ ആദായത്തിനുമാത്രമായി അവർ വ്യാപാരത്തിൽ ഇറക്കുന്നപണം ഏതാനും ചില യന്ത്രശാലകളും തൊഴിൽശാലകളും ഉണ്ടാക്കുന്നതിന്നായി വിനിയോഗിച്ചിരുന്നുവെങ്കിൽ അവരുടെ പണംകൊണ്ടു് അദായം എടുത്തു് യൂറോപ്യന്മാർ വയർവീർപ്പി.

ക്കുന്നതിന്നു പകരം നമ്മുടെ നാട്ടിന്ന് പൊതുവിൽ ക്ഷേമവും അവൎക്കുതന്നെ ഇതിലും അധികം ആദായവും ഉണ്ടാകുമായിരുന്നേനെ. ഇന്ന് ഉദ്യോഗത്തിന്ന് ആഗ്രഹിക്കാത്ത ഒരു കൂട്ടർ ഉണ്ടെങ്കിൽ അവർ കാബൂളികൾ മാത്രമാണു്. സ്വാതന്ത്ര്യം അവരുടെ അസ്ഥിയിലും മജ്ജയിലും കൂടെ ലയിച്ചുകിടക്കുന്നപോലെയാണ് ഇരിക്കുന്നതു്. അവരോട്ട് ഉദ്യോഗം സ്വീകരിക്കുവാൻ ഒന്ന് ഉപദേശിച്ചുനോക്കുവിൻ! അപ്പോൾ കാണാം എന്തുണ്ടാകുന്നു എന്ന്.

ശി—സ്വാമി! ഉന്നതവിദ്യാഭ്യാസം നിൎത്തിക്കളഞ്ഞാൽ ജനങ്ങൾ മുമ്പിലത്തെപ്പോലെ ശുദ്ധ മഠയന്മാരും മൃഗപ്രായന്മാരും ആയിത്തീരുകയില്ലയോ?

സ്വാ—എന്തു് അസംബന്ധമാണിതു്! ഒരു സിംഹം ഒരു കുറുനരിയാകുമെന്നോ? നിങ്ങൾ എന്താ പറയുന്നതു്? അനാദികാലംമുതല്ക്കുതന്നെ ലോകത്തെ ആസകലം ജ്ഞാനസാഗരത്തിൽ ആറാടിച്ചുകൊണ്ടിരിക്കുന്ന ഭാരതീയസന്താനങ്ങൾ കേർസൻപ്രഭു ഉന്നതവിദ്യാഭ്യാസം നിൎത്തൽചെയ്തു എന്നുവെച്ചു്, പശുക്കളെപ്പോലെ മഠയന്മാരായിത്തീരുമെന്നോ?

ശി—അതു് ശരിതന്നെ. എങ്കിലും ഇംഗ്ലീഷുകാർ വന്നതിന്നു മുമ്പും അതിന്നു ശേഷവും ഉള്ള ജനങ്ങളുടെ സ്ഥിതി ഒന്നു് ഓൎമ്മിച്ചുനോക്കുക.

സ്വാ—അതുതന്നെയാണു് ഞാനും പറയുന്നതു്. ഇന്നത്തെ ഉന്നതവിദ്യാഭ്യാസം എന്നതുതന്നെ എന്താണു്? ഭൗതികശാസ്ത്രങ്ങളുടെ വെറും പഠനവും നിത്യതയ്ക്കാവശ്യമുള്ള സാമാനങ്ങളെ യന്ത്രങ്ങൾകൊണ്ടു് ഉണ്ടാക്കുന്നതും മാത്രമാണോ ഉന്നതവിദ്യാഭ്യാസം? ഇന്നു് ഇതിലും അധികരിച്ചു് എന്തുണ്ടു്? ജീവിതരഹസ്യത്തെ വ്യവച്ഛേദിക്കേണ്ടതെങ്ങിനെയാണെന്നു് കാണിച്ചുതരുന്നതാണു് ശരിയായ ഉന്നതവിദ്യാഭ്യാസം. ഇന്നത്തെ പരിഷ്കൃതലോകത്തിന്റെ ശ്രമം മുഴുവനും ഇതിന്നായിട്ടാകുന്നു. എന്നാൽ ഈ സംഗതി നമ്മുടെ രാജ്യത്തിൽ

എത്രയോ ആയിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ തീരുമാനിക്കപ്പെട്ടിട്ടുള്ളതാണു്.

ശി—എന്നിട്ടും നമ്മുടെ വേദാന്തം തന്നെ നഷ്ടപ്രായമായിരുന്നുവെല്ലോ.

സ്വാ—ആയിരുന്നിരിക്കാം. കാലചക്രത്തിന്റെ തിരുപ്പിൽ ഉൾപ്പെട്ടു് വേദാന്തദീപ്തി ഓരോരോ കാലം കുറഞ്ഞും ഏറിയും തന്നെവരുന്നതാണു്. ചിലപ്പോൾ അതു തീരെ നശിച്ചുപോകുമെന്നുകൂടെ തോന്നിപ്പോയേക്കാം. അങ്ങിനെവരുമ്പോൾ ഈശ്വരൻതന്നെ മനുഷ്യരൂപമെടുത്തു് അവതരിച്ചു് അതിനെ പൂൎവ്വപൽ ദീപ്തിമത്താക്കിത്തീൎക്കുന്നതാണു്. ആ ദീപ്തി അതിന്നു് ഇപ്പോഴും സിദ്ധിച്ചിട്ടുണ്ടു്?

ശി—ഇന്ത്യ, ഭൂലോകത്തിലെ മറെറല്ലാരാജ്യങ്ങൾക്കും അതാതുകാലം തത്വജ്ഞാനോപദേശം ധാരാളമായി ചെയ്തിട്ടുണ്ടെന്നുള്ളതിലേയ്ക്കു് തെളിവെന്തുണ്ടു്?

സ്വാ—അതിന്നു് ചരിത്രം തന്നെയാണു് ഒന്നാമത്തെ സാക്ഷി. ലോകത്തിൽ ആത്മാവിനെ അഭിവൃദ്ധിപ്പെടുത്തുന്ന സമസ്ത ആശയങ്ങളും അന്യവിഷയങ്ങളിലുള്ള സമസ്ത അറിവുകളും ഇന്ത്യയിൽതന്നെ ഉത്ഭവിച്ചിട്ടുള്ളതാണെന്നു് ഇപ്പോഴേയ്ക്കു് ശരിയായ അന്വേഷണങ്ങൾകൊണ്ടു് കണ്ടുപിടിച്ചുകഴിഞ്ഞിരിക്കുന്നു.

ഇപ്പോൾ നമുക്കു് അവശ്യമായിത്തീൎന്നിരിക്കുന്നതു്, വിദേശികളുടെ അധിപത്യംകൂടാതെ സ്വതന്ത്രമായുള്ള വിദ്യാഭ്യാസമാണു്; നമ്മുടെ സ്വന്തമായുള്ള സൎവ്വശാസ്ത്രങ്ങളും നാം പഠിക്കണം. അതോടുകൂടിത്തന്നെ ഇംഗ്ലീഷുഭാഷയും പാശ്ചാത്യരുടെ ഭൌതികശാസ്ത്രങ്ങളും കൂടിയേകഴിയൂ. വ്യവസായവിദ്യാഭ്യാസവും നമ്മുടെ കൈത്തൊഴിലുകളെ അഭിവൃദ്ധിപ്പെടുത്തുവാൻ ഉപകരിക്കുന്ന മററുവിഷയങ്ങളും ഇക്കാലത്തേയ്ക്കു് അപരിഹാൎയ്യമായിത്തീൎന്നിരിക്കുന്നു. അതുണ്ടായാൽ മാത്ര

മേ ഉദ്യോഗത്തിന്നുവേണ്ടി തലയിട്ടറയുന്നതിന്നുപകരം നി ങ്ങൾക്കുവേണ്ടതു് സമ്പാദിക്കുവാനും ക്ഷാമകാലത്തേയ്ക്കു് വല്ലതും സൂക്ഷിച്ചുവെയ്ക്കുവാനും സാധിക്കുകയുള്ളു.

ശി—സ്വാമികൾ അന്നൊരുദിവസം പ്രാചീനസം സ്കൃതപാഠശാലാ സമ്പ്രദായത്തെപ്പററി എന്തോ പറയുവാൻ പുറപ്പെട്ടിരുന്നുവെല്ലൊ.

സ്വാ—നിങ്ങൾ ഉപനിഷൽശ്ലോകങ്ങൾ ഒന്നും വായി ച്ചിട്ടില്ലേ? ഞാൻ ഒരു കഥ പറയാം. പണ്ടു് സത്യകാമൻ എന്നു പേരായി ഒരു ബാലൻ ഉണ്ടായിരുന്നു. അവൻ ബ്രഹ്മ ചര്യദീക്ഷയ്ക്കായി അവൻെറ ഗുരുവിൻെറ വീട്ടിൽ ചെന്ന പ്പോൾ ആ ഗുരു അവൻവശം ഏതാനും പശുക്കളെ ഏല്പി ച്ചുകൊടുത്തു്, അവയെ നോക്കി രക്ഷിക്കുവാനായി അവനെ ഒരു വനത്തിലേയ്ക്കു പറഞ്ഞയയ്ക്കുകയാണു് ചെയ്തതു്. സത്യ കാമൻ ഗുരുവിൻെറ കല്പന അനുസരിച്ചു് കാട്ടിൽപോയി അവിടെ പശുക്കളേയുംമേച്ചു് താമസമാക്കി. ഇങ്ങിനെ വള രെക്കാലം കഴിഞ്ഞു. താൻ കൊണ്ടുവന്ന പശുക്കളുടെസംഖ്യ ഇരട്ടിച്ചു എന്നുകണ്ടപ്പോൾ ഗുരുവിൻെറ അടുത്തേ യ്ക്കു് മടങ്ങിയാലോ എന്നു് അവന്നു് തോന്നി. ഇങ്ങിനെ മട ങ്ങിവരുംവഴിക്കു് അവൻെറ പശുക്കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു കാളയും, പാർശ്വത്തിൽ ഒരേടത്തു് ജ്വലിച്ചുകൊണ്ടിരു ന്ന അഗ്നിയും മറേറതാനും മൃഗങ്ങളും അവനു് ബ്രഹ്മജ്ഞാനം ഉപദേശിച്ചു. പിന്നീടു് സത്യകാമൻഗുരുസന്നിധിയിൽഎത്തി യപ്പോഴേക്കും, അവന്നു് ബ്രഹ്മജ്ഞാനം സിദ്ധിച്ചു് കഴിഞ്ഞി രിക്കുന്നു എന്നു് ഗുരുവിന്നു് ഒരൊററ നോട്ടംകൊണ്ടു് മനസ്സി ലായി. ഇങ്ങിനെയാണു് ആ കഥ. ഇതിൽനിന്നു് നമുക്കു് ലഭ്യമാകുന്ന ഏററവും സാരമാകുന്ന ഒരു ഉൽബോധനം, യഥാ ർത്ഥമായ ജ്ഞാനം പ്രകൃതിയുമായുള്ള നിരന്തര ഇടപാടിൽ നിന്നു് സിദ്ധിക്കുന്നതാകുന്നു എന്നാണു്.

ജ്ഞാനം സമ്പാദിക്കേണ്ടതു് ഇങ്ങിനെയാണു്. അല്ലാതെ ഒരു പണ്ഡിതൻെറ വിദ്യാശാലയിൽ പഠിക്കുന്നതു കൊണ്ടു്, നിങ്ങൾ നിങ്ങളുടെ ജീവകാലം മുഴുവനും ഒരു മുത്തു കുരങ്ങു് മാത്രമായിരിക്കുകയേ ഉള്ളൂ. ജ്വലിക്കുന്ന അഗ്നിയെപ്പോലെ പ്രകാശമാനമായിരിക്കുന്ന സ്വഭാവ വിശേഷത്തോടുകൂടിയ ഒരു ഗുരുവിൻെറ കീഴിൽ ഒരുവൻ അവൻെറ ശൈശവകാലം മുതല്ക്കേ താമസമാക്കണം. അവൻെറ മുമ്പിൽ അവൻ അഭ്യസിക്കുന്ന ധർമ്മസിദ്ധാന്തങ്ങളുടെ അത്യുന്നതമായ ഒരു സജീവോദാഹരണം സദാ ഉണ്ടായിരിക്കണം. "കളവു് പറയുന്നതു് പാപമാണു്" എന്നു് നിങ്ങൾ പ്രതിദിനം എത്രതവണ ഉരുവിട്ടതുകൊണ്ടും പ്രയോജനമൊന്നും ഉണ്ടാകുകയില്ല. പ്രയോജനമുണ്ടാകേണമെങ്കിൽ കളവു പറയാതിരുന്നാൽ മാത്രമേ മതിയാകൂ. 'കളവു് പറയാതിരിക്കണമെങ്കിൽ, പുസ്തകത്തിൽ വായിച്ചാൽമാത്രം പോരാ, കളവു് പറയാത്ത ഒരു സജീവോദാഹരണം നിങ്ങൾ മുമ്പിൽ കാണുക കൂടയുംവേണം. അതിനാൽ എല്ലാ കുട്ടികളും ഗുരുകുലത്തിൽ നൈഷ്ഠിക ബ്രഹ്മചര്യം നിർബ്ബന്ധമായി പരിശീലിക്കേണ്ടതായിരിക്കുന്നു. എന്നാലേ, എന്നാൽ മാത്രമേ, ശ്രദ്ധയും വിശ്വാസവും ഉണ്ടാകുകയുള്ളൂ. ശ്രദ്ധയും വിശ്വാസവും ഇല്ലാത്ത ഒരുവൻ എന്തുകൊണ്ടു് അസത്യം സംസാരിക്കുകയില്ല? നമ്മുടെ രാജ്യത്തു് പണ്ടു് എല്ലാവിദ്യകളും അഭ്യസിപ്പിച്ചിരുന്നതു് ത്യാഗികൾ ആയിരുന്നു. പിന്നീടാണു് ആ സ്ഥാനം പണ്ഡിതന്മാർ കൈവശപ്പെടുത്തിയതു്. ഈ പണ്ഡിതന്മാരാകട്ടെ എല്ലാ ശാസ്ത്രങ്ങളേയും അവരുടെ സ്വകാര്യ സ്വത്തുപോലെ അടക്കിവെച്ചു. അതുകൊണ്ടു് പാഠശാലകളിൽവെച്ചു് വ്യാപാരംചെയ്യാനും നിശ്ചയിച്ചു. ഇങ്ങിനെയാണു് അവർ നമ്മുടെരാജ്യത്തെ നാശമഹാഗർത്തത്തിൻെറ വക്കുവരെ കൊണ്ടുവന്നതു്. ത്യാഗികൾ വിദ്യാഭ്യാസം ചെയ്യിച്ചിരുന്നകാലത്തെല്ലാം ഇന്ത്യക്കു് നല്ല അഭിവൃദ്ധിയും ഉണ്ടായിരുന്നു.

ശി—സ്വാമികൾ എന്താപറയുന്നതു്! അന്യരാജ്യങ്ങളിൽ സന്യാസികളേ ഇല്ലല്ലോ. അവർ അവരുടെ വിദ്യാസമ്പത്തി ഒന്നുകൊണ്ടുമാത്രം ഇന്ത്യയെ അവരുടെ കാക്കൽ സാഷ്ടാംഗനമസ്കാരം ചെയ്യിച്ചിരിക്കുന്നതു് കാണുന്നില്ലേ?

സ്വാ—സ്നേഹിതാ! മണ്ടത്തരങ്ങളൊന്നും പറയാതിരിക്ക. ഞാൻ പറയുന്നതു് കേട്ടാട്ടെ. ഇന്ത്യൻ സന്താനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടഭാരം ത്യാഗികളുടെ പിടലിയിൽതന്നെ വീണ്ടും വീഴാതിരിക്കുന്നതായാൽ ഇന്ത്യാദേവി അന്യന്മാരുടെ പാദുകങ്ങളെ എന്നെന്നും ശിരസാ വഹിച്ചുകൊണ്ടു നടക്കേണ്ടതായിവരും. യാതൊരു വിദ്യാസമ്പത്തും ഇല്ലാത്തവനായ ഒരു ത്യാഗിബാലൻ നിങ്ങളുടെ മഹാഗംഭീരന്മാരായ പണ്ഡിതശിരോമണികളെ തലതാഴ്ത്തിച്ചതു് എങ്ങിനെയാണെന്നു് നിങ്ങൾക്കു് അറിഞ്ഞുകൂടെ? ഒരിക്കൽ ദക്ഷിണേശ്വര മഹാക്ഷേത്രത്തിലെ ശാന്തിക്കാരൻബ്രാഹ്മണൻ അവിടത്തെ വിഷ്ണുവിഗ്രഹത്തിന്റെ കാൽ ഒടിക്കുകയുണ്ടായി. അതിനെപ്പറ്റി എന്താണു് ചെയ്യേണ്ടതു് എന്നു് ആലോചിച്ചു് തീച്ചപ്പെടുത്തുവാനായി റാണിരാസമണി അവിടെ ഒരു വലിയ പണ്ഡിതസദസ്സു് വിളിച്ചുകൂട്ടി. പണ്ഡിതന്മാരെല്ലാം വന്നു്, അനേകശാസ്ത്രങ്ങൾ പരിശോധിച്ചും അനേകവാദപ്രതിവാദങ്ങൾ നടത്തിയും തീച്ചപ്പെടുത്തിയതു്, ആ കേടുവന്ന വിഗ്രഹത്തിൽ പൂജചെയ്യാൻ പാടില്ലെന്നും പുതിയതായി ഒരു വിഗ്രഹമുണ്ടാക്കി പ്രതിഷ്ഠിച്ചേ മതിയാകയുള്ളു എന്നും ആയിരുന്നു. ഇതുകേട്ടപ്പോഴേയ്ക്കും അവിടെ ഒരുവലിയ ബഹളമായിത്തീന്നു. ഒടുവിലാണു് ശ്രീ ശ്രീരാമകൃഷ്ണദേവനെ വരുത്തിച്ചോദിച്ചതു്. അപ്പോൾ "തന്റെ ഭത്താവിന്റെ കാലൊന്നു് ഒടിഞ്ഞുപോയി എന്നുവെച്ചു് ഭാര്യ ഭത്താവിനെ ഉപേക്ഷിക്കുമോ?" എന്നായിരുന്നു അദ്ദേഹം റാണിയോടു് ചോദിച്ചതു്. പിന്നെ എന്താണു് ഉണ്ടായതെന്നറിയാമൊ? ശാസ്ത്രിമാരെല്ലാം തലതാഴ്ത്തി മിണ്ടാതെഇരിപ്പായി. അവരുടെ

ശാസ്ത്രങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും ഒന്നിനും ഈ സാധുകുട്ടിയുടെ ചോദ്യത്തിന് സമാധാനം പറയുവാനുള്ള ശേഷിയുണ്ടായില്ല. * ശ്രീ ശ്രീരാമകൃഷ്ണദേവൻ ഈ ഭൂമിയിൽ അവതരിക്കുവാനും അദ്ദേഹം വെറും ഗ്രന്ഥപാഠത്തെ മുക്തകണ്ഠം ആക്ഷേപിക്കുവാനും ഇടവന്നതെന്തുകൊണ്ടാണ്! അദ്ദേഹം കൊണ്ടുവന്ന ആ നവ്യചൈതന്യത്തെ നാട്ടിലെങ്ങും പരത്തണം. നമ്മുടെ കർത്തവ്യകർമ്മം നിർവ്വഹിക്കപ്പെടുന്നത് അപ്പോഴാണ്.

ശി—പറയുവാൻ എളുപ്പം കഴിഞ്ഞു!

സ്വാ—അതുപോലെ പ്രവർത്തിക്കുവാനും എളുപ്പമുണ്ടായിരുന്നു എങ്കിൽ അദ്ദേഹം അവതരിക്കേണ്ട അവശ്യമേ ഉണ്ടാവിരുന്നില്ലല്ലോ. എല്ലാപട്ടണങ്ങളിലും എല്ലാഗ്രാമങ്ങളിലും ഓരോ മഠം സ്ഥാപിക്കുകയാണ് ഇപ്പോൾ നിങ്ങൾ ചെയ്യേണ്ടത്. അതിന്ന് നിങ്ങളെക്കൊണ്ട് സാധിക്കുമോ? ഇല്ലെങ്കിൽ ആകുന്നേടത്തോളം ചെയ്യുക. കൽക്കത്താ പട്ടണത്തിൻെറ ഹൃദയത്തിൽ (മദ്ധ്യത്തിൽ) ഒരു വലിയ മഠം സ്ഥാപിക്കുക; ആ കേന്ദ്രസ്ഥാപനത്തിൻെറ തലവനായി വിദ്യാസമ്പൂർണ്ണനായ ഒരു ത്യാഗിവര്യൻ ഉണ്ടായിരിക്കട്ടെ; അദ്ദേഹത്തിൻെറ കീഴിൽ പ്രായോഗികശാസ്ത്രങ്ങളേയും കലാവിദ്യകളേയും അഭ്യസിപ്പിക്കുവാൻ വെവ്വേറെ വകുപ്പുകളും ഓരോ വകുപ്പിനും അധിപനായി ഓരോ സന്ന്യാസിയും ഉണ്ടായിരിക്കട്ടെ.

ശി—ഇതിലേയ്ക്ക് അങ്ങിനെയുള്ള സാധുക്കളെയെല്ലാം എവിടെനിന്ന് കിട്ടും?

സ്വാ—നാം അവരെ സൃഷ്ടിക്കേണ്ടതായിത്തന്നെ ഇരിക്കുന്നു. അതുകൊണ്ടാണ് ജ്വലിക്കുന്ന സ്വരാജ്യസ്നേഹവും തീവ്രമായ ത്യാഗശക്തിയും ഉള്ള ഏതാനും യുവാക്ക

---

* ശ്രീ ശ്രീരാമകൃഷ്ണചരിതാമൃതം നോക്കുക.

ന്മാരെ അവശ്യമുണ്ടു് — അവശ്യമുണ്ടു് എന്നു ഞാൻ എപ്പോഴും പറയാറുള്ളതു്. ഒരു ത്യാഗിക്കു് സാധിക്കുന്നതുപോലെ അതുവേഗത്തിലും വൃത്തിയിലും ഒന്നിനെ ശരിപ്പെടുത്തുവാൻ മററാളെക്കൊണ്ടും സാധിക്കുകയില്ല. (അല്പസമയം മൌനമായിരുന്ന ശേഷം.) ഹാ! സിങ്ങ്ജീ! നമ്മുടെ രാജ്യത്തിന്നു് അത്യാവശ്യങ്ങളായ അനേകായിരം സംഗതികൾ ചെയ്തുതീർക്കേണ്ടവയായിട്ടുണ്ടു്. അതിന്നു് നിങ്ങളെപ്പോലെയും എന്നെപ്പോലെയും ഉള്ള അനേകായിരം ആളുകൾ ആവശ്യവുമുണ്ടു്. വെറും സംസാരംകൊണ്ടു് എന്താ പ്രയോജനം! നമ്മുടെ രാജ്യം എത്ര ശോച്യാവസ്ഥയിൽ പതിച്ചുകഴിഞ്ഞിരിക്കുന്നു എന്നു ഒന്നു് ആലോചിച്ചുനോക്കുക. അതിന്റെ ഉദ്ധാരണത്തിന്നായി വല്ലതും ചെയ്യാട്ടെ. ഇതെങ്ങിനെ കണ്ടുകൊണ്ടിരിക്കാം. നമ്മുടെ ചെറിയ കുട്ടികൾക്കു് പഠിക്കുവാൻ പററുന്ന വിധത്തിൽ ഒരൊററ പുസ്തകംപോലും ഇന്നില്ലല്ലോ. എത്ര ദയനീയമായിരിക്കുന്നു!

ശി — എന്തു്! ഈശ്വരചന്ദ്രവിദ്യാസാഗരൻ എഴുതിയ അനേക പാഠ്യപുസ്തകങ്ങൾ ഉണ്ടല്ലോ.

സ്വാ — (ഇതു കേട്ടഉടനെ ഉറക്കെ പൊട്ടിച്ചിരിച്ചുകൊണ്ടു്) ഉണ്ടുണ്ടു്. അതിൽ എന്തൊക്കെയാണു് പറഞ്ഞിരിക്കുന്നതു്! "ഈശ്വരൻ നിരാകാര ചൈതന്യ സ്വരൂപൻ" "ഗോപാലൻ അതിശുദ്ധ ബാലകൻ" എന്നൊക്കെ. അല്ലേ? അങ്ങിനെ ഒന്നും പോരാ. രാമായണം, മഹാഭാരതം, ഭാഗവതം, ഉപനിഷത്തുക്കൾ മുതലായവയിൽ നിന്നു് ചെറിയ ചെറിയ കഥകൾ തിരഞ്ഞെടുത്തു്, എളുപ്പവും സുഗ്രാഹ്യവും ആന്യ ഭാഷയിൽ എഴുതി, മാതൃ ഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും നല്ലനല്ല പുസ്തകങ്ങൾ ഉണ്ടാക്കി ചെറിയകുട്ടികൾക്കു് വായിക്കുവാൻ കൊടുക്കണം.

സിങ്ങ്ജീ! നിങ്ങൾക്കു് ഒന്നുചെയ്യാമോ? നമ്മുടെ ഇടയിലുള്ള ശൈശവ വിവാഹസമ്പ്രദായം കുറച്ചുകാലത്തേയ്ക്കെങ്കിലും ഒന്നു് നിർത്തിവയ്ക്കാമോ ?

ശി—ഇന്നത്തെ പ്രമാണികളുടെ ശ്രമമെല്ലാം വിവാഹം കഴിയുന്നത്രയും ആദായകരമാക്കിത്തീൎക്കുവാനായിരിക്കുന്ന സ്ഥിതിക്ക് അതെങ്ങിനെ സാധിക്കും സ്വാമി?

സ്വാ—ഈ ശ്രമത്തെപ്പററി നിങ്ങളുടെ തല കടയുന്നമെന്നില്ല. കാലഗതിയെ തടുക്കുവാൻ ആരെക്കൊണ്ടു് സാധിക്കും? ശ്രമിക്കട്ടെ, പക്ഷെ ഈ ശ്രമങ്ങളും ഈ പ്രക്ഷോഭങ്ങളും എല്ലാം വെറും ശബ്ദങ്ങൾ മാത്രമായി കലാശിയ്ക്കുകയേയുള്ളൂ. വിവാഹം എത്രത്തോളം വിലവു കൂടിയതായിരിക്കുന്നുവോ അത്രത്തോളം രാജ്യത്തിന്നു് ക്ഷേമമേ ഉണ്ടാകുകയുള്ളൂ. പരീക്ഷ പാസ്സാകുവാനും ഉടനെതന്നെ വിവാഹം ചെയ്യാനും ഇപ്പോൾ ആളുകൾക്ക് എന്തു് ബദ്ധപ്പാടായിരിക്കുന്നു. ആരും അവിവാഹിതന്മാരായിരുന്നുകൂടാ എന്നു് തോന്നിപ്പോകും. അവിവാഹിതന്മാരായ ഏതാനും ബി. ഏക്കാരെ കിട്ടിയാൽ അവരെ ജാപ്പാനിലേയ്ക്കു് അയച്ചു് വ്യവസായവിദ്യ അഭ്യസിപ്പിച്ചു് വരുത്തുവാൻവേണ്ട ശ്രമം ചെയ്യാമായിരുന്നു. അവർ മടങ്ങിവന്നാൽ അവരെക്കൊണ്ടു് നാട്ടിന്നു് പല ഗുണങ്ങളും ഉണ്ടാകുന്നതായിരിക്കും. അതെത്രനല്ല കാൎയ്യമാണെന്നു് അറിയാമൊ?

ശി—ഇംഗ്ലാണ്ടിലേയ്ക്കു് അയയ്ക്കുന്നതിനെക്കാൾ നല്ലതാണൊ ജാപ്പാനിലേയ്ക്കു് അയയ്ക്കുന്നതു്?

സ്വാ—സംശയമുണ്ടോ? നമ്മുടെ പണക്കാരും പഠിപ്പുകാരും എല്ലാം ഒരിക്കലെങ്കിലും ജാപ്പാനിൽ ഒന്നുപോയികാണേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. എന്നാൽ അവരുടെ കണ്ണു് തുറക്കുന്നതായിരിക്കും.

ശി—അതെങ്ങിനെ, സ്വാമി?

സ്വാ—അതോ? എല്ലാ അറിവുകളും അവർ സ്വീകരിച്ചു്, നല്ലപോലെ ദഹിപ്പിച്ചു്, സ്വന്ത ഗാത്രത്തിൽ പിടിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഇവിടെയാണെങ്കിൽ അതൊക്കെ

അജീർണ്ണമായി കിടക്കുന്നതേയുള്ളൂ. ജാപ്പാൻകാർ യൂറോപ്യന്മാരിൽനിന്ന് അവരുടെ (യൂറോപ്യന്മാരുടെ) നല്ല നല്ല സംഗതികളെല്ലാം സ്വായത്തമാക്കീട്ടുണ്ട്. എങ്കിലും അവർ യൂറോപ്യന്മാരാകാതെ ജാപ്പാൻകാർതന്നെ ആയിരിക്കുന്നതേ ഉള്ളൂ. നമ്മുടെ രാജ്യത്തിലൊ? പാശ്ചാത്യഭാവത്തിനുള്ള ഭ്രമം പ്ലേഗ്പോലെ അത്ര ഭയങ്കരമായി നമ്മെ ബാധിച്ച് കഴിഞ്ഞിരിക്കുന്നു.

ശി—അത് ശരിതന്നെയാണ് സ്വാമി. ഞാൻ ജാപ്പാൻകാരുടെ ചില ചിത്രങ്ങൾ കണ്ടിട്ടുണ്ട്. അവ എത്ര മനോഹരമായിരിക്കുന്നു. അതിലെ സങ്കല്പശക്തി, മററാക്കും പകർത്തുവാൻ കൂടെ സാധിക്ക വയ്യാത്ത വിധം, അവക്ക് പ്രത്യേകം ഉള്ളതാണ് എന്ന് തോന്നിപ്പോകും.

സ്വാ—പരമാർത്ഥമാണത്. അവർ അവരുടെ കലാനൈപുണ്യം കൊണ്ടുതന്നെ ഒരു മഹാരാഷ്ട്രമായിതീന്നിരിക്കുന്നു നമ്മളെപ്പോലെതന്നെ അവരും പൌരസ്ത്യരാണെന്ന് നിങ്ങൾക്ക് അറിയാമല്ലൊ. പക്ഷെ പറഞ്ഞിട്ടും കാര്യമില്ല. നമ്മുടെ അവക വിദ്യകളെല്ലാം മിക്കവാറുംപോയിക്കഴിഞ്ഞു. വളരെ കുറച്ചുമാത്രമെ ഇനിയും അവശേഷിച്ച് നില്പുള്ളൂ. പക്ഷെ ഉള്ളതു വളരെ അത്ഭുതകരമായതാണെന്നുവെച്ച് ഒരു വിധം സമാധാനിക്കാം. പൌരസ്ത്യരുടെ ജീവൻതന്നെ കലാസമ്മിളിതമായതാണ്. കലാസാമർത്ഥ്യം ഇല്ലാത്തതാതൊന്നും ഒരു പൌരസ്ത്യൻ ഉപയോഗിക്കുക ഇല്ല. കലാവിദ്യ നമ്മുടെ ധർമ്മത്തിൻെറ ഒരുഭാഗം കൂടെ ആയിരിക്കുന്നുണ്ടെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടയൊ? ഏതാനും വിശേഷദിവസങ്ങളിൽ അരിമാവുകൊണ്ടു നിലത്തും ചുവരിലും എല്ലാം കൌതുകമുള്ള കോലം വരയ്ക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലെ. അങ്ങിനെ വരയ്ക്കുവാൻ സാമർത്ഥ്യമുള്ള സ്ത്രീകളെ ഇന്നും വളരെ ബഹുമാനമാകുന്നു. ശ്രീ ശ്രീരാമകൃഷ്ണദേവൻ തന്നെ അതിസമർത്ഥനായ ഒരു ചിത്രകാരനായിരുന്നില്ലയോ?

ശി—ഇംഗ്ലീഷ് ചിത്രകലയും വളരെ നല്ലതുതന്നെയാണ്; അല്ലേ സ്വാമി?

സ്വാ—നിങ്ങൾ എന്തൊരു മൂഢാളനാണ്! ഞാ! ഇന്നത്തെ വിചാരഗതി അങ്ങിനെതന്നെ ആയിരിക്കുന്നസ്ഥിതിക്ക് നിങ്ങളെ കുററം പറഞ്ഞിട്ട് എന്താ പ്രയോജനം! കഷ്ടമേ! നമ്മുടെ മാതൃഭൂമി ഇത്ര ദയനീയമായ ഒരു അവസ്ഥയിലേയ്ക്കു പതിച്ചുപോയെല്ലൊ!! തങ്ങളുടെ സ്വന്തം സ്വർണ്ണത്തെ അവർ പിത്തളയെന്ന് കരുതുന്നു. അതോപോട്ടെ. മററുള്ളവരുടെ പിത്തളയെ സ്വർണ്ണമെന്ന് വിചാരിക്കുകകൂടെ ചെയ്യുന്നതും ഉണ്ട്. ഇതു് നവീനവിദ്യാഭ്യാസത്തിൻെറ ജാലവിദ്യയാണ്. എന്തുകാട്ടാം. ഈശ്വരോരക്ഷതു! നിങ്ങളുടെ ഈ യൂറോപ്യന്മാർ ഏഷ്യക്കാരുമായി ഇടപെടുവാൻ ആരംഭിച്ചതിന്നു് ശേഷം മാത്രമാണ് അവർ അവരുടെ ജീവിതത്തിൽ കലാവിദ്യയെ കലർത്തുവാൻ തുടങ്ങിയതെന്ന് നിങ്ങൾ മനസ്സിലിക്കിക്കോളിൻ.

ശി—സ്വാമികളുടെ ഈ അഭിപ്രായം മററാരെങ്കിലും കേട്ടാൽ സ്വാമികൾ ഇതൊക്കെ പക്ഷഭേദം കൊണ്ടു് പറയുന്നതാണെന്ന് അവർ വിചാരിക്കും.

സ്വാ—അതിലെന്താണ് ആശ്ചര്യം. ഇങ്ങിനെയുള്ള ജാലത്തിൽ കുടുങ്ങി, മയങ്ങി, ബുദ്ധിക്ഷയംവന്ന കൂട്ടക്ക് മറെറന്തുതന്നെ വിചാരിക്കുവാൻ സാധിക്കും!! നിങ്ങൾക്ക് ഈ വക സംഗതികളെല്ലാം എൻെറ കണ്ണിൽ കൂടെ കാണിച്ചുതരുവാൻ എനിക്ക് വളരെ താല്പര്യമുണ്ടു്. എന്തുകാട്ടട്ടെ! അവരുടെ വലിയ വലിയ കെട്ടിടങ്ങൾ നോക്കുക. അവ എത്ര സാധാരണങ്ങളും അർത്ഥശൂന്യങ്ങളും ആയിരിക്കുന്നു. ആ വലിയ സർക്കാർ കെട്ടിടങ്ങൾ തന്നെ നോക്കിയാട്ടെ. അവ എന്താണ്, ഏതേതുഭാഗം ഏതേതിന്നുള്ളതാണ്, എന്നൊ; അതിൻെറ ആവശ്യത്തേയൊ, ഉദ്ദേശത്തേയൊ, സ്വഭാവത്തേയൊ പററിയൊ, പുറത്തുനിന്ന് കണ്ടതുകൊണ്ടു്

നിങ്ങൾക്ക് വല്ലതും പറയുവാൻ സാധിക്കുമൊ? അങ്ങിനെയുള്ള വല്ല സൂചനകളും അ കെട്ടിടം തരുന്നുണ്ടൊ? ഇല്ലേ ഇല്ല. എന്തുകൊണ്ട്? അവ അത്രയ്ക്കുമാത്രം അപ്രതീകങ്ങൾ ആയതുകൊണ്ട്. അവരുടെ വസ്ത്രങ്ങൾ തന്നെ എടുത്തു നോക്കുക. അവരുടെ പററിപ്പിടിച്ചുകിടക്കുന്ന കോട്ടും തുട വരെപ്പോലും ഇറക്കമില്ലാത്ത (അഥവാ ഇറങ്ങിയിരുന്നാൽ തന്നെ ശരീരത്തോടൊട്ടിക്കിടക്കുന്ന) കാലുറയും നിങ്ങളുടെ മനോഭാവപ്രകാരം മര്യാദയ്ക്ക് യോജിച്ചിരിക്കുന്നുണ്ടൊ? എന്ത് സൌന്ദര്യമാണ് അതിലുള്ളത്! ഇനി നിങ്ങൾ ഈ മാതൃഭൂമി മുഴുവനും ഒന്ന് ചുററി സഞ്ചരിച്ചുനോക്കുവിൻ. ഓരോ കെട്ടിടങ്ങളേയും വെവ്വേറെ എടുത്തു നോക്കുക. ഒന്നു കണ്ടാൽ അതു് ഇന്നതാണെന്ന് മനസ്സിലാക്കുവാൻ വല്ല പ്രയാസവും ഉണ്ടൊ? നോക്കണം; എത്രമാത്രം കലാസാമർത്ഥ്യമാണ് നിങ്ങൾ അവിടെ കാണുന്നതു്! അവർ വെള്ളംകുടിക്കുവാൻ സാധാരണമായി ഉപയോഗിക്കുന്ന "ഗ്ലാസും" നമ്മൾ ഉപയോഗിക്കുന്ന മോട്ടയും നോക്കുവിൻ. ഏതിലാണ് അധികം ചിത്രകലാസാമർത്ഥ്യം ഉള്ളതു്? നാട്ടിൻപുറങ്ങളിലുള്ള കൃഷിക്കാരുടെ വീടുകൾ നിങ്ങൾ കണ്ടിട്ടില്ലെ?

ശി—ഞാൻ ധാരാളം കണ്ടിട്ടുണ്ട്.

സ്വാ - അവയ്ക്കുള്ള പ്രത്യേകത എന്താണ്?

ശി—(എന്താണ് പറയേണ്ടതു് എന്ന് അറിയാതെ) വളരെ ശുചിയായിരിക്കുന്നു. ഗൃഹവും മുററവും എല്ലാം ദിവസേന അടിച്ചുതളിച്ചു വൃത്തിയാക്കിയിരിക്കും.

സ്വാ —അവർ നെല്ലുസൂക്ഷിക്കുന്ന പത്തായങ്ങൾ കണ്ടിട്ടുണ്ടൊ? അവയിൽ എത്ര കലാസാമർത്ഥ്യമാണ് അടങ്ങിയിരിക്കുന്നതു്! അവരുടെ മൺചുവരിന്മേൽ തന്നെ എന്തെല്ലാം ചിത്രപ്പണികൾ ഉണ്ട്. ഇതു് കണ്ടുകൊണ്ട്

പാശ്ചാത്യരാജ്യങ്ങളിൽപോയി അവിടുത്തെ താണതരക്കാർ താമസിക്കുന്ന വീടുകൾ ഒന്നു പരിശോധിച്ചു നോക്കുവിൻ. അപ്പോൾ കാണാം വ്യത്യാസം. കാകൻ കാകൻ തന്നെ, പികം പികം തന്നെ. ഇതാണു കാര്യം:—അവർ നോക്കുന്നതു പ്രയോജനം, നമ്മൾ നോക്കുന്നതു കലാസാമർത്ഥ്യം. പാശ്ചാത്യർക്കു എല്ലാററിലും എല്ലാററിന്നും പ്രയോജനം കാണണം. നമുക്കു എവിടെയും ഏതിന്നും വേണ്ടതു കലാസാമർത്ഥ്യമാണു. പാശ്ചാത്യവിദ്യാഭ്യാസത്തോടുകൂടി നമ്മുടെ ഭംഗിയേറിയ ചോട്ടുകളെല്ലാം തിരസ്കരിക്കപ്പെട്ടുപോയി. നമ്മുടെ ഗൃഹങ്ങളിൽ ഇപ്പോൾ അവയുടെ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നതു സ്ഫടികപാത്രങ്ങളാണു. ഇങ്ങിനെ, കേവലം ഹീനമായ നിലയിൽ എന്നുതന്നെ പറയാം, ആ പാശ്ചാത്യ-ഉപയോഗ-ബുദ്ധി നമ്മെ ബാധിച്ചു കഴിഞ്ഞിരിക്കുന്നു എന്നാൽ ഉപയോഗസൌകര്യത്തെ വിസ്മരിക്കാമൊ? അതും പാടില്ല. അതിനാൽ നമുക്കു ഇന്നു അവശ്യമായി തീർന്നിരിക്കുന്നതു ഉപയോഗ സൌകര്യത്തോടുകൂടിയ കലാസാമർത്ഥ്യമാകുന്നു. അവർക്കാകട്ടെ കലാസാമർത്ഥ്യത്തോടുകൂടിയ ഉപയോഗസൌകര്യവും. ജാപ്പാൻകാർ ഇതു്രയും അതിവേഗം സാധിച്ചുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു ആ രാജ്യം അതിവേഗം അഭിവൃദ്ധിപ്പെടുകയും ചെയ്തിട്ടുണ്ടു. ഇപ്പോഴാകട്ടെ ജപ്പാൻകാർ പാശ്ചാത്യരെ അങ്ങോട്ടു പഠിപ്പിക്കുവാൻ തുടങ്ങിയിരിക്കുകയാണു.

ശി—സ്വാമി! ലോകത്തിൽ ആരുടെ വസ്ത്രധാരണരീതിയാണു അധികം നല്ലതു്?

സ്വാ—സംശയമുണ്ടൊ? ആര്യന്മാരുടേതു തന്നെ. ഇതു യൂറോപ്യന്മാർതന്നെ സമ്മതിക്കുന്ന സംഗതിയല്ലെ. നമ്മുടെ വസ്ത്രത്തിൽ തൂങ്ങികിടക്കുന്ന ആ ഞെറികൾ എത്ര കൌതുകമായിരിക്കുന്നു. ലോകത്തിലുള്ള മിക്ക രാജ്യങ്ങളുടേയും രാജകീയവസ്ത്രം ഏറക്കുറെ ആര്യൻ സമ്പ്രദായത്തെ

അനുകരിച്ച് ഉണ്ടാക്കീട്ടുള്ളവയാണ്. ഇങ്ങിനെ ഞെറികൾ വെച്ച് ഉണ്ടാക്കുവാനാണ് ഓരോരുത്തരുടേയും ശ്രമം. അതിരിക്കട്ടെ, എന്റെ സിങ്ങ്ജി ആ യൂറോപ്യൻ ഷർട്ട് (അടിയിൽ ധരിക്കുന്നവസ്ത്രം) ധരിച്ചുനടക്കുന്ന ഇന്നത്തെ പുത്തൻ പരിഷ്കാരമെങ്കിലും ഒന്ന് ഉപേക്ഷിക്കാമൊ?

ശി__അതിനെന്താ ദോഷം സ്വാമി?

സ്വാ__ അതോ, പാശ്ചാത്യർ അതിനെ വെറും അടിഉടുപ്പായി മാത്രമെ ഉപയോഗിക്കാറുള്ളു. അല്ലാതെ അതിന്നു ഉടുപ്പിന്റെ സ്ഥാനമേ ഇല്ല. അതിനെ മാത്രം ധരിക്കുന്നതു അപമര്യാദയാണെന്നാണ് വെച്ചിട്ടുള്ളത്. അതുകൊണ്ടു അവരാരും അങ്ങിനെ ചെയ്യാറുമില്ല; മററാരെങ്കിലും ചെയ്യുന്നതു് അവർക്ക് പഥ്യവുമല്ല. എന്നാൽ നമ്മുടെ നാട്ടുകാർക്കാകട്ടെ അങ്ങിനെ ഒരു വിചാരമേ ഇല്ല. അതു് വലിയ കഷ്ടമാകുന്നു. ആക്കും എന്തും എങ്ങിനേയും ധരിക്കാം; വസ്ത്രധാരണത്തെപ്പററി ലിഖിത പ്രമാണങ്ങൾ ഒന്നും തന്നെ ഇല്ല; നാം അനുകരിക്കേണ്ടതായ പ്രാചീന സമ്പ്രദായങ്ങളും ഒന്നുംതന്നെ ഇല്ല; എന്നപോലെയാണ് ഇപ്പോഴത്തെ നാട്ട്യം. താണജാതിക്കാരുടെ ഭക്ഷണം കഴിച്ചാൽ ജാതിഭ്രഷ്ടാകുന്നതുപോലെ തങ്ങൾക്കു യോജിക്കാത്ത രീതി വസ്ത്രം ധരിക്കുന്നവരെ ജാതിഭ്രഷ്ടരാക്കുവാൻ ഒരു ഏർപ്പാടുണ്ടായിരുന്നു എങ്കിൽ വളരെ നന്നായിരുന്നേനെ. നിങ്ങൾക്ക് നിങ്ങളുടെ സ്വന്ത സമ്പ്രദായത്തിന്നനുസരിക്കുന്ന വിധം വസ്ത്രംധരിച്ചാലെന്താ? യൂറോപ്യന്മാരുടെ മാതിരി ഷർട്ടും കോട്ടും ധരിക്കുന്നതിൽ എന്തു് അർത്ഥമാണ് ഉള്ളതു?

ഗുരുത്വമുള്ള ഭക്ഷണംതന്നെ കഴിക്കണം. ഒരു പാട് ചോറ് അടിച്ചുകയററി വയറ് നിറയ്ക്കുന്നതുകൊണ്ടാണ് നമ്മൾ മടിയന്മാരായിത്തീരുന്നതു്. ജാപ്പാൻകാരെ നോക്കുക! അവർ ദിവസേന രണ്ടുമൂന്നുതവണ പരിപ്പുരസവും കൂട്ടി

ചോറുണ്ണുന്നവരാണ്. ഏററവും കായബലമുള്ളവൻ കൂടേയും ഒരേസമയത്ത് വളരെ കുറച്ചുമാത്രമേ ഭക്ഷിക്കുകയുള്ളൂ. പക്ഷെ അതിനെ പലതവണ ഭക്ഷിച്ചു എന്ന് വരാം. അവരിൽ, ഒരു വിധം കഴിഞ്ഞുകൂട്ടുവാൻ നിവൃത്തിയുള്ളവരെല്ലാം ദിവസേന മാംസം ഭക്ഷിക്കുന്നുണ്ട്. നാം ദിവസേന രണ്ടുനേരവും മൂക്കുമുട്ടെ അടിച്ചുകയററുന്നുണ്ട്. അത്ര അധികം ഭക്ഷണത്തെ ദഹിപ്പിക്കേണ്ടതായി വരുന്ന കൊണ്ട് നമ്മുടെ വീര്യമെല്ലാം അതിന്നായിവൃഥാ നഷ്ടപ്പെട്ടുകയാണ് ചെയ്യുന്നത്.

ശി—നമ്മൾ, ബങ്കാളികൾ, പ്രായേണദരിദ്ര്യന്മാരല്ലെ നമ്മളെക്കൊണ്ട് ദിവസേന മാംസം കഴിക്കുവാൻ സാധിക്കുമൊ?

സ്വാ—എന്തുകൊണ്ട് സാധിക്കുകയില്ല. നിങ്ങൾക്ക് അല്പമെങ്കിലും ഉപയോഗിക്കുവാൻ സാധിക്കയില്ലെന്ന് വരുമൊ? ഒരു ദിവസം അരറാത്തൽകണ്ട് ധാരാളം മതിയാകും. നമ്മുടെ പ്രധാന ദോഷം മടിയാണ്. നമ്മുടെ ദാരിദ്ര്യത്തിൻെറ പ്രധാന കാരണവും അതുതന്നെയാകുന്നു. ഒരു വീട്ടിൽ നാലഞ്ചുപേർ ഉണ്ടെന്നിരിക്കട്ടെ. അവിടെ പണം സമ്പാദിക്കുന്നവൻ ഒരുവൻ മാത്രമായി എന്നും വരാം. മററെല്ലാവരും അവൻെറ സമ്പാദ്യംകൊണ്ട് ഉപജീവിയ്ക്കുന്നവരായിരിക്കും. വല്ലകാരണവശാലും അവൻെറശമ്പളം കുറയുകയൊ അവൻ പെട്ടെന്ന് മരിച്ചുപോകുകയൊ ചെയ്താൽ അവർ ചെയ്യുന്നതെന്താണെന്നറിയാമൊ? ഒന്നുകിലൊ കുട്ടികൾക്ക് കൊടുക്കുന്ന പാലിൻെറ തുകകുറയ്ക്കും; അല്ലെങ്കിൽ ഒരു നേരം കഞ്ഞിയാക്കും. അതുതന്നെ.

ശി—അല്ലാതെ അ സാധുക്കൾ എന്തുചെയ്യാനാണ്. സ്വാമി?

സ്വാ—എന്തു ചെയ്യാനാണെന്നോ? മററുള്ളവർക്ക് നല്ലതുപോലെ തെണ്ടിച്ചുകൂടയോ? എന്നാൽ ഭക്ഷണംകുറയ്ക്കേണ്ടിവരുമൊ? പക്ഷെ, അതൊന്നും അവർ ചെയ്യുന്നില്ല. തെണ്ടിനടന്നു് സമയം കളയുകയേ ഉള്ളൂ. എന്തുകാട്ടം! അതിന്നാണു് വാസന. മഹാകഷ്ടം! അവർ എന്തു് അപരാധമാണു് പ്രവർത്തിക്കുന്നതു് അവർ അറിഞ്ഞിരുന്നു എങ്കിൽ എത്രഭാഗ്യമായിരുന്നു!.

---

ഈ പുസ്തകത്തിന്റെ സർവ്വാവകാശവും കൊല്ലം "വിദ്യാഭിവർദ്ധിനി"
അച്ചുക്കൂടം ഉടമസ്ഥരിൽ ഇരിക്കുന്നു.

110